

എൻ ചുടുചോര പേർത്തിറ്റിറ്റുവീഴുമാ
സഞ്ചാരമാർഗ്ഗത്തെ സംസ്മരിയ്ക്കെ
ഓരോ കരിങ്കൽ നുറുങ്ങുമെൻ കാലുകൾ-
ക്കോരോ മഹേശ്വരലിംഗമായി
പുല്ലിൻ കൊടികളോരോന്നുമെൻ കണ്ണിലാ
കല്യാണകൃഷ്ണന്റെ മെയ്‌വടിവായ്

നാലപ്പാട്ട് നാരായണമേനോൻ

കവർചിത്രത്തിന്റെ കഥ

നാലപ്പാട്ടെ ആദ്യകവി അമ്മാളു എന്ന കുട്ടിച്ചെറിയമ്മയുടെ ആരാധനമൂർത്തിയായി നാലപ്പാട്ടെ പഴയമച്ചിലുണ്ടായിരുന്ന കൃഷ്ണചിത്രം. (നാലപ്പാട്ട് നാരായണമേനോന്റെ അമ്മ മാധവിഅമ്മയുടെ അനുജത്തിയാണ് അമ്മാളു എന്ന കുട്ടിച്ചെറിയമ്മ)

കുട്ടിച്ചെറിയമ്മയുടെ കൃഷ്ണകവിതകളും കേട്ട് അവരുടെ കൈപിടിച്ച് പിച്ചവെച്ചു, പാമ്പിൻകാവിലും മുറ്റത്തും നടന്ന കുട്ടനും കൊച്ചുവുമാണ് നാലപ്പാട്ടെ അമ്മാമനും അമ്മമ്മയും.

അമ്മാളു അവിവാഹിതയായി കഴിയാനാണ് ഇഷ്ടപ്പെട്ടത്. മീരയെപ്പോലെ, രാധയെപ്പോലെ, ആണ്ടാളെപ്പോലെ കൃഷ്ണനാണ് തന്റെ വരനെന്നു നിശ്ചയിച്ച്

കൃഷ്ണകവിതകളെഴുതിയും ഏകാദശിനോറ്റും ജീവിതം നയിച്ചു. അമ്മ മരിക്കുന്നതിനു മുമ്പ്, അമ്മാളു ആരാധിച്ചിരുന്ന ഫോട്ടോ എനിക്ക് തന്നിട്ട് പറഞ്ഞു, ഇത് നന്റെ കയ്യിയാണ് ഇനി ഇരിക്കേണ്ടതെന്ന്. എന്തുകൊണ്ടെന്നറിയില്ല അമ്മമ്മയും അമ്മയും എന്നെ അമ്മാളുവിന്റെ പുനർജന്മമാണെന്ന്വിശ്വസിച്ചിരുന്നു.

ജ്ഞാനഭക്തികർമ്മയോഗങ്ങളുടെ വിധാതാവായ കൃഷ്ണനുമായി നാലപ്പാട്ടെ സ്ത്രീകളെല്ലാം പ്രണയത്തിലാണ്. അമ്മാളുവിന്റെ പെട്ടിയിൽ ആംബർഗ്രിസ് എന്ന ഒരു വസ്തുവും, കൃഷ്ണാ നിനക്കു തരാനായി എന്റെ കയ്യിൽ പരിശുദ്ധമായ ഈ ശരീരവും ആത്മാവുമല്ലാതെ മറ്റൊന്നുമില്ല എന്നാരംഭിക്കുന്ന കവിതകളെഴുതിയ കുറേ മഞ്ഞച്ച കടലാസുകെട്ടുകളുമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല.



സപ്തതിയുടെ നിറവിൽ...
നിറപുഞ്ചിരിയോടെ....





പ്രസാധകകുറിപ്പ്

വിത്ത് കണ്ടാൽതന്നെ അതിന്റെ തരവും ഇനവും വളർച്ചയും പ്രവചിക്കുന്നവരാണ് മികച്ച കർഷകർ. ഭൂമിയിൽ വന്നുവീണ ഒരു ആത്മവിത്തിന്റെ വളർച്ച പ്രവചിക്കാൻ കഴിയുന്നവരാണ് യഥാർത്ഥ ഗുരുനാഥന്മാർ.

ഇവിടെ സപ്തതിയിലെത്തിയ ഒരാത്മാവിന്റെ വളർച്ച ആദ്യഘട്ടത്തിൽതന്നെ പ്രവചിച്ചവരുണ്ട്; ആ വളർച്ചയുടെ വിവിധ ഘട്ടങ്ങൾക്കു സാക്ഷ്യം വഹിച്ചവരും വിലയിരുത്തിയവരുമുണ്ട്; കൂടെവളർന്നവരും, വൃക്ഷത്തണലും കുളിരും ഏറ്റുവളർന്നവരുമുണ്ട്. വൃക്ഷത്തിന്റെ മഹിമാനം അറിയാതെ അതിന്റെ നേർക്ക് കല്ലെറിഞ്ഞ വികൃതിക്കുട്ടികളുമുണ്ട് ഓരോരുത്തരുടെയും കാഴ്ചപ്പാടിൽ ഈ ജീവിതവൃക്ഷത്തിന്റെ ചരിത്രം ഇതൾ നീർത്തുന്നു.

ടീം ഉപാസിക

സന്ദേശം

ഡോ. സുവർണ്ണ നാലപ്പാട്ട് സാമൂഹ്യ പ്രതിബദ്ധതയുള്ള ജീവിതം ജനങ്ങൾക്കായി ഉഴിഞ്ഞുവച്ച മനുഷ്യത്വത്തിന്റെ പ്രതിഛായയാണ് എന്ന് എനിക്ക് നിസ്സംശയം പറയുവാൻ കഴിയും. വേദനയിൽ കഴിയുന്ന അനേകം ജീവിതങ്ങൾക്ക് ഒരു ഡോക്ടറുടെ സ്നേഹം മ്യൂസിക് തെറാപ്പിയിലൂടെ, സ്നേഹ സ്പർശത്തിലൂടെ ഡോ. സുവർണ്ണയ്ക്ക് നൽകുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനപൂർവ്വം ഞാൻ ഓർക്കുന്നു. നാലപ്പാട്ട് തറവാടിന്റെ ആഭിജാത്യവും പ്രതിബദ്ധതയും കേരള മണ്ണിനോടും മണ്ണിന്റെ മക്കളോടും ആവോളം സുവർണ്ണ നാലപ്പാട്ട് സമർപ്പിച്ചിട്ടുണ്ട്. സ്വപ്നങ്ങൾ മനസ്സിൽ സൂക്ഷിക്കുവാനുള്ളതല്ല, മറിച്ച് പ്രവർത്തിയിലൂടെ പ്രവർത്തന മണ്ഡലത്തിൽ സംഭാവന ചെയ്യേണ്ടതാണ് എന്ന് തെളിയിച്ച ഉത്തമമാതൃകയാണ് ഡോ. സുവർണ്ണ നാലപ്പാട്ട്. എന്നെ സംബന്ധിച്ച് മനസ്സിൽ എവിടെയോ ഞാൻ അറിയാതെ വന്നെത്തിയ എന്റെ ജ്യേഷ്ഠ സഹോദരിയാണ് ഡോ. സുവർണ്ണ നാലപ്പാട്ട്. സംസ്കൃത സർവ്വകലാശാലയ്ക്ക് ശ്രീമതി സുവർണ്ണനാലപ്പാട്ടിനോടും നാലപ്പാട്ട് കുടുംബത്തിനോടുമുള്ള കടപ്പാട് വളരെ വലുതാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടതാണ് പുസ്തകങ്ങൾ ജീവിതത്തിൽ സ്വന്തമായി നേടിയതും വായിച്ചതും, അറിഞ്ഞതും, കണ്ടെത്തിയതും എഴുതിയതുമായ ഗ്രന്ഥങ്ങളുടെ ശേഖരം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശായ്ക്ക് ഉപാധികളില്ലാതെ സംഭാവനചെയ്ത എന്റെ സഹോദരിയോട് ഞാനും സർവ്വകലാശാലയും കടപ്പെട്ടിരിക്കുന്നു. സർവ്വകലാശാലയിലെ വൈവിധ്യമാർന്ന പഠന ശ്രേണിയിൽ നിലകൊള്ളുന്ന സർവ്വകലാശാലാവിദ്യാർത്ഥികൾക്കും വരാൻ പോകുന്ന വിദ്യാർത്ഥിസമൂഹത്തിനും കാലങ്ങളോളം അമൂല്യമായിരിക്കും ഈ പുസ്തകശേഖരങ്ങൾ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഇന്റർനാഷണൽ സ്കൂൾ ഓഫ് ശ്രീ ശങ്കരാസ്റ്റഡീസിന്റെ പ്രവർത്തനങ്ങൾക്ക് ഡോ. സുവർണ്ണ നാലപാട്ടിന്റെ സേവനം കാംക്ഷിക്കുകയാണ്. ആയുസ്സും, ആരോഗ്യവും ചേച്ചിക്ക് ദൈവം പ്രദാനം ചെയ്യട്ടേയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു

സ്നേഹത്തോടെ

സ്വന്തം

ദിലീപ്

ഡോ. എം.സി ദിലീപ് കുമാർ

വൈസ് -ചാൻസിലർ

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

ആശംസ

നാലപ്പാട്ട് തറവാടിന്റെ വൈജ്ഞാനിക പൈതൃകം കൂടുതൽ തിളക്കത്തോടെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ മഹത്തായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന വ്യക്തിയാണ് ശ്രീമതി ഡോ. സുവർണ നാലപ്പാട്ട്. കല, തത്വചിന്ത, ദർശനം, ചരിത്രം എന്നീ മേഖലകളിൽ അന്യാദൃശമായ ഗവേഷണ തൽപ്പരതയാണ് സുവർണ നാലപ്പാട്ട് പ്രകടിപ്പിക്കുന്നത്. 'പത്മസിന്ധു' എന്ന പേരിൽ പ്രസ്ഥാനത്രയത്തിന് ഭാഷ്യമെഴുതിയ ആദ്യ വനിതയായ സുവർണയുടെ ഗ്രന്ഥങ്ങൾ ഭാരതീയ സംസ്കാരത്തിന്റെ ഈടുവയ്പ്പുകളാണ്. സപ്തതി ആഘോഷിക്കുന്ന ഈ മഹിളാരത്നത്തിന് തന്റെ ജ്ഞാനതപസ്സ് അഭംഗുരം തുടരാൻ ദീർഘായുസ്സ് നൽകി ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

തിരുവനന്തപുരം
05.04.2017

പി. പരമേശ്വരൻ
ഡയറക്ടർ
ഭാരതീയ വിചാരകേന്ദ്രം

ഉത്തമകവിത നശ്വരശാശ്വതസത്തകളെ
ഉൾക്കൊള്ളുന്നതാവണമെന്നാണ് മഹർഷി
അരവിന്ദന്റെ അഭിപ്രായം: സത്യം, സൌ
ന്ദര്യം, ആനന്ദം, ജീവിതം, ആത്മാവ്. എ
ന്നിവയെ. ഇതാകെ സമഗ്രമായൊരു ദർശ
നവും അതിന്നടിസ്ഥാനം. ഈ സിദ്ധാ
ന്തത്തെ സാക്ഷാത്കരിക്കാനാണദ്ദേഹം
സ്വന്തം കൃതികളിലൂടെ ശ്രമിച്ചതും വിജയി
ച്ചതും.

യോഗിയാവുന്നതിനു മുമ്പുതന്നെ താൻ
കവിയായിരുന്നെന്നദ്ദേഹം പറയുന്നുണ്ട്. പ്ര
കൃതിദൃശ്യങ്ങളിൽ സവിശേഷതാല്പര്യവും
ഉദാത്തഭാവനയും അദ്ദേഹത്തിന്ന് സ്വാ
ഭാവികമായിരുന്നു. ദേവന്മാരും മനുഷ്യരും
അസുരരും ഇടകലർന്നു ജീവിക്കുന്ന ഒരെ
തിഹാസികലോകമാണ് തന്റെ കല്പകാ
വ്യങ്ങളിൽ ആവിഷ്കരിക്കപ്പെടുന്നത്. ഗ്രീസി
ലെയും ഇന്ത്യയിലെയും പൌരാണിക കഥക
ളുടെ പശ്ചാത്തലത്തിൽ അവ [illegible]
ളായ ദൈവതാരിക [illegible] ങ്ങളേയും അവയു
ടെ സ്വാഭാവിക ദുഃഖപരിണാമങ്ങളേയും പുന്ന
ക്കാതെ [illegible] തന്നെ, [illegible]
യും [illegible] ആദേശമായ സമുദ്രത്തിലേക്കു തന്നെ
യെന്ന് വ്യക്തമാകുന്നുണ്ട്.

[illegible] നെടിയ കവിതകളിൽ
[illegible]

ഒരു സാധാരണ വായനക്കാരനെപ്പോലെ, സ്വാഭാവിക കഥാഗതിയെക്കാളുപരി ഞാൻ ശ്രദ്ധിച്ചത് ആവിഷ്കൃതമാകുന്ന ആത്മീയ പരിണാമം വ്യക്തമാക്കുന്ന ബുദ്ധമതത്തിന്റെ ദർശനങ്ങളാണ്. അവ വായിക്കുന്നത് ഹൃദയസ്പർശിയാണ്. ഒരു മനസ്സാന്ത്വനം തന്നെ.

ആശാന്റെ സാഹിത്യ സൗന്ദര്യത്തിൽ നിന്ന് കിട്ടിയ, എത്രയോ പൂർണ്ണ ശോഭയാർന്ന, ഒരു സ്ഥലത്തിൽ നിന്നാണ് സ്വപ്നങ്ങൾ ഈ കവിതകൾ പരിപോഷണം ചെയ്യുന്നത്. നവയുഗത്തിലെ ഉജ്ജ്വല ഭാവത്തിന്റെ വിശിഷ്ട കൃതികളെ ഇംഗ്ലീഷിലാക്കി ലോകത്തിന് ആസ്വദിക്കാനാവണമെന്ന ഉദ്ദേശത്തോടെ. ശ്രീ അരവിന്ദന്റെ ആത്മീയ ദർശനത്തിലും ആത്മീയ സാരസ്വത ചിന്തയുടെ സമഗ്രാവിഷ്കാരമെന്ന് കരുതപ്പെടുന്ന ഇതിഹാസം 'സാവിത്രി' ഇംഗ്ലീഷിൽ വിവർത്തനം ചെയ്യപ്പെട്ടതായി ഞാൻ കണ്ടിട്ടില്ല.

ഔദ്യോഗിക കാര്യങ്ങൾക്കിടയിലും സാഹിത്യസേവനം സമാന്തരമായി തുടർന്നു പോരുന്ന ഈ കുടുംബിനി ഇതിനായി വിനിയോഗിച്ച സമയവും പ്രയത്നവും തികച്ചും സഫലമായെന്ന് എനിക്കുറപ്പുണ്ട്.

ബാലാമണിയമ്മ.

THE MATHRUBHUMI PRINTING & PUBLISHING CO. LTD.
MATHRUBHUMI BUILDINGS

TELEGRAMS: MATRUBHUMI, KOZHIKODE.
TELEPHONE: CALICUT 112 & 412.

CALICUT-1, 24-3-61.

ശ്രീ

പ്രിയപ്പെട്ട [illegible],

[illegible] വിവരം [illegible] സന്തോഷം അറിയിക്കുന്നു. ഒരു ഫോട്ടോ, [illegible] ലേഖനം [illegible] പ്രസിദ്ധപ്പെടുത്തുന്നതാണ്.

[illegible]

സസ്നേഹം,
[illegible]

Kozhikode.
2.5.1960.

പ്രിയപ്പെട്ട [illegible],

കത്തു കിട്ടി. നല്ലവണ്ണം പഠിക്കുന്നുണ്ടെന്നറിഞ്ഞ് സന്തോഷിക്കുന്നു. first ക്ലാസിൽ തന്നെ ജയിക്കണം.

[illegible] 'വനിത' [illegible]

[illegible]

[illegible]

'ദേശബന്ധു' ചിത്രവാരിക കിട്ടുന്നുണ്ടോ? [illegible] 'നാലുകെട്ടാണ്' ഞാൻ വായിച്ചു. നല്ല നോവലാണ്. വായിക്കേണ്ടതു തന്നെ.

ഇനി നിർത്തട്ടെ. എന്നു സ്നേഹത്തോടെ
സ്വന്തം വലിയമ്മ.

അവതാരിക

പരിശുദ്ധമായ ഭാഷാസാഹിത്യക്ഷേത്രത്തിലേയ്ക്ക് ഏതാനും കൊച്ചുതാമരപ്പൂക്കളുമായി ഒരു നവാരാധിക ഉറച്ചുകഴിഞ്ഞിട്ടില്ലാത്ത കാൽവെപ്പുകളോടെ മന്ദംമന്ദം കടന്നുവരികയാണ്, ആരാധനയ്ക്ക്. അവളുടെ തറവാട്ടിൽ മഹാരഥന്മാരായ സാഹിത്യപുരോഹിതന്മാരുണ്ടായിരുന്നു. ഇന്നും ഉണ്ട്. അവരുടെ പാരമ്പര്യത്തിൽനിന്ന് ഉടലെടുത്തതായിരിക്കണം ഈ പത്തുവയസ്സുമാത്രം പ്രായമുള്ള കൊച്ചുകുഞ്ഞിന്റെ സാഹിതീഭക്തി. അവൾ ആദ്യമായി അർച്ചനക്ക് കൊണ്ടുവരുന്ന താമരപ്പൂക്കൾക്ക് പരിമളം കുറവായിരിക്കാം; അഴക് പോരായിരിക്കാം. അവളുടെ കൊച്ചുപാദങ്ങൾക്ക് വേണ്ടത്ര കെട്ടുറപ്പില്ലായിരിക്കാം. എങ്കിലും അവളുടെ അകളങ്കമായ ഭക്തിയും അനന്യസാധാരണമായ ആത്മാർത്ഥതയും അധൃഷ്യമായ അഭിനിവേശവും അഭിനന്ദനീയമല്ലേ?

സുപ്രസിദ്ധമായ നാലപ്പാട്ടുകുടുംബത്തെ കേരളീയർക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ദിവംഗതനായ മഹാകവി നാലപ്പാട്ട് നാരായണമേനോൻ അവർകളുടെ ഭാഗിനേയിയുടെ മകൾ, ബാലാമണിയമ്മയുടെ സഹോദരീപുത്രി, അമ്മിണിയമ്മയുടെ മകൾ, കമലയുടെ ഇളയമ്മയുടെ മകൾ, അതാണ് ഈ കൊച്ചുകവയിത്രി സുവർണ്ണ—വന്നേരി ഹൈസ്കൂളിൽ എട്ടാം സ്റ്റാൻഡേർഡിലെ ഒരു വിദ്യാർത്ഥിനി—അതേ നാലപ്പാട്ടുകുടുംബത്തിൽനിന്ന് ഭാഷാസാഹിത്യഭണ്ഡാരത്തിലേയ്ക്ക് മുതൽക്കൂട്ടുന്ന സുദീർഘമായ ചങ്ങലയ്ക്ക് ഒരു കണ്ണികൂടി!

ii

ഈ കൊച്ചുപുസ്തകത്തിന്ന് ഒരവതാരിക എഴുതിക്കൊടുക്കേണമെന്ന ആവശ്യം—അതിനുള്ള അർഹത എനിക്ക് എന്താണുള്ളതെന്ന് എനിക്കുതന്നെ മനസ്സിലായിട്ടില്ല—സ്വീകരിക്കാതിരിപ്പാൻ എനിക്കു കഴിഞ്ഞില്ല. ഈ “താമരപ്പൂക്ക”ളുടെ സൌരഭ്യത്തിൽനിന്ന് “സുവർണ്ണ”യുടെ നാമം അന്വർത്ഥമാകുമാറ് സുശോഭനമായ ഒരു ഭാവി അവളെ മാടിവിളിക്കുന്നുണ്ടെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പ്രകൃതിദൃശ്യങ്ങൾ കവിഹൃദയത്തിലുളവാക്കുന്ന വികാരതീവ്രതയെ അതേപടി അനുവാചകഹൃദയങ്ങളിലും ഉളവാക്കുവാനുള്ള കഴിവതാണ് കവിയുടെ വിജയത്തിന്ന് നിദാനമെങ്കിൽ അതിനുള്ള കഴിവ് താമരപ്പൂക്കൾ വിരചിച്ച കരങ്ങൾക്കു വിളംബംവിനാ കൈവരുമെന്നു ദീർഘദർശനംചെയ്യുവാൻ മടിക്കേണ്ടതില്ല.

സുവർണ്ണക്ക് സുശോഭനമായ ഒരു ഭാവി സർവ്വാത്മനാ ആശംസിച്ചുകൊണ്ട് ഈ കൊച്ചുതാമരപ്പൂക്കൾ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പുന്നയൂർക്കുളം, } എന്ന്, വിധേയൻ
16—7—'57. } പുന്നയൂർക്കുളം, വി. ബാപ്പു.

[illegible]

10 - X - 65

[illegible],

[illegible]

[illegible]

G. Sankara Kurup

पोस्ट कार्ड
POST CARD

केवल पता
ADDRESS ONLY

6 nP

...ULAM

TRICH...

Miss N. Suvarna,
B.Sc.,

NALAPPAT,

P.O. Punnayurkulam

[illegible]

Swami Raganathanantha



RAMAKRISHNA MATH
DOMALGUDA
HYDERABAD-500 029

14-9-1979

My dear Suvarna Nalappat,

Your letter of 10-10 (9?)-79 to hand. I returned from my annual 10-week lecture tour of Holland, Belgium, U.S.A., Australia, and Singapore on the 11th.

I am glad to read about your spiritual progress and the strength and self-confidence you have gained through the Grace of the Lord.

I have enjoyed your book and I find it thoughtful and scholarly; I hope it will be read widely by our Kerala public.

You may secure a copy of my latest book on The Science of Human Energy Resources from The Indian Institute of Public Administration, Indraprastha Estate, New Delhi who has published my earlier one: Social Responsibilities of Public Administrators. Each is priced below about Rs 2.50.

You may also get from Swami [illegible], with 2 or 3 weeks, my 7 L.P. records expounding Chapters 2 and 3 of the Gita, with the verses in [illegible] sung by Bala Murali Krishna of Madras music world.

With love and best wishes
Ranganathananda

Srimati Suvarna Nalappat
author of: Amrita Jyoti
c/o Norman Printing Bureau
Kozhikode, (Kerala)

पिन PIN

SRI RAMAKRISHNA ASHRAMA
VILANGAN, PURANATTUKARA P. O., 680551,
DT. TRICHUR. KERALA STATE.

Phone: 20646

Date 29 - 12 - 1978.

Ref No.

CAMP : TRICHUR

To
Dr.(Mrs) Suvarna Nalappat,
State Bank Colony,
Kottooly, - CALICUT-16.

My dear Suvarna,

I am glad to read your letter of the 28th, conveying your interesting and relevant questions. But to answer them satisfactorily through a mere letter is extremely difficult. On the other hand, personal discussion for five minutes would have been enough to clarify them. However, I am answering them, the second onwards, one by one below :-

Question 2 : The first duty of a working woman is to her work, to the discharge of her responsibilities to her work, which pays her salary or maintenance and by which she serves the nation. Family comes only next in importance. A non-working woman, staying in the family, can alone make her family her primary concern.

Question 3 : Yes, the Vedanta teaches the truth that the Atman in all is sexless; sex pertains only to the body. About a healthy relationship between man and woman in married life, please read :-

O U R   W O M E N
B Y
SWAMI VIVEKANANDA

and the lectures relating to women in the Indian context in my book :-

ETERNAL VALUES FOR A CHANGING SOCIETY.

Question 4 : A spiritually inclined woman can change her worldly husband into a spiritual person by her dynamic spiritual influence, expressed through her loving concern and devoted service.

Question 5 : Freedom from all religion is attained only when one fulfills religion, when one achieves full spiritual growth. Religious fanaticism and political communalism retard man's spiritual growth and fulfilment; it has to be overcome before our people can become truly religious, truly spiritual.

I may suggest that you may next read carefully two books, namely, Karma Yoga by Swami Vivekananda and Eternal Values For A Changing Society by me, besides Our Women by Swami Vivekananda suggested earlier.

With love and best wishes,

Yours in the Lord,

Ranganathananda

ഒ. എൻ. വി. കുറുപ്പ്
ഇന്ദീവരം, കോട്ടൺ ഹിൽ
തിരുവനന്തപുരം-695 014

൧൬. ൧൨. ൧൯൯൬

മാന്യസഹോദരി ഡോ: സുവർണ്ണക്ക്,

സ്നേഹപൂർവ്വമയച്ച കാർഡും പേനയും കിട്ടി. നന്ദിയും സ്നേഹവും സന്തോഷവും ഈ കത്തിലൂടെ അറിയിക്കട്ടെ.

ഉജ്ജയിനിയെക്കുറിച്ച് നിരവധി കത്തുകളും നിരൂപണങ്ങളും ഇതിനകം കിട്ടിയിട്ടുണ്ട്. എന്നാൽ, ഇത്രയും സമഗ്രമായ ഒരു ആസ്വാദനം ഇതാദ്യമായിട്ടാണ്. 'ആപരിതോഷാദ്വിദുഷാം / ന സാധു മന്യേ പ്രയോഗവിജ്ഞാനം — എന്ന കാളിദാസന്റെ [illegible] പൊരുൾ ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. എന്റെ യത്നം 'സാധു'വായി എന്ന ചാരിതാർത്ഥ്യം അനുഭവപ്പെടുത്തിത്തന്നതിന് ഒരിക്കൽക്കൂടി നന്ദി പറയുന്നു.

നാലഞ്ചു ബുക്കിൽ ഒരു പുസ്തകം തന്നാൽ സന്തോഷിക്കയേയുള്ളൂ. എന്നാൽ ഉടനെ കഴിയുമെന്ന് പറയാൻ ധൈര്യം പോരാ; കാരണം: മറ്റു ചില പ്രബന്ധങ്ങൾക്ക് വന്നു പോയ [illegible] വായിക്കാൻ സമയം വേണ്ടിയിരിക്കുന്നു. ഇത്രനാളും ചെന്നൈയിൽ സ്ഥലത്തില്ലായിരുന്നു. ഇന്നു നാലാം [illegible] മാത്രമാണ് — അല്ലേ!

സൗകര്യം പോലെ എഴുതുമല്ലോ. — സ്നേഹാദരങ്ങളോടെ,

[illegible signature]



[illegible]

25-2-'61



Pious, deligent and deep
in thought.
may ever shine as
"Sevarnam"

[illegible]


1-3-67


മലയാള സാഹിത്യ നഭോമണ്ഡ-
ലത്തിലെ ഉജ്ജ്വലതാരമായി
With best wishes

www.manoramaonline.com

Malayala Manorama

Mammen Mathew
Chief Editor

P B No. 26, Kottayam 686 001, Kerala India
Phone: +91-481-2563646, Fax: + 91-481-2565610
E-mail: mammenmathew@manorama.com

ഒക്ടോബർ 17, 2010

ഡോ. സുവർണ നാലപ്പാട്ട്

പ്രിയപ്പെട്ട ഡോ.സുവർണ,

നാലപ്പാട്ടെ സുവർണയെ മനോരമയുടെ വിദ്യാരംഭത്തിനു ഗുരുവായി ഞങ്ങൾ സ്വീകരിക്കുന്നത് തികഞ്ഞ അഭിമാനത്തോടെയാണ്. ആ സന്മനസ്സിന് എല്ലാ സഹപ്രവർത്തകരുടെയും പേരിൽ നന്ദി അറിയിക്കട്ടെ.

ആ വിരൽത്തുമ്പിൽനിന്ന് ആദ്യക്ഷരം ഏറ്റുവാങ്ങിയ കുഞ്ഞുങ്ങളുടെ സന്തോഷംകൂടി ഈ കത്തിൽ ചേർത്തുവയ്ക്കുന്നു.

സ്നേഹപൂർവം,

Mammen Mathew

മാമ്മൻ മാത്യു

സാന്ദ്രാനന്ദത്തെ കുറിച്ച് അഴിക്കോട് :-



സാന്ദ്രാനന്ദത്തെ കുറിച്ച് അക്കിത്തം :-



[illegible] കുട്ടികൃഷ്ണമാരാർ 'ഭാരതപര്യടന'ത്തിൽ [illegible]
[illegible] നായികയെക്കുറിച്ച് ഉപലബ്ധിയാണ് [illegible]
'[illegible]' എന്ന പ്രാർത്ഥനയിലെ [illegible]
[illegible] 'സംഗ്രഹ'ത്തിലെ [illegible]
[illegible] സമകാലീനതയ്ക്ക് ഉദാഹരണം.

സംഗ്രഹത്തിലെ [illegible]
[illegible] കവിതകൾ [illegible]
[illegible] കവിതയുടെ [illegible]
കവിതയിലൂടെ [illegible]. [illegible]
[illegible] വായനക്കാർ [illegible]
[illegible]
[illegible]
[illegible] വെളിച്ചം
[illegible]
[illegible] സവിനയം

[illegible]
[illegible] കവിതകളിൽ [illegible]
[illegible]
[illegible] വായന
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
5-5-58
[illegible]

ചിലമ്പാറിന്റെ ചിലമ്പൊലിക്ക് സുകുമാർ അഴിക്കോടിന്റെ അവതാരികയിൽനിന്ന്


-6-

(pathology)

11-6-1994

മാധവിക്കുട്ടി

കൊച്ചി
27/7/96

പ്രിയ സുരേഷ്

[illegible] ഒരു [illegible]
[illegible] വെച്ച് മാർച്ച് 3ാം തിയതി
[illegible] സാഹിത്യകാരന്മാർക്ക് കൊടുക്കുന്ന
ണ്ട്. അതിൽ സുരേഷും വരുമോ? [illegible]
[illegible] വലിയ [illegible] ലഭിക്കും. [illegible]
[illegible]
[illegible] വരുന്നുണ്ട്. [illegible]
[illegible]
[illegible] കൊണ്ടു
[illegible] കൊണ്ടു
[illegible].

തിരുവനന്തപുരത്ത് പോയിരു
ന്നു. [illegible]. സുരേഷും 12ന്
[illegible].

വരുന്ന [illegible].
[illegible]
[illegible] തിയതി [illegible]
[illegible] സെന്റ് [illegible] കോളേജിൽ
(St Berkmans) ഒരു [illegible]
[illegible] കൂടുന്നുണ്ട്.
[illegible]
[illegible] കോളേജിലെ Dr Paul Love
വരുന്നുണ്ട്. [illegible]
[illegible] വരുന്ന [illegible]

KAMALA DAS

Sthanu Vilas Bungalow
Sasthamangalam
Trivandrum – 695 010
Phone 63592

9/10/91

[illegible]

കൈതപ്രം ദാമോദരൻ നമ്പൂതിരി



നമഃ ശിവായ

ബഹുമാനപ്പെട്ട

Dr സുവർണ്ണ നാലപ്പാട്ടിന്

ഉൾക്കാഴ്ച സമ്പന്ന

മാത്ര

സംഗീത ചികിത്സയിൽ

സ്വാതി കൃതികളെക്കുറിച്ച്

ഉം ഉൾക്കാഴ്ചയും

സുന്ദരവുമായ പഠന

ത്തിനും ഭാവുകങ്ങൾ

നേരുന്നു

സസ്നേഹം

കൈതപ്രം

20933

98470 90933

ഗുരുനിത്യചൈതന്യയതി



NARAYANA GURUKULA

GURU NITYA CHAITHANYA YATI
NARAYANA GURUKULA
FERNHILL P. O. NILGIRIS
TAMILNADU, INDIA. 643004
TEL: (0423) 3088

HEADQUARTERS AND SECRETARIATE
SRINIVASAPURAM P. O.
VARKALA, KERALA
INDIA. 695145
TEL: (04724) 2398

3.12.1995

[illegible]

Nitya

Brihadaranyakopanishad.
II Muni Kandam [illegible]

[illegible]

N.

ഒ.എൻ.വി. കുറുപ്പ്

തിരുവനന്തപുരം. 14
4. മാർച്ച് - 1996

പ്രിയപ്പെട്ട ശ്രീമതി സുവർണ്ണയ്ക്ക്,

[illegible] ദിവസം മുമ്പാണ് ഒരു ദുഃഖവർത്തമാനം അറിയാനിടയായത്. ആകസ്മികമായിക്കണ്ട ശ്രീമതി [illegible]യുമായി സംഭാഷണം നടത്തുന്നതിനിടയിൽ അവർ പറഞ്ഞതാണത്. സുവർണ്ണയുടെ ജീവിതത്തിലുണ്ടായ ആഘാതത്തിൽ എന്റെ അഗാധമായ ദുഃഖം അറിയിക്കട്ടെ. ഇപ്പോൾ ഉൾക്കരുത്ത് വീണ്ടെടുത്തിട്ടുണ്ടെന്നറിയുന്നു. ഈ കാര്യം മഹാകവിയുടെ വീട്ടിലെ കൂട്ടുകാരോടൊപ്പമറിഞ്ഞു. ഇനി എല്ലാവരെയും ഉൾക്കരുത്തോടെ നേരിടാനാകട്ടെ എന്ന് ആശംസിക്കുന്നു.

'ഉണ്ണുനീലി' യെപ്പറ്റി എഴുതിയ യാത്ര ഒരു അനുഭവമാണ്, അതുപോലെത്തന്നെ ഉറക്കെ ചൊല്ലുന്ന ഒരു പഠനം കൂടിയാണ് - അത് ഉൾക്കൊണ്ട കാവ്യങ്ങൾ കൂടെയോ, കെ.സി. കേശവപിള്ളയുടെ 'കൈരളി' കൂടെയോ പ്രകാശിതമായിക്കാണാനാഗ്രഹിക്കുന്നു. അതിനെപ്പറ്റി സുവർണ്ണയുടെ അഭിപ്രായം അറിയിക്കുമല്ലോ.

മകൾ ഇപ്പോൾ എവിടെയാണ്? - പഠിക്കുന്നുണ്ടോ? - അമ്മ നാലുകെട്ടിലിരിക്കാമോ? - സുകൃതം പോലെ ഒരു മകൾ ഉണ്ടല്ലോ. എന്റെ പുതിയൊരു കാവ്യം — 'സ്വയംവരം' — ഇതോടൊപ്പം അയക്കുന്നു. എന്ന്

സ്നേഹപൂർവ്വം
[signature]

ഇന്ദീവരം, കോട്ടൺ ഹിൽ, തിരുവനന്തപുരം - 695 014 ഫോൺ : 0471 - 62579

ററവറന്റ് ഫാദർ ജി. വെർമ്യൂലാൻ



Rev. G. Vermeulen
Catholic Church
Kottala 518517
18 March 1982

Dear Dr. Suvarna,

Many thanks for your long and extensive letter and the list of publications I can contact for further information. You have indeed taken much care in giving so much information. I am about 30 years in India apart from some time for leave in Holland and I am very interested in many aspects of Indian Culture Customs and outlooks. I am not particularly a student in these matters for research purposes but rather my somewhat deeper interest in the many aspects of Indian Culture and outlook which I find very interesting made me write you. I read therefore with great interest articles like you wrote in the Hindu. I sincerely thank you once more for your long letter. As you wrote about the search for knowledge and wisdom it is sure that the Truth is One and the fulness of it we only will find in God. With my thanks I offer you my wish and prayer that your service so to the Lord may bring you His everlasting Bliss

I remain yours sincerely
G. Vermeulen

മാടമ്പ് കുഞ്ഞുകുട്ടൻ

25 2 1984

ബഹുമാന്യ.

കത്ത്. സന്തോഷം.

സർ ജോൺ വുഡ്റൂഫ് [illegible] പുസ്തകങ്ങൾ മാത്രമേ ഞാൻ വായിച്ചിട്ടുള്ളൂ. അതിൽ കുണ്ഡലിനീ ശക്തിയെ കുറിച്ച് ഒരു പുസ്തകം മാത്രം. സർപ്പന്റ് പവർ. മറ്റൊന്നും ആധികാരികമായി കണ്ടിട്ടില്ല. താന്ത്രികസാധനയെ കുറിച്ചു ഈ വിവരങ്ങളിൽ, അനുഭവസമ്പന്നർ [illegible] വ്യാഖ്യാനങ്ങളിൽ ചിലതു വിട്ടുകാണുന്നുണ്ട്. അതിനാൽ സംശയം വീണ്ടും വർദ്ധിക്കുന്നു. Lawrence Blair ന്റെ പുസ്തകത്തിന്റെ പേര് [illegible] എവിടെ കിട്ടുമെന്നും അറിയിച്ചാൽ നന്ന്. പതഞ്ജലിയുടെ യോഗസൂത്രം ആധുനിക വൈദ്യശാസ്ത്രദൃഷ്ട്യാ ആരെങ്കിലും വ്യാഖ്യാനിച്ചതായി അറിയാമെങ്കിൽ അറിയിക്കുമല്ലോ. [illegible] [illegible] കുണ്ഡലിനി ഉണർന്നാലത്തെയും അണിമാദി അഷ്ടസിദ്ധികൾ കൈവരിക്കുന്നതെന്നും പറയുന്നുണ്ടല്ലോ. ശങ്കരാചാര്യരും ഇതു ശരി വെക്കുന്നുണ്ട്. ഇന്ന് നമുക്കറിയാവുന്നപോലെ [illegible] ഇങ്ങിനെ ഒരു വ്യക്തിയും ഉണ്ടായി അറിവില്ലതാനും. ഹഠയോഗികൾ [illegible] [illegible] ധാരണയാവാം.

വ്യക്തിപരമായ സംശയം:

[illegible] എന്നെ കണ്ട് [illegible] ചോദിക്കുന്ന [illegible] [illegible] അറിയാൻ താല്പര്യം.

മറുപടി [illegible]. ഈ വിഷയത്തിൽ [illegible] [illegible]. എന്ന് സ്വന്തം

കുഞ്ഞുകുട്ടൻ

T. K. G. NAIR
ASST. EDITOR
MALAYALA MANORAMA
KOTTAYAM - 686 001
TELEPHONE : 3615

RESI : "LAKSHMI"
DEEPTI NAGAR
KOTTAYAM - 686 004
TELEPHONE : 8532

5/4/[illegible]

My dear Suvarna,

വീഴ്ചയുടെ കഥ കിട്ടിയില്ലേ? അതു
കൊണ്ടിരുന്നോ? അതു ഇഷ്ടപ്പെട്ടില്ലെന്നാണോ?

മലയാള മനോരമയുടെ youth page
ലേക്ക് ലൈംഗികവിദ്യാഭ്യാസത്തിന്റെ ആവശ്യകത
യെപ്പറ്റി ഒരു ലേഖനം വേണം. സുവർണ്ണയെ
കൊണ്ട് എഴുതിക്കാമെന്നാണ് ഞാൻ [illegible]
[illegible]. നല്ല മലയാളത്തിൽ ലളിതമാകണം [illegible]
[illegible], [illegible],
ഇപ്പോഴും യുവജനങ്ങൾക്കിടയിൽ [illegible]
[illegible]
[illegible] പേജിന്റെ [illegible]
[illegible]. [illegible]
[illegible] സുവർണ്ണയാണ്.
[illegible] [illegible] കോളത്തിൽ [illegible]
[illegible] ഒരു ലേഖനം [illegible] എഴുതി

സുജാതദേവി (സുകതകുമാരിയുടെ അനുജത്തി)

15. 10. 93

My dear Suvarna,

[illegible]

എന്റെ സന്തോഷം [illegible] പറഞ്ഞറിയിക്കാൻ വയ്യ. [illegible]

[illegible] 'elderly prime' [illegible]

[illegible]

സ്നേഹാദരപൂർവ്വം,

സുജാത.

Sujatha Devi
Dept. of English,
Govt. Sanskrit College,
Pattambi.

M.P. വീരേന്ദ്രകുമാർ

മാതൃ. ആഴ്ചപ്പതിപ്പ്. 2006. Aug.

സംഗീതത്തെക്കുറിച്ച് ഡോ. സുവർണാ നാലാപ്പാട്ട് എഴുതിയ 'വിത്തൗട്ട് എസ്സംബ്ലം' എന്ന രചനയിൽ, ഹൃദയസ്പർശിയായ ഒരു പരാമർശമുണ്ട്. "ആർത്തിരമ്പുന്ന സമുദ്രാന്തർഭാഗത്തുള്ള നിശ്ശബ്ദതയും ശരാഗാലാപനത്തിൽ നിർലീനമാകുന്ന മനസ്സിന്റെ ശാന്തിയും ഒരേ അവസ്ഥയുടെ രണ്ടു ഭാവങ്ങളാണെ"ന്നാണവർ നിരീക്ഷിച്ചിട്ടുള്ളത്. സംഗീതത്തിന്റെ അഭൗമതലങ്ങൾ ഇവിടെ അനാവൃതമാവുന്നു.

ഭാരതീയ സംഗീതം അതിപുരാതനവും ബൃഹത്തും സമ്പന്നവുമാണ്. ഋഷികളും സംഗീതാചാര്യന്മാരും രൂപപ്പെടുത്തുകയും ചിട്ടപ്പെടുത്തുകയും ചെയ്ത സംഗീതപൈതൃകം വേറിട്ടുതന്നെ നിൽക്കുന്നു. പാരാവാരം പോലെ ആഴവും പരപ്പുമുള്ളതാണ് ഭാരതീയ സംഗീതം. അതിന്റെയൊരു അംശം സ്വാംശീകരിക്കാൻ കഴിഞ്ഞാൽത്തന്നെ കലാകാരന് ജന്മസാക്ഷാത്കാരമായി.

(തുടരും)

മാതൃഭൂമി ആഴ്ചപ്പതിപ്പ്

പാരമ്പര്യസുകൃതത്തിന്റെ സുവർണ്ണജന്മം- സുവർണ്ണ

സി. രാധാകൃഷ്ണൻ

സുവർണ്ണയുമായി പരിചയപ്പെട്ടിട്ട് ദശകങ്ങളായി. അവർക്കിപ്പോൾ വയസ്സ് എഴുപതാകുന്നു പോലും! തുടക്കത്തിൽ അവരെനിക്കൊരു വിസ്മയമായിരുന്നു. പിന്നെപ്പിന്നെ ഒരു കാര്യം തീർച്ചയായി- ഇതൊരു സാധാരണ ജൻമമല്ല. വെറും സ്ത്രീയൊ അമ്മയൊ ഭാര്യയൊ ഡോക്ടറൊ എഴുത്തുകാരിയൊ ദാർശനികയൊ അല്ല. ഈ തീർച്ചപ്പാടിൽനിന്നാണ് എന്തെല്ലാമാണ് ഇവരെന്ന അന്വേഷണം തുടങ്ങുന്നത്. അതിപ്പോഴും തുടരുന്നു. ഏതാനും സംഗതികൾ കണ്ടുകിട്ടിയത് കുറിക്കാം. ഇത് സുവർണ്ണയുടെ വായനയ്ക്കായി അല്ല. പിന്നെയൊ, ഞങ്ങളിരുവരും ഇല്ലാതാകുന്ന കാലത്ത് സുവർണ്ണയെപ്പറ്റി ജിജ്ഞാസ തോന്നുന്നവർക്ക് ഉപകാരമായേയ്ക്കാം എന്ന പ്രതീക്ഷയോടെ.

നാലപ്പാട്ട് തറവാടിന്റെ സുവർണ്ണപൈതൃകംതന്നെയാണ് ഒന്നാമത്തെ അനന്യത. ബഹുമുഖമായ അത് നാരായണമേനോനിലും ബാലാമണിയമ്മയിലും മാധവിക്കുട്ടിയിലും സുവർണ്ണയിലുമൊക്കെ പല രൂപങ്ങളിൽ തളിരിട്ടു കാണാം. നാലപ്പാടനിൽ കവിത്വവും ശാസ്ത്രജിജ്ഞാസയും ദാർശനികതയുമായാണ് പുലർന്നതെങ്കിൽ, ബാലാമണിയമ്മയിൽ പ്രപഞ്ചത്തെ പെറ്റുപോറ്റുന്ന മാതൃത്വഭാവമായും മാധവിക്കുട്ടിയിൽ ഏഴു നില കയറി പൊട്ടുന്ന അമിട്ടായും സുവർണ്ണയിൽ ആഴങ്ങളിലും അകലങ്ങളിലും മേയുന്ന ബഹിരാകാശവാഹനമായും സുലോചനയിൽ വീണ്ടും കാരുണ്യത്തിന്റെ ആവിഷ്കാരശേഷിയായും അത് പരിലസിക്കുന്നു.

നാലപ്പാടനിൽ ഒളിഞ്ഞും തെളിഞ്ഞും നിന്ന മിസ്റ്റിക്കിനെ സുവർണ്ണയിൽ തെളിഞ്ഞുതന്നെ കാണാം. മനുഷ്യമനസ്സിന്റെ ഇനിയും തിട്ടമായിട്ടില്ലാത്ത നിഗൂഢതകളിൽ പരതാൻ സുവർണ്ണ ഇഷ്ടപ്പെടുന്നു. ഈ വ്യാപരണം വെറുമൊരു തീർത്ഥാടകയുടെയൊ ടൂറിസ്റ്റിന്റെയൊ അലസതാല്പര്യത്തോടെ അല്ലതാനും. തനിക്കു വശമുള്ള ശാസ്ത്രീയനിരീക്ഷണവിദ്യയാണ് എപ്പോഴും ഉപയോഗിക്കുന്നത്. മലയാളക്കരയിൽ മുൻപാർക്കും കണ്ടുകിട്ടാത്ത ചില കാര്യങ്ങൾ ഈ യാത്രകളിൽ അവർ മുങ്ങിയെടുത്തു. ഉദാഹരണത്തിന്, ദേവീസങ്കല്പത്തെ ഇത്ര നന്നായി വേറെ ആരും പഠിച്ചതായി കാണാനില്ല.

സംഗീതത്തിന് രോഗശാന്തി സാധിക്കുമെന്നു കണ്ടെത്തിയതും ധ്യാനാത്മകമായ ഈ അന്വേഷണരീതിയിലൂടെയാണ്. അതു പരീക്ഷിച്ചു നോക്കി സ്ഥിരീകരിക്കയും ഫലപ്രദമായ ഒരു സംഗീതചികിത്സാരീതി ലോകത്തിലാദ്യമായി ആവിഷ്കരിക്കയും ചെയ്തു. രാഗങ്ങളിൽ ഏതേതുരോഗത്തിന് ഏതേത് കൂടുതൽ പ്രയോജനപ്രദമെന്നുകൂടി പരീക്ഷിച്ചറിഞ്ഞു. കണ്ടുകിട്ടുന്നതത്രയും ലോകത്തിന് സൗജന്യമായി നൽകിപ്പോരുകകൂടി ചെയ്യുന്നു.

ഏതു വിഷയത്തിലും അചഞ്ചലമായ ശ്രദ്ധയുടെ കൂടെ ബൗദ്ധികമായ കണിശതകൂടി പ്രയോഗിച്ച് പുതിയ വെളിപാടുകൾ ഉണ്ടാക്കിയെടുക്കുന്നു. ഡോ. സുവർണ്ണ നാലപ്പാട് എന്ന മനീഷി. ഇതിന് ഏറ്റവും വലിയ നിദർശനമായി നമുക്കുള്ളത് ഉപനിഷൽസ്വാദ്ധ്യായം എന്ന ബൃഹത്തും മഹത്തുമായ കൃതിയാണ്. മലയാളത്തിലായിപ്പോയതിനാൽ അതിന്റെ മഹിമ മുഴുവനായി അളക്കാനുമറിയാനും മതിയായ ശ്രമമുണ്ടായിട്ടില്ല, ഇനിയും.

സാധാരണഗവേഷകർ മിക്കവരും ഒരേ വിഷയത്തിൽ ഒതുങ്ങുകയും അതിന്റെ വിവിധവശങ്ങൾ മാത്രം പഠിക്കുകയുമാണ് പതിവ്. സുവർണ്ണയുടെ രീതി അങ്ങനെ അല്ല. പ്രത്യക്ഷത്തിൽ പരസ്പരബന്ധമില്ലാത്ത വിഷയങ്ങളിൽ മാറിമാറി വിരാജിക്കുന്നു. ഒരു വിഷയത്തിലെ താല്പര്യം കളയാതെയാണ് പുതിയ മേച്ചിൽപ്പുറത്തേയ്ക്കു കടക്കുന്നത്. സംഗീതചികിത്സ ഒരു കൈയിലിരിക്കെ ക്ഷേത്രവാസ്തുകല മറുകൈയിലെടുക്കുന്നു. ഘനീഭവിച്ച സംഗീതമാണ് വാസ്തുകല എന്ന തിരിച്ചറിവ് കൈവരാത്തവർക്കേ, പക്ഷേ, വിവിധവിഷയങ്ങൾവെച്ചു നടത്തുന്ന ഈ അമ്മാനമാടൽ അർത്ഥശൂന്യമാവൂ.

ഒരു കുസൃതിച്ചിരി മുഖത്തെപ്പോഴും കാണാം. അതിൽ നാലാപ്പാടന്റെ ദാർശനികനിസ്സംഗതയും ബാലാമണിയമ്മയുടെ മാതൃഭാവവും മാധവിക്കുട്ടിയുടെ കൂസലില്ലായ്മയും സുലോചനയുടെ അഭിജാതമായ ആലോചനാശീലവും തറവാട്ടുമച്ചിലെ ഭഗവതിയുടെ കാലാതീതത്വവും ഒരുമിക്കുന്നു.

പ്രത്യേകമായ ഒരു ഉൾക്കാഴ്ച സുവർണ്ണയ്ക്ക് വിശേഷാനുഗ്രഹമായി ജന്മനാ ഉണ്ട്. ആറാമിന്ദ്രിയം എന്നു പറയാവുന്ന ഒന്ന്. അതിന്റെ പ്രവർത്തനത്തിൽ ഭക്തിയ്ക്കും ബുദ്ധിക്കും ഒരുപോലെ സ്ഥാനമുള്ളതാണ് അസാധാരണം. ബോധത്തിന്റെ മേഖലകളിൽ പരിചിതങ്ങളായ, നിശ്ചിതനാമരൂപങ്ങൾ ഉള്ള, ഉരുവങ്ങൾക്കപ്പുറം അമൂർത്തസാന്നിദ്ധ്യങ്ങൾ സുവർണ്ണ കണ്ടെടുക്കുന്നു. നോർമൽ എന്നു പറയപ്പെടുന്ന ചിട്ടവട്ടത്തിനകത്തു നിർത്താവുന്നതല്ല ഈ ഭാവന. നവനവോൻമേഷശാലിനിയായ പ്രജ്ഞയിൽ തെളിയുന്നത് ബഹുസ്വരതയും വർണ്ണവൈവിധ്യവുമല്ല, പിന്നെയൊ, ഏകാധിപതിയായ ശീതളസൂര്യൻ!

ഉപനിഷൽവിദുഷിയായ ഗാർഗിയെയാണ് സുവർണ്ണ ഓർമ്മിപ്പിക്കുന്നത്. ഏത് വിദ്വൽസദസ്സിലും കടന്നിരിക്കാൻ യോഗ്യ. ആരുടെ മുന്നിലും ഏതു വിഷയത്തെക്കുറിച്ചും പ്രശ്നങ്ങൾ അവതരിപ്പിക്കാനും ഏതു മറുചോദ്യത്തിനും മറുപടി പറയാനും പ്രാപ്ത.

ഭാരതീയ ദാർശനികതയെ പടിഞ്ഞാറൻ ചിന്തയുമായി ഇണക്കാനും ഇവ തമ്മിലുള്ള തർക്കങ്ങൾ തീർക്കാനും ശ്രമിക്കുന്ന ഒരാളായ സുവർണ്ണയെ ആ ഒരു കാരണംകൊണ്ടുതന്നെ ഞാൻ ആദരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ കാലത്ത് നമ്മുടെ ഏറ്റവും പ്രധാനമായ ധർമ്മവും കർമ്മവും ഇതാണെന്ന വിശ്വാസക്കാരനാണ് ഈയുള്ളവനും. ഇവിടെയുള്ളതുമാത്രമേ സത്യമായുള്ളൂ എന്നൊ അവിടെയുള്ളതെല്ലാം വളരെ മുൻപെ ഇവിടെ ഉണ്ടായിരുന്നു എന്നൊ അബദ്ധം വിചാരിക്കാതെ, സയൻസിന്റെതന്നെ നിശിതമായ കാർക്കശ്യത്തോടെ വസ്തുതകൾ പരിശോധിക്കാൻ സന്നദ്ധമാകുകയാണല്ലൊ ആവശ്യം. മേനിക്കണ്ടപ്പത്തവും വിനീതവിധേയത്വവും, രണ്ടും, ഒരുപോലെ അസ്ഥാനത്താണെന്ന് സുവർണ്ണ അറിയുന്നു.

എപ്പോൾ കണ്ടുമുട്ടുമ്പോഴും എന്തെങ്കിലും പുതുതായി പറയാനുണ്ടാവും സുവർണ്ണയ്ക്ക്. സുവർണ്ണയുടെ മുന്നിൽ ചെലവിട്ട സമയം സാർത്ഥകമാണെന്നേ എപ്പോഴും തോന്നാറുള്ളൂ. സ്നേഹനിധിയായ ഒരു വലിയമ്മയുടെ ഭാവമാണ് സ്ഥായി. അതിന് പ്രായഭേദമില്ല, ആറേഴു വയസ്സ് മൂപ്പുള്ള എന്നോടുപോലും ഇല്ല!

ആരെയെങ്കിലും കുറിച്ച് ഒരു പരാതിയൊ പരിഭവമൊ എന്നെങ്കിലും പറഞ്ഞതായി ഓർക്കു

ന്നില്ല. സുവർണ്ണ എന്തെങ്കിലും അഹിതം പറയുകയൊ പ്രവർത്തിക്കയൊ ചെയ്തു എന്ന് ആരും പരാതിപ്പെട്ടതായും ഓർക്കുന്നില്ല. ആടയാഭരണങ്ങളിലൊ മോടിയിലൊ ശ്രദ്ധയില്ല. ഏകമകൻ പഠിത്തവും തൊഴിലുമായി അകലെയായതിൽപ്പിന്നെ തികച്ചും ഏകാന്തമായി ജീവിക്കുമ്പോഴും വീണു കിട്ടിയ അവസരം ധ്യാനനിരതയായി കഴിയാൻ ഉപയോഗിക്കുന്നു.

ഈ ലോകം മുഴുക്കെ തന്നിലും ഈ ലോകം നിറയെ താനും ഉണ്ടെന്ന രീതിയിൽ പുലരുന്ന ഈ പ്രിയപ്പെട്ട അനിയത്തിയ്ക്ക് ഇനിയും ഒരുപാട് ജന്മകർമ്മം ബാക്കിയുണ്ട്, തീർച്ച. അതെല്ലാം യഥോചിതം നിറവേറ്റി പുരുഷായുസ്സ് പൂർത്തിയാക്കി കൃതകൃത്യയാകാൻ ഇടയാകട്ടെ എന്ന് അകമഴിഞ്ഞ് ആശീർവദിക്കാം.

പുസ്തകാഭിപ്രായങ്ങൾ

ഔപനിഷദ്പാരമ്പര്യത്തിൽ തലയുയർത്തിനിൽക്കുന്ന ഗ്രന്ഥം

ഡോ. എം. ലീലാവതി

(മാ. ഭൂ. ആഴ്ചപ്പതിപ്പ് 2003 ഒക്ടോബർ 12-13)

ആറു വിഭാഗങ്ങളുള്ള ഒരു ഉപനിഷദ്പഠനമാണ് സുധാസിന്ധു. മധുമതി എന്ന ഒന്നാം ഭാഗത്തിൽ തൈത്തിരിയോപനിഷത്ത്, കഠോപനിഷത്ത്, ഐതരേയോപനിഷത്ത്, ആഗ്നേയം എന്ന രണ്ടാംഭാഗത്തിൽ ശ്വേതശ്വേതരോപനിഷത്ത്, നാരായണോപനിഷത്ത്, കൃഷ്ണവൈരാജം എന്ന മൂന്നാംഭാഗത്തിൽ മുണ്ഡകോപനിഷത്ത്, പ്രശ്നോപനിഷത്ത്, പ്രജ്ഞാവൈശാഖം എന്ന നാലാം ഭാഗത്തിൽ മാണ്ഡുക്യോപനിഷത്ത്,മാണ്ഡൂക്യകാരിക. സുവർണ്ണം വേദ എന്ന അഞ്ചാംഭാഗത്തിൽ കേനോപനിഷത്ത്, ഛാന്ദോഗ്യോപനിഷത്ത്, സുധാസിന്ധു എന്ന ആറാംഭാഗത്തിൽ ഈശാവാസ്യോപനിഷത്ത്, ബൃഹദാരണ്യകോപനിഷത്ത് എന്നിങ്ങനെയാണ് പഠനക്രമം. ബൃഹത്തായ വ്യാഖ്യാനങ്ങൾ ഒക്കെക്കൂടി ആയിരത്തിലധികം പേജുള്ള എടുത്താൽപൊങ്ങാത്ത ഗ്രന്ഥം വാച്യാർത്ഥത്തിലേറെ ലാക്ഷണികാർത്ഥത്തിലാണ് എടുത്താൽ പൊങ്ങാത്ത എന്ന പദം ഞാൻ പ്രയോഗിക്കുന്നത്. മാസ്മിൻഖല ഖേലതു എന്ന മുന്നറിയിപ്പു തന്നിട്ടില്ലെങ്കിലും മാദൃശരായ സാമാന്യർക്ക് എളുപ്പത്തിൽ എടുത്തു പൊക്കാനാവാത്ത ഒരു മഹത്തായ കൃതി ചിരകാലതപസ്സിന്റെ ഫലം. പേരുപോലെ ഇതൊരു കടലുതന്നെയാണ്. അമൃതവിദ്യയുടെ കടൽ. കറ്റതു കയ്യളവ്, കല്ലാതത് കടലളവ് (അറിഞ്ഞത് കൈക്കുടന്നയോളം, അറിയാത്തത് കടലോളം) എന്ന വെളിപാടുകൊണ്ട് സാമാന്യരുടെ ശിരസ്സു കുനിക്കുന്ന ഒരു സുകൃതി. ഗ്രന്ഥകർത്രി പത്തിരുപത്തഞ്ചു കൊല്ലത്തോളമായി ഉപനിഷത്തുക്കളുടെ കടൽകടഞ്ഞുകടഞ്ഞ് എടുത്ത സാരസർവ്വസ്വം ഈ അമൃതകലശത്തിലുണ്ട് . അക്ലിഷ്ടമായി എടുത്തുകുടിക്കാമെന്ന് ആരെങ്കിലും നിനയ്ക്കുന്നെങ്കിൽ അത് വ്യാമോഹമാണ്. ഈ പഠനം ഗ്രഹിക്കാനും വേണം ഒരു ചിരകാലതപസ്യ യത്നിക്കാൻ സന്നദ്ധതയുണ്ടായാലും ഇതിൽപ്രയുക്തമായ വൈജ്ഞാനികമണ്ഡലങ്ങളുടെ വൈപുല്യം മൂലം പല ഭാഗങ്ങളും പലർക്കും അഗമ്യമായിത്തന്നെ അവശേഷിക്കും. ഗ്രന്ഥകർത്രിയുടെ കർമ്മമണ്ഡലമായ ശരീരശാസ്ത്രത്തിനുപുറമേ, ഊർജ്ജതന്ത്രം, രസതന്ത്രം, ഗണിതം, ജ്യോതിശ്ശാസ്ത്രം, ജോതിഷം, ഭാഷാശാസ്ത്രം, ഭാരതിയവും ഇതരപൗരസ്ത്യവും പാശ്ചാത്യവും ആയ ദർശനങ്ങൾ, സംസ്കൃതം, പാലി, ഇംഗ്ലീഷ്, ഗ്രീക്ക്, തമിഴ് മുതലായ ഭാഷകൾ, ഈദൃശമായ വിവിധവിജ്ഞാനശാഖകളിലുള്ള ആഴമേറിയ അറിവ് വ്യാഖ്യാനത്തിൽ പ്രയുക്തമായിട്ടുണ്ട്. സാമാന്യരായ അനുവാചകർക്ക് ഈ വിജ്ഞാനവൈവിദ്ധ്യം ഉണ്ടാകാനിടയില്ലാത്തതുകൊണ്ടാണ് ഒപ്പത്തിനൊപ്പം സഞ്ചരിക്കുന്നത് ക്ലേശകരമായി അനുഭവപ്പെടുക. ഈ പുതിയ വ്യാഖ്യാനത്തിന്റെ മൂല്യവും പ്രസക്തിയും ഈ വിജ്ഞാനവൈമുഖ്യത്തോട് ബദ്ധവുമാണ്. ഇത്തരത്തിൽ നാനാവിജ്ഞാനശാഖകളോട് സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഉപനിഷദ്പഠനം മുമ്പാരും നിർവ്വഹിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. പാശ്ചാത്യരായാലും പൗരസ്ത്യരായാലും, നിത്യചൈതന്യയതിയുടെ പഠനങ്ങൾ നൂതനവിജ്ഞാനശാഖകളേയും മനശ്ശാസ്ത്രത്തേയും വൻ തോതിൽ ഉപയുക്തമാക്കിയിട്ടുണ്ടെങ്കിലും, അവയിൽപ്പോലും ഊർജ്ജതന്ത്രവും രസതന്ത്രവും ശരീരശാസ്ത്രവും ഗണിതവും ഭാഷാശാസ്ത്രവും ഇത്രയേറെ വ്യാപകമായി പ്രയുക്തമാക്കിയിട്ടില്ല. ലോകത്തിൽ ഇന്നുവരെയുണ്ടായിട്ടുള്ള സമസ്തശാസ്ത്രവിജ്ഞാനവും വേദങ്ങളിൽനിന്നോ ഉപനിഷത്തുകളിൽ നിന്നോ ഉദ്ഭിന്നമാണെന്നും അവയിലില്ലാത്ത ഒന്നും തന്നെ ആധുനികശാസ്ത്രത്തിലില്ലെന്നും അന്ധമായി വിശ്വസിക്കുകയും മൂഢമായ രീതികളിൽ സ്ഥാപിക്കാൻ ശ്രമിക്കയും ചെയ്യുന്ന മതശാഠ്യനിഷ്പന്നസമീപനമല്ല. ഈ പഠനത്തിലുള്ളത്. ഈ

ഗ്രന്ഥരചനയുടെ പ്രേരണ ദേശീയതയുടെ ആവേശമല്ല. ആത്മീയതയുടേയും ജ്ഞാനദർശനത്തിന്റേയും ആവേശമാണ്. ആധുനികശാസ്ത്രം എത്തിനിൽക്കുന്ന ചില നിഗമനങ്ങളിൽ ഋഷിമാരും ശ്രീശങ്കരനെപ്പോലെയുള്ള ഉപനിഷദ്തത്വവിത്തുകളും എത്തിച്ചേർന്നിരുന്നു എന്ന പ്രസ്താവനകൾ ഈ ഗ്രന്ഥത്തിലുണ്ടെങ്കിലും അവയൊന്നും തന്നെ യുക്തിനീതമല്ലാത്ത വിഭാവനങ്ങളായിത്തീർന്നിട്ടില്ല.

ചേതന= ഘനവസ്തു X ചലനത്തിന്റെ വർഗ്ഗം എന്ന സമവാക്യം തന്നെയാണ് $E=Mc^2$ എന്നും (പേജ് 665) "സത്തിനെ (ചൈതന്യത്തെ, ഊർജ്ജത്തെ) ഒഴിച്ചുനിർത്തി ഊർജ്ജരാശിയായ രാശിമണ്ഡലത്തിൽ നിന്ന് വ്യത്യസ്തമായി ഒരു സ്ഥൂലജഗത്ത് ഉണ്ട് എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ ആ ജഗത്ത് മിഥ്യയാണ് എന്നാണ് ജഗന്മിഥ്യാ എന്നതിനർത്ഥം തേജോരാശിയായ രാശിമണ്ഡലത്തിന്റേയും നക്ഷത്രഗ്രഹാദികളോടുകൂടിയ ബ്രഹ്മാണ്ഡത്തിന്റേയും നൈരന്തര്യം ശങ്കരൻ കണ്ടെത്തി. സ്ഥലകാലനൈരന്തര്യം കണ്ടെത്തിയ ഐൻസ്റ്റൈനേക്കാൾ എത്രയോ കാലം മുമ്പ് ജീവിച്ച ശങ്കരനേയും ഉപനിഷദ്ഋഷിമാരേയും മതപണ്ഡിതന്മാരെന്നു പറഞ്ഞ് അപമാനിക്കാനല്ലാതെ അവരുടെ ശാസ്ത്ര ബുദ്ധിയേയും യുക്തിയേയും മാനിക്കാൻ നമുക്ക് സാധിക്കാതെ പോയത് നിർഭാഗ്യം" എന്നും പ്രാസ്താവിക്കുന്നതിൽ നിന്ന് മതശാഠ്യക്കാർ മുതലെടുത്തേക്കാമെങ്കിലും ഗ്രന്ഥകർത്രിയുടെ നിരീക്ഷണങ്ങൾ മതശാഠ്യജന്യമല്ല. ഛന്ദോഗ്യത്തിലുള്ള ബലതന്ത്രപരാമർശത്തെ (അദ്ധ്യായം 7 ഖണ്ഡം 8) പറ്റി പ്രതിപാദിക്കുമ്പോൾ പരിഭ്രമണം ചെയ്യുന്ന വായുമണ്ഡലത്തിന്റെ ബലംകൊണ്ടാണ് ഈ ഭൂമി സ്ഥിതിചെയ്യുന്നതെന്ന ഉപനിഷദ് വചനം ഗുരുത്വാകർഷണസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണെന്നും ക്വാണ്ടം ബലതന്ത്രത്തിന്റെ സിദ്ധാന്തങ്ങൾ തനതായ ഭാഷയിൽ ഇവിടെ ആവിഷ്കരിക്കപ്പെടുന്നു എന്നും സമർത്ഥിക്കുന്നു. (പേജ് 719-721). അത് ഇഛിക്കുന്നത് കണ്ടുപിടിക്കലല്ല. ഉള്ളത് കണ്ടെത്തലാണ് എന്ന് നമ്മെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഛാന്ദോഗ്യത്തിന്റേയും ബൃഹദാരണ്യകത്തിന്റേയും വ്യാഖ്യാനത്തിൽ (രണ്ടും കൂടി 750 പേജോളം വരും) ജീവശാസ്ത്രം, ശരീരശാസ്ത്രം, രസതന്ത്രം, ഊർജ്ജതന്ത്രം, മുതലായ വിജ്ഞാനശാഖകൾ വൻതോതിൽ ഉപയുക്തമാക്കിയിരിക്കുന്നു. ഒരു ഗ്രന്ഥാവലോകത്തിൽ എല്ലാം വിവരിക്കാൻ സ്ഥലമില്ലല്ലോ. എങ്കിലും ചാന്ദോഗ്യം ഒന്നാം അദ്ധ്യായം ഖണ്ഡം 12ലെ ശൌവഉദ്ഗീഥത്തെപ്പറ്റി പറയാതെ വയ്യ. (പേജ് 507-512) ശൂനകതാരങ്ങളെ (Canis major, Canis minor) ഉദ്ഗീഥത്തിൽ സ്തുതിക്കുന്നുവെന്നു തിരിച്ചറിയാതെ അത് ഒരു കടുത്ത പരിഹാസമാണ് എന്ന് ചില പൂർവ്വവ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. അതൊരു പാരഡിയാണെന്ന് വിശ്വസിക്കാൻ പ്രയാസം തോന്നിയിരുന്നതിനാൽ, ഡോ സുവർണ്ണയുടെ വ്യാഖ്യാനം വായിച്ചപ്പോഴുണ്ടായ ആനന്ദാതിരേകം വിവരിക്കാൻ വാക്കുകളില്ല. ശ്വേതനായ ശ്വാനമെന്ന് ഉപനിഷത്തിൽ. സിറിയസ്സിന്റെ കൂടെയുള്ള ബൈനറിതാരം വെള്ളക്കുള്ളനെന്ന് (White Dwarf) ശാസ്ത്രദർശനം. 1925ൽ മാത്രമാണ് ഒരു അമേരിക്കൻ ആസ്ട്രോണമർ അതൊരു വെള്ളക്കുള്ളനാണെന്നു പറഞ്ഞത്. സർപ്പിളാകൃതിയിൽ പരിഭ്രമണം ചെയ്യുന്ന വെളുത്ത ശുനകനെ ഈ ഉപനിഷത്തിൽ കണ്ടെത്തുമ്പോൾ അത്ഭുതം തോന്നുന്നില്ലേ എന്ന് ഡോ. സുവർണ്ണ ചോദിക്കുമ്പോൾ, ആ ഉദ്ഗീഥം പരിഹാസമാണെന്ന് വ്യാഖ്യാനിച്ചവർക്ക് അത്ഭുതം മാത്രമല്ല അനുഭവപ്പെടാവുന്നത്. സ്വാധ്യായത്തിലൂടെ ജ്യോതിഷവും ജ്യോതിശ്ശാസ്ത്രവവും ഊർജ്ജതന്ത്രവും സ്വാധീനമാക്കിയ സുവർണ്ണയെ സംബന്ധിച്ചിടത്തോളം സുവർണ്ണം വേദ എന്ന പേര് ദ്വേധാ അന്വർത്ഥം തന്നെ. ഈ അഞ്ചാംഭാഗത്തിന്റെ ആമുഖം

അവർ സ്വാദ്ധ്യായത്തിലൂടെ ഊർജ്ജതന്ത്രത്തിന്റെ വികസ്വരപ്രപഞ്ചത്തെ കൈയടക്കിയിട്ടുള്ളതിന്റെ വ്യാപ്തം വ്യക്തമാക്കും. സുവർണ്ണയുടെ ജ്യോതിശാസ്ത്രജ്ഞാനം ശ്രീശങ്കരന്റെ വ്യാഖ്യാനത്തിൽ ചിലതിനെ ചോദ്യം ചെയ്യാൻപോലും പ്രേരകമായിത്തീർന്ന സന്ദർഭമുണ്ട്. ഛാന്ദോഗ്യം (4-7-1)ലെ ഹംസം ആദിത്യനാണെന്ന് ശ്രീശങ്കരൻ. ഹംസ രൂപത്തിലുള്ള (cygnus) ധനിഷ്ഠമെന്ന (അവിട്ടം) നക്ഷത്രസമൂഹമാണെന്ന് സുവർണ്ണ യുക്തിപൂർവ്വം സമർത്ഥിക്കുന്നു. (പേജ് 585). നിരുക്തത്തിലുള്ള അറിവ് പലപ്പോഴും വ്യാഖ്യാനത്തിന് അപൂർവ്വതയരുളുന്നു. കതമശബ്ദത്തെ പണ്ടാരും ക്വാണ്ടവുമായി ബന്ധപ്പെടുത്തിയിട്ടുണ്ടാവില്ല. (പേജ് 472) തിബത്തൻ തന്ത്രത്തിലെ ബാർഡോ (ഭർതോ) ഭാരതത്തിന്റെ രൂപാന്തരമാണെന്ന് വ്യക്തമായിരിക്കുന്നു. ബൃഹദാരണ്യകോപനിഷത്തിലെ അശ്വം വിശ്വമാണ് എന്ന് പല പൂർവ്വവ്യാഖ്യാതാക്കളും തീർത്തു പറഞ്ഞിട്ടുണ്ട്. എന്നാൽ അക്ഷര സംഖ്യയോടു ബന്ധപ്പെടുത്തിയും ഇതിനെ ഉറപ്പിക്കുന്ന വ്യഖ്യാനം പൂർവ്വോക്തമല്ലെന്നാണ് ഞാൻ കരുതുന്നത്. അ. 1. ബ്രഹ്മം. ശകാരവും മകാരവും 5. പഞ്ചഭൂതാത്മകപ്രപഞ്ചത്തെയാണ് അവ കുറിക്കുന്നതെന്നും ഭ്രമണരൂപമായ സംസാരചക്രത്തെ സൂചിപ്പിക്കുന്നു എന്നും സചിത്രമായി സമർത്ഥിക്കുന്നു. ആശയങ്ങളെ ചിത്രങ്ങളിലൂടെ ദൃശ്യവത്കരിക്കുന്നത് ഈ ഗ്രന്ഥത്തിൽ മറ്റെവിടെയും കണ്ടിട്ടില്ലാത്ത ഒരു വിശേഷരീതിയായിരിക്കുന്നു. അദ്ധ്യാപനത്തിൽ സ്ലൈഡുകൾ കാണിക്കുംപോലുള്ള ഫലം ഇതിനുണ്ട്. ഈ ഗ്രന്ഥം പദാനുപദം മനനം ചെയ്തു മനസ്സിലാക്കണമെങ്കിൽ ചുരുങ്ങിയത് ഇതിലെ പേജുകളുടെ സംഖ്യക്കൊപ്പമുള്ള ദിവസങ്ങളെങ്കിലും വേണ്ടിവരും. മൂന്നുകൊല്ലം ഇതിൽ തപസ്സുചെയ്തതിനു ശേഷമല്ല, മൂന്നാഴ്ചകൾകൊണ്ട് ഓടിച്ചുവായിച്ചാണ് ഇതെഴുതുന്നത്. അതുകൊണ്ട് ഈ അവലോകനം കടലിനെ കൈക്കുടന്നയിലൊതുക്കാനുള്ള ശ്രമം പോലെയാണ്.

ബ്രഹ്മവിദ്യയ്ക്കായി സന്യാസം വരിച്ച മൈത്രേയിയും അക്ഷരബ്രഹ്മത്തെ യാജ്ഞവൽക്യനെക്കൊണ്ട് വിശദീകരിപ്പിച്ച ബ്രഹ്മവാദിനിയായ ഗാർഗ്ഗിയും പ്രത്യക്ഷപ്പെടുന്നത് ബൃഹദാരണ്യകത്തിലാണല്ലോ. പ്രാഥമിക വിദ്യാഭ്യാസമെന്നല്ല, പരമവിദ്യാഭ്യാസവും സ്ത്രീകൾക്ക് നിഷിദ്ധമോ അപ്രാപ്യമോ ആയിരുന്നില്ലെന്ന് സ്ഥാപിക്കുന്ന ആ ഉപനിഷത്ത് അക്കാലത്ത് സ്ത്രീക്കുണ്ടായിരുന്ന അംഗീകാരവും മേധവിനികളോട് പുരുഷന്മാർക്കുണ്ടായിരുന്ന ആദരവും പ്രഖ്യാപിക്കുന്നുണ്ട്. മധ്യകാലങ്ങളിൽ ആ ഉത്കർഷത്തിന് മങ്ങലേറ്റു. ക്രമേണ അവർകൂട്ടിലെ തത്തമ്മകളായി. ആധുനിക ഭാരതം ഈയവസ്ഥയിൽനിന്ന് ഉയിർത്തെഴുന്നേറ്റിട്ടുണ്ടെങ്കിലും തനതായ ഒരു ചിന്തനധാരയിലൂടെ പുരുഷന്മാരെ വിസ്മയിപ്പിക്കാൻ (സമയം ഇല്ലാത്തവരാക്കുക എന്ന അർത്ഥത്തിലും) കഴിയുന്നവർ വിരളം തന്നെ. വേദങ്ങളിലും ഉപനിഷത്തുക്കളിലും പഠന ഗവേഷണങ്ങൾ നടത്തിയ ശകുന്തളാറാവുശാസ്ത്രിയെപ്പോലുള്ളവർ, പാശ്ചാത്യരും പൗരസ്ത്യരുമായ പൂർവ്വികർ തെളിയിച്ച വഴിയിലൂടെ സഞ്ചരിച്ചിട്ടേയുള്ളൂ. ഡോ. സുവർണ്ണ സ്വന്തമായ ഒരപഗ്രഥനമാർഗ്ഗം പുതുതായി തെളിയിച്ചിരിക്കയാണ്. ഇത്രയേറെ വിജ്ഞാനശാഖകൾ അരച്ചുകലക്കി കാച്ചിക്കുറുക്കി കുടിച്ചതിന്റെ ഔഷധവീര്യം പ്രസരിക്കുന്ന ഒരു ഉപനിഷദ്പഠനം നിർവഹിച്ച പുരുഷന്മാർപോലും ഉണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഈ നവയുഗബ്രഹ്മവാദിനിക്ക് സ്തോത്രമർപ്പിക്കാൻ ഉദ്യമിക്കുമ്പോൾ, വാക്കുകൾ നിവർത്തങ്ങളാകുന്നു.

വലുപ്പംകൊണ്ട് പ്രാമുഖ്യമില്ലെങ്കിലും ആശയഗഹനതയിൽ അപ്രതീക്ഷിതമായി കരുതപ്പെടുന്ന ഈശാവാസ്യത്തിന് നന്നെക്കുറച്ചു സ്ഥലമേ ഈ ഗ്രന്ഥത്തിൽ നൽകപ്പെട്ടിട്ടുള്ളൂ. അത്

എന്തുകൊണ്ടാണെന്ന് വ്യക്തമല്ലെങ്കിലും അതിലെ പ്രതിപാദ്യത്തിന് ആധുനികശാസ്ത്രങ്ങളോട് ബന്ധപ്പെട്ടമാനങ്ങൾ കുറവാണെന്നതാവാം കാരണമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. 3,4 മന്ത്ര ങ്ങളുടെ വ്യാഖ്യാനത്തിൽ അത്തരം മാനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഭഗവദ്ഗീതയിലെ നിഷ്കാമകർമ്മയോഗത്തിന്റെ ആലംബമെന്ന നിലയ്ക്ക് ഈശാവാസ്യത്തിനുള്ള പ്രാധാന്യം കൂടു തൽ വിവരിക്കേണ്ടതായിരുന്നെന്ന് തോന്നി. നിഷ്കാമകർമ്മതത്വത്തിന്റെ ബീജമെന്ന നിലയ്ക്കും ധനോപഭോഗകേന്ദ്രീകൃതമായജീവിതനിരീക്ഷണത്തിനെതിരായുള്ള ഒരു ഉദ്ബോധനമെന്ന നിലയ്ക്കും മാനവസമത്വകേന്ദ്രിതമായ ഒരു പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനരൂപരേഖയെന്ന നിലയ്ക്കും ഈശാവാസ്യത്തിലെ ഒന്നാം മന്ത്രത്തിന്റെ ഉത്തരാർദ്ധത്തിനുള്ള പ്രസക്തിയും പ്രാധാന്യവും ഇതുപോലൊരു പഠനഗ്രന്ഥത്തിൽ കൂടുതൽ ഊന്നൽ നൽകേണ്ട വിഷയങ്ങളാ യിരുന്നു എന്ന് കരുതുന്നവരുണ്ടാവും. ആദ്യത്തെമന്ത്രം സന്യാസിക്കുള്ളതെന്ന് സങ്കോചിപ്പി ക്കേണ്ടതുണ്ടോ. ഒമ്പതാം മന്ത്രം പണ്ഡിതന്മാരെ ഒട്ടേറെ കുഴക്കിയിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്ക പ്പെട്ടിട്ടുണ്ട്. കുഴക്കത്തിൽ നിന്ന് തീർത്തും രക്ഷപ്പെടുത്തുന്ന ഒരു നവ്യസമീപനം വിശ്വാസ്യ മായ രീതിയിൽ അവതരിപ്പിച്ചു കാണുന്നില്ല. അതുപോലെ അവിദ്യയാമൃതും തീർത്വാ വിദ്യായാ അമൃതമശ്നുതേ എന്ന പതിനൊന്നാം മന്ത്രാർത്ഥവ്യാഖ്യാനവും അപര്യാപ്തമായിത്തോന്നി. വേദോപനിഷത്തുക്കൾ ഉൾപ്പെടെ എല്ലാ അറിവുകളും ലൗകികരീത്യാ പ്രയുക്തമാകുമ്പോൾ അവിദ്യയും ആറാം മന്ത്രത്തിൽ സൂചിപ്പിക്കുന്ന സർവ്വഭൂതൈക്യബോധാനുഭൂതിവിദ്യയും (അപ രാവിദ്യ എന്നും പരാവിദ്യ എന്നും യഥാക്രമം മുണ്ഡകത്തിൽ) ആണെന്ന് പറയപ്പെട്ടിട്ടുണ്ട്. ആ നിലയ്ക്ക് അവിദ്യയാമൃത്യും തീർത്വാ എന്നതിനെ വരും തലമുറകളുടെ സ്മൃതിയിൽ മൃതിവ രാതെ ജീവിക്കാൻ അവിദ്യ ഉതകും എന്ന് വ്യാഖ്യാനിക്കുന്നതിന് ഉപപത്തിയുണ്ടല്ലോ. 17-ാം മന്ത്രത്തിലെ കൃതം സ്മര എന്ന ഉദ്ബോധനം ഇതിലേക്ക് സൂചകവുമാണ്. എന്നാൽ ഈ മൃത്യു സന്തരണം കൊണ്ട് അമൃതത്വ പ്രാപ്തിയില്ല. സർവ്വഭൂതൈക്യബോധാനുഭൂതി എന്ന വിദ്യകൊണ്ടു മാത്രമേ അതു സാദ്ധ്യമാകൂ. വിദ്യാനുഭൂതിയുണ്ടായാലും അതിൽ അഹംബുദ്ധിയോടുകൂടിയ രതി ആവേശിച്ചാൽ തമോലോകത്തിലേക്കുതന്നെ നിപതിക്കുമെന്ന മുന്നറിയിപ്പാണ് 9-ാം ശ്ലോക ത്തിൽ നൽകുന്നതെന്നും വ്യാഖ്യാതമായിക്കണ്ടിട്ടുണ്ട്. ജ്ഞാനം, ഭക്തി, കർമ്മം എന്ന മൂന്നു യോഗത്തിലും ഈ നിഷ്കാമതത്വം പ്രസക്തമാണെന്ന് നിർദ്ദേശിക്കുന്ന ഈശാവാസ്യദർശന ത്തിന് ഗീതയിൽ പരമപ്രാധാന്യം നൽകപ്പെട്ടിട്ടുണ്ടല്ലോ. വേദവാദരതരായി, കാമാത്മാക്കളായി, സർഗ്ഗപരരായി ഭോഗൈശ്വര്യപ്രസക്തരായി യാഗാദികർമ്മാനുഷ്ഠാനം നിർവ്വഹിക്കുന്നവരെ ഭഗ വദ്ഗീതയിൽ താഴ്ത്തിക്കെട്ടുന്നതിന് (242.44) ഈശാവാസ്യവും മുണ്ഡകവും പ്രേരകമായിട്ടു ണ്ടെന്ന് വ്യക്തമാണ്.

വേദങ്ങളിലെ പ്രതീകാത്മകമന്ത്രങ്ങൾക്ക് പലപ്പോഴും ആധിഭൗതികവും ആദ്ധ്യാത്മികവും ആധിദൈവികവുമായ അർത്ഥങ്ങളുണ്ട് എന്ന് അഭിദർശിക്കപ്പെട്ടിട്ടുണ്ട്. ആധിദൈവികാർത്ഥങ്ങൾ സുവിസ്മൃതമായി ഉപന്യസിക്കുന്ന ഡോ. സുവർണ്ണ മുണ്ഡകോപനിഷത്തിലെ ദ്വാ സുപർണ്ണാ എന്നു തുടങ്ങുന്ന വേദമന്ത്രത്തിന് ഋഗ്വേദപ്രകരണത്തിൽ ചിലർ ചൂണ്ടിക്കാട്ടിയിട്ടുള്ള ആധിദൈ വികാർത്ഥത്തെ പറ്റി പ്രതിപാദിച്ചുകാണുന്നില്ല. രണ്ടാം ഖണ്ഡത്തിലെ 11-ാം മന്ത്രത്തിന്, ഗർഗ്ഗന്റെ ജ്യോതിശ്ശാസ്ത്രദർശനവും ബൃഹദാരണ്യകത്തിന്റേതിൽ ജെസ്റ്റാൾട്ട് ദർശനരീതിയും വിവരിക്കു ന്നുണ്ടെങ്കിലും ഇവയിൽ നിന്നു കിട്ടിയ തത്വബീജങ്ങൾ നട്ടുവളർത്തി പാശ്ചാത്യമനഃശ്ശാസ്ത്ര

ജ്ഞർ (യുങ്ങും ലക്കാനും മറ്റും) ആവിഷ്കരിച്ച പദ്ധതികളെപ്പറ്റി പരാമർശിക്കുന്നില്ല. ഊർജ്ജതന്ത്രത്തിൽ സ്റ്റീഫൻഹോക്കിങ്ങ് വരെയുള്ള ശാസ്ത്രജ്ഞന്മാരുടെ ചിന്തകളെ ഉപനിഷത്തത്ത്വങ്ങളോടു സമന്വയിപ്പിച്ച് പ്രതിപാദിക്കുന്നുണ്ട്. ശങ്കരന്റെ അദ്വൈതത്തേയും ഗ്രാന്റ് യൂണിഫിക്കേഷൻ തിയറിയേയും കൂട്ടിച്ചേർക്കുന്നുണ്ട് (പേജ് 559) ശങ്കരൻശമണവിരോധിയായിരുന്നില്ല എന്നു സ്ഥാപിക്കാൻ വേണ്ടിടത്തോളം ബുദ്ധദർശനത്തേയും ശങ്കരദർശനത്തേയും ആഴത്തിൽ പഠിച്ചിരിക്കുന്നു. (പേജ് 817).

ഈ ഗ്രന്ഥത്തിലെ ഒരു വൈകല്യം, കടുകു വറുത്തിട്ടപോലെ പൊങ്ങികിടക്കുന്ന അക്ഷരത്തെറ്റുകളുടെ സമൃദ്ധിയാണ്. രണ്ടാം പതിപ്പിൽ ഇവ പരിഹൃതമാകുമെന്ന് കരുതാം. ഒരു ഇൻഡക്സും ഇതുപോലൊരു മഹദ്ഗ്രന്ഥത്തിന് ആവശ്യമുണ്ട്.

സംഗീതം ഓർമ്മയാണ്

ആഷാമേനോൻ

ഓർമ്മയിൽ നിന്നുതന്നെ തുടങ്ങട്ടെ. അഞ്ചുവർഷം മുമ്പ് ആഞ്ജനേയക്ഷേത്രത്തിൽ, അയോധ്യയിലെ പ്രസിദ്ധമായ ഹനുമാൻ ക്ഷേത്രം, ചെന്നു കയറിയത് സംഗീതത്തെ കുറിച്ചുള്ള നിനവുകൾ ശ്രവിപ്പിക്കുക എന്നു കരുതിയായിരുന്നില്ല. ഒരുപാടു പഴക്കമുള്ള ഈ ബിംബം ബാലഹനുമാന്റേതാണ്. കുരുക്ഷേത്രത്തിലോ സിംലയിലോ ഉള്ള കൂറ്റൻ മാരുതി വിഗ്രഹത്തിനു ബദൽ, അയോദ്ധ്യയിലെ ഒരു പ്രാചീന ഒളി, നിശ്ചയം, ഇവിടെ കണ്ടെത്താം. ഭക്തരുടെ, കൂടുതലും സ്ത്രീകളാണ്, നിരന്തരപ്രവാഹമാണ്. കുറെ പടവുകൾ കേറി ചെന്ന് വേണം ബാലഹനുമാന് പുഷ്പമോ മാലയോ ചാർത്താൻ. സരയുവിൽ നിന്ന് കുളിച്ചെത്തിയ എനിക്ക്, ആ കാഴ്ച ആകർഷകമായി തോന്നി. ഉത്തരേന്ത്യക്കാരുടെ പ്രധാന ദേവതകൾ, ഗണപതിയും ഹനുമാനുമാണെന്നതിനെ അടിവരയിടുന്ന ആ തിരക്ക് അങ്ങനെ നിന്നു കണ്ടത് ഓർമ്മയുണ്ട്. വൈയ്യാകരണനെന്ന നിലയ്ക്കല്ല, ഹനുമാനുള്ള പ്രസിദ്ധി സംഗീതജ്ഞനെന്ന നിലയ്ക്കാണ്. ഈ ബാല്യത്തിലും സംഗീതം ഗ്രാഹ്യമായിരുന്നോ ഹനുമാന്. സൂര്യനു നേരെ സുവർണ്ണഫലമെന്നും ചിന്തിച്ച് കുതിക്കുന്ന പ്രായത്തിലും, രാമായണത്തിൽ എവിടെയെങ്കിലും ഹനുമാന്റെ സംഗീതോന്മുഖത പ്രകടമാവുന്നോ എന്ന് തിട്ടമില്ല. എങ്കിലും സംഗീതോപാസകർക്ക് എപ്പോഴും കാമ്യം നാരദനെക്കാളേറെ ഹനുമാനാണ്. ചേര ചോള പാണ്ഡ്യ സംസ്കൃതിയിൽ സംഗീതാഭ്യസനം കേന്ദ്രീകരിച്ചിട്ടുള്ളത് ഹനുമാനിലാണെന്നു പറഞ്ഞത് ഡോ. സുവർണ്ണ നാലപ്പാട്ടാണ്. ഈ ലേഖനം സംഗീതത്തെക്കുറിച്ചെന്നതിനേക്കാൾ അവരുടെ വൈഭവങ്ങളെക്കുറിച്ചാണ്. ഇതിനുമുമ്പ്, രാവണന്റെ പഞ്ചാമരം പോലെ, നാരദന്റെ നാരദഭക്തി കല്പലതപോലെ, ഒരു സ്ത്രോത്രം ഹനുമാന്റെ പേരിൽ പ്രാമാണ്യമാർജ്ജിച്ചിട്ടില്ല. നിർവ്വിശേഷമായ ഭക്തി ഒന്നുകൊണ്ടുമാത്രം ഹനുമാന്റെ സംഗീതം പുണ്യതരമായതാണ്. സംഗീതം സസ്യത്തെ മാത്രമല്ല, ശിലയേയും അലിയിക്കുമെന്ന ഊഹത്തിനു പിന്നിൽ ഹനുമാന്റെയും നാരദന്റെയും സംഗീതോന്മീലനത്തിന്റെ ഒരു കഥയുണ്ട്. ഗന്ധമാദനത്തിൽ ഒരിക്കൽ ഹനുമാന്റെ സംഗീതത്തിന് കാതോർത്തു നിൽക്കുകയുണ്ടായി. നാരദൻ മഹാവിഷ്ണുവിന്റെ കൃത്യമായ നിർദ്ദേശാനുസാരിയായി. സംഗീതം കറതീർന്ന് അഭ്യസിക്കണമെങ്കിൽ പോവേണ്ടത് ഹനുമാന്റെ സമീപമാണ്. ശംഖചക്രഗദാപത്മം മാത്രമല്ല മഹാവിഷ്ണുവിനോട് അന്വയിക്കുക മുരളി കൂടിയാണ്. അതാവട്ടെ, ശിവന്റെ ഡമരുവെക്കാളേറെ ലയബദ്ധവുമാണ്. ഹനുമാന്റെ ശ്രുതി പ്രവാഹത്തിൽ സ്വയം മറന്ന നാരദന് തന്റെ വീണ പാറയിൽ വെച്ചെന്നും സംഗീതത്തിന്റെ സാരമായ ശ്രുതി മാധുരിയിൽ ശിലദ്രവമയമായെന്നും എത്ര ചേതോഹരമായ കഥകളാണ് ഈ പൈതൃകത്തിൽ. ഇതിനിടയിൽ ഉറഞ്ഞുപോയ വീണ നാരദൻ തന്റെ ആലാപനം കൊണ്ട് വൃഥാവിൽ തിരിച്ചെടുക്കാൻ ശ്രമിച്ചത്രെ. പാറ അലിഞ്ഞതില്ല. വീണ്ടും ആഞ്ജനേയൻ അമൃതവർഷിണിയിൽ ആ ശിലാകണങ്ങളെ അലിയിക്കുകയും നാരദന് വീണ പുനർലബ്ധമാവുകയും ചെയ്ത കഥയുടെ രാഗസൂത്രം ഇത്രയുമാണ്. ഹനുമാന്റെ സുച്യഗ്രം പോലുള്ള ചേതന ധ്യാനാത്മാകമായ നിർവ്വഹണങ്ങൾക്ക് ഏറ്റവും സമുചിതമായ ഒന്നാണ്. നാരദനെപ്പോലെ ഒട്ടു വ്യവഹാരങ്ങളിൽ മാരുതി ഭാഗഭാക്കായിരുന്നില്ലല്ലോ.

ഡോ. സുവർണ്ണ നാലപ്പാട്ടിന്റെ ഗംഭീരസമന്വയമായ രാഗചികിത്സാമൃതത്തിൽ, മാരുതി ശിലയെ ദ്രവീഭവിപ്പിച്ച കഥ ഓർമ്മിക്കുന്നുണ്ട്, രാഗചികിത്സയുടെ പൂർവ്വചരിത്രത്തിൽ. ഒപ്പം

ശ്രീകൃഷ്ണന്റെ പുല്ലാങ്കുഴൽ പശുപക്ഷികളെ പോലും വിസ്മൃതിയിലാക്കിയ കഥയും രാഗ ചികിത്സ നടത്തിയതായി പരാമർശിച്ചെങ്കിലും സംഗീതത്തിന്റെ അമൃതവാഹിനി മനുഷ്യശരീര ത്തിൽ മാത്രമല്ല, ഇതര ചരാചരങ്ങളിലും ഏല്ക്കുന്ന സൂചന നല്കുന്നുണ്ട്. സുശ്രുതൻ രാഗങ്ങൾ ഉപയോഗിച്ച് രോഗികളിൽ സമ്മോഹനം ഉളവാക്കിയത് കഥയല്ല. ശല്യചികിത്സയ്ക്ക് പ്രാരംഭമാ യാണ് അദ്ദേഹം അത് അവലംബിക്കുന്നത്. അശ്വിനീദേവകളുടെ ശാബ്ദികഭേഷജം പോലും, ഒരു രീതിയിൽ വാസ്തവത്തോട് അടുത്തു നിൽപുണ്ട്. ലേപനങ്ങളിലൂടെ തൊലിയുടെ ചുളിവുകൾ നികത്താമെന്നത് അസംഭവ്യമല്ലല്ലോ. കായകല്പമാവട്ടെ തൊലിക്കകത്തും പുറത്തുമുള്ള പ്രായാ ധിക്യങ്ങളാണ് മാറ്റിക്കൊടുക്കുക.

രാഗചികിത്സാമൃതംപോലത്തെ ഒരു ഗവേഷണ ഗ്രന്ഥം സ്പർശിക്കുമ്പോൾ ഒരുപാട് കരു തലുകൾ ആവശ്യമുണ്ട്. രോഗവും രാഗവും മാത്രമല്ല ഇവിടെ കെട്ടുപിണയുന്നത്, ധ്യാനവും സ്വപ്നവും കൂടിയാണ്. ഇവ തമ്മിലുള്ള ചേതോഹരമായ സമന്വയം തന്നെയാണ് പ്രസ്തുത ഗ്രന്ഥത്തെ ആധികാരികമാക്കുക. വിവിധ മണ്ഡലങ്ങളിലെ അറിവുകൊണ്ടുമാത്രം ഈവിധമൊരു ഗ്രന്ഥം ഉളവാകുകയില്ല. അനുഭൂത്യോന്മുഖമായ ഒരു ചേതനകൂടി അതിൽ മിടിക്കേണ്ടതുണ്ട്. സുശ്രു തനൊപ്പം ത്യാഗരാജസ്വാമിയും തിരുജ്ഞാനസംബന്ധരും രാഗചികിത്സ ചെയ്തിരുന്നതായി അവർ പറയുമ്പോൾ, അതിന്റെ സ്വാരസ്യം വേറിട്ടതാണ്. ആസാംഗത്യത്തിൽ പ്രസ്തുത സംഗീതജ്ഞ രുടെ ആലാപങ്ങൾ മനസ്സിലാക്കപ്പെട്ടിരുന്നില്ലെങ്കിലും സംഗീതം, മനുഷ്യശരീരത്തിൽ എങ്ങനെ ഹിതകരമാണെന്ന് അവർ ഈ ബൃഹദ്ഗ്രന്ഥത്തിൽ ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ട്. മനുഷ്യന് ഒരു ബയോ മെഡിക്കൽ സെൽഫ് ഉണ്ടെന്നത് നമുക്ക് ചിലപ്പോൾ പുതുതായി തോന്നാം. സ്വഭാ വവും സ്വത്വവുമാണല്ലോ. നാം സാധാരണ ബന്ധിച്ചു കാണാറ്. പക്ഷേ ഈ സ്വഭാവത്തിനു പിന്നിൽ, മനുഷ്യശരീരത്തിലെ ഗ്രന്ഥികളും സ്രാവങ്ങളും രസതന്ത്രവും പ്രവർത്തനക്ഷമമാവുന്നെന്ന് നാം ഉൾക്കൊള്ളേണ്ടതുമാണ്. ഒരു സസ്യത്തേക്കാൾ ഏറെ സങ്കീർണ്ണമായിത്തന്നെ, ആ ചയാപചയം സദാ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിനാൽത്തന്നെ, സസ്യങ്ങൾ അങ്ങനെ രോഗവശഗരാവു ന്നില്ല.

അസ്ഥികളിൽ നിന്ന് മുരളികൾ

ഏറ്റവും പ്രാചീനമായ സംഗീതോപകരണം നന്തുണിയോ ശതതന്ത്രിയോ മിഴാവോ അല്ല, അത് മനുഷ്യശരീരം തന്നെയാണ്. നാദബ്രഹ്മത്തിന്റെ കണികകൾ, ഈ പേശികളിലൊക്കെയും ഗ്രന്ഥികളിലൊക്കെയും നിഹിതമാണ്. അതിനാൽ ഗാത്രവീണ, ഇത്തരത്തിൽ ഗാത്രവീണയെക്കു റിച്ച് ഒരു ശകലതജ്ഞാനം പോലുമില്ലാത്ത നിയാൻഡർതാൽ മനുഷ്യനും മൃതരായ കൂറ്റൻ ജീവി കളുടെ എല്ലുകൾ കൊണ്ട് പുല്ലാങ്കുഴൽ നിർമ്മിച്ചിരുന്നതായും അവയിലും സംഗീതം, എന്തോ രീതിയിൽ പുറപ്പെടുവിച്ചിരുന്നതായും രേഖകളുണ്ടത്രെ. ഡോ. ഫ്രെഡറിക് സിംബർഗർ ഈ നിയാൻഡർതാൽ മനുഷ്യന്റെ ചാതുരിയെപ്പറ്റി അസ്ഥിമുരളികൾ, എന്തൊരു വിചിത്രസങ്കലനം- നിഷ്കർഷിച്ചു പറഞ്ഞിട്ടുണ്ട്. ഇന്ത്യൻ രാഗങ്ങൾ, ഗാന്ധാരം, പഞ്ചമം, ധൈവതം, ഷഡ്ജം തുട ങ്ങിയ സ്വരങ്ങളും വായിക്കാമെന്ന് കണ്ടെത്തിയിരിക്കുന്നു. സംഗീതത്തിന്റെ രസാനുഭവം മസ്തി ഷ്ക്കത്തിന്റെ കോശങ്ങളുമായി ഇഴ ചേർക്കപ്പെട്ടിരിക്കുന്നു. പൂർവ്വകാലം തൊട്ടേ, ഓർമ്മയുടെ കോശങ്ങളും ഇവിടെത്തന്നെയാണ്. മസ്തിഷ്ക്കത്തിന്റെ മൂന്നാം അടരിൽ, മനുഷ്യരാശിക്ക് ഒരു പ്രോട്ടോഹിസ്റ്ററി, പൂർവ്വചരിത്രം- ഒരു പക്ഷേ രേഖപ്പെടുത്താനാവാതെ പോയത്- ഉണ്ടെന്നത് വാസ്ത

വമാണ്. അതിനൊപ്പം ഒരു പ്രൊട്ടോമ്യൂസിക്കും ഈ ഹോമോസാപ്പിയരിലുണ്ട്, നിശ്ചയം, സംഗീതം, പുരാതനമായ ഒരു ഓർമ്മയെ തൊട്ടുണർത്തുന്നുവെന്നത്, അപ്പോൾ കവിതയല്ല, ശിരോകോശസംബന്ധിയായ ഒരു വസ്തുതയാവുന്നു. ജീവശാസ്ത്രപരമായ ഒരു പൈതൃകം തന്നെയാണ് ഈ വാസന, ജന്മാന്തരവാസനയെന്നും പറയാം. സംഗീതസ്വരങ്ങൾ പുറപ്പെടുവിക്കാൻ കഴിഞ്ഞത് മനുഷ്യശരീരത്തിലെ അത്ഭുതപ്രതിഭാസമാണെന്ന് ഡാർവിൻ, തന്റെ പരിണാമ സംബന്ധിയായ അന്വേഷണങ്ങൾക്കിടക്ക് എഴുതുകയുണ്ടായി. 1871–ൽ അതിന് എത്രയോ മുമ്പാവണം നാം നേരത്തെ പരാമർശിച്ച നിയാൻഡർത്താൽ മനുഷ്യൻ ജീവവായുവെ അസ്ഥികളിലെ സുഷിരങ്ങളിലൂടെ വിന്യസിക്കാൻ മുതിർന്നത്. മുരളിക്ക്, തീർച്ചയായും നാദസ്വരത്തിനും, ഒരു സവിശേഷതയുള്ളത് നിങ്ങൾ ശ്രദ്ധിച്ചിരിക്കണം. പ്രാണവായുവെ ആണ് അവിടെ സംഗീതപല്ലവികളായി പരിവർത്തിപ്പിക്കുക. ചർമ്മവാദ്യങ്ങളോ തന്ത്രീവാദ്യങ്ങളോ വിശ്രുതമായ ശതതന്ത്രിപോലുമോ ജീവഗതിയല്ല സംഗീതമാക്കുക.

ഷഹനായിയും മുരളി പോലെതന്നെ, ജീവവായുവെ, അവനവന്റെ ശ്വാസഗതിയെ, സ്വരമൂർച്ഛയിലെത്തിക്കാൻ പോന്നവയാണ്. വായുവിന്, വാനത്തിൽ ഗാനം ചെയ്യുന്നതെന്ന അർത്ഥം സങ്കൽപിക്കപ്പെട്ടിട്ടുണ്ട്. (വിഷ്ണുസഹസ്രനാമത്തിൽ) ഭൂമിയാകെ ജീവന്റെ പുണ്യഗന്ധം പരത്തുന്നത് വായുവാണ്. ജലത്തിലും സംഗീതം മിടിക്കുമെങ്കിലും അതിന്റെ തുളകൾ വിഭ്രാമകമാണ്. പുറമെ ശരീരത്തിലെ ജലകണികകൾ അങ്ങനെ ഇഛാനുസാരിയായി സ്രവിപ്പിക്കുക അസാധ്യമാണ്. അതിനാൽ ശ്വാസഗതിയുടെ അപാനനും ഉദാനനും വ്യാനനുംഉൾപ്പെട്ട. അന്തർവ്വായുവിന്റെ താളാത്മകത പുരാതനമായ ഈ സംബന്ധം മനസ്സിലാക്കുമ്പോൾ രാഗചികിത്സ എങ്ങനെ കാര്യക്ഷമമാകുന്നു എന്നതേക്കുറിച്ച് നമുക്ക് സന്ദേഹങ്ങളില്ല. ഈ ശ്വാസഗതിക്ക്, നിശ്ചയമായും ഒരു താളവ്യവസ്ഥയുണ്ട്. അതിന്റെ തീരെ നേർത്ത വ്യതിചലനങ്ങൾ സ്പർശിച്ചറിഞ്ഞുകൊണ്ടാണ് ജീവൻമശായ് ഓരോ രോഗിയുടെയും ആയുസ്സ് നിർണ്ണയിച്ചത്. മാതൃസ്പന്ദനത്തിന്റെ വൈഖരി ഏറ്റുവാങ്ങിക്കൊണ്ടാണ് ഓരോ ശിശുവും ഗർഭപാത്രത്തിന്റെ പശിമയിൽ രൂപം കൊള്ളുക. പ്രപഞ്ചത്തിന് അതിന്റേതായ ഹാർമോണിക്സ് ഉണ്ടെന്നും അതിന്റെ സൂക്ഷ്മമായ ചരണമാണ് മനുഷ്യജീവിയിൽ സ്പന്ദിക്കുന്നതെന്നും ഡോ. സുവർണ്ണ നാലപ്പാട്ട് എഴുതുന്നു. ഈ താളക്രമത്തിന് എങ്ങനെയോ വിഛിത്തി വരുമ്പോഴാണ് രോഗത. ഈ താളക്രമം പുനർലഭിക്കുമ്പോൾ, രോഗം മാറുന്നു. ജൈവരസതന്ത്രപ്രധാനമായ സ്വത്വം ഉണ്ടെന്നു പറഞ്ഞല്ലോ. ഹോർമോണുകൾ, അവയിൽ നിന്നുള്ള ദ്രവങ്ങൾ, ആന്തരികമായ സന്തുലനക്രമം, പൊട്ടാസ്യത്തിന്റേയും സോഡിയത്തിന്റേയും മറ്റും അനുപാതങ്ങൾ, ജലവും കാറ്റും തീയും ഭാഗഭാക്കാവുന്നവ. ഇവയൊക്കെയാണ് എന്നേയും നിങ്ങളേയും സുവർണ്ണനാലപ്പാട്ടിനെത്തന്നെയും സാധ്യമാക്കുന്നത്. ഹോമിയോസ്റ്റാസിസ്, അല്ലെങ്കിൽ ആന്തരികമായ ശമാവസ്ഥ ഇതിൽ നിന്നു തന്നെയാണ് കതിൽപൊട്ടുന്നത്. ഇതിനാവട്ടെ, പ്രകൃതിയുമായി, പ്രപഞ്ചവുമായി ഗാഢമായ ചാർച്ചകളുണ്ട്. നാദലയയോഗമെന്ന സംഗീതോപാസനയെക്കുറിച്ച് പറയുമ്പോൾ അവർ സസ്യങ്ങളുടെ പ്രധാനധർമ്മം ആരായുന്നു. സൂര്യപ്രകാശം നേരിട്ടു വലിച്ചെടുത്ത് സ്വയം അന്നം സൃഷ്ടിക്കുന്നവയാണ് വനസ്പതികൾ, പ്രകാശസങ്കലനം എന്ന് നാമതിനെ മനസ്സിലാക്കിയിട്ടുണ്ട്. ഇവയുടെ നിയമപ്രകാരമുള്ള കൂട്ടുകൊണ്ടേ ത്രിദോഷ സാമ്യത്തോടെ നിരാമയനായി (ആമയങ്ങൾ തീരൽ) ഒരു വ്യക്തി, സ്ത്രീയോ, പുരുഷനോ. പുലരുകയുള്ളൂ, അന്നപൂർണ്ണേശ്വരിയായ പ്രകൃതി– അന്നം കൊണ്ട് പൂർണ്ണയായ പ്രകൃതി– നമ്മുടെ സ്ഥൂല ശരീരം

സൃഷ്ടിച്ചത് ധർമ്മാനുസന്ധാനത്തിനാണ്. ശരീരമാദ്യം ഖലു ധർമ്മസാധനം, ശരീരമുണ്ടെങ്കിലേ ശരീരാതീതത്വത്തിലേക്ക് കയറിച്ചെല്ലാവൂ. ഈ പ്രക്രിയകളിലൊക്കെയും അനാദ്യന്തമായ ഒരു താളം സ്പന്ദിക്കുന്നുവെന്നു കാണുക. സംഗീതത്തിന്റെ സാർവ്വലൌകികത്വം തന്നെയാണത്. ഭാഷാഭേദ ങ്ങൾക്കപ്പുറം, ശരീരഭേദങ്ങൾക്കപ്പുറം

മാതംഗന്റെ കഥ

ഇന്ത്യയുടെ സംഗീതപാരമ്പര്യം എന്ന അധ്യായത്തിൽ മാതംഗന്റെ ബൃഹദേശിയെക്കുറിച്ച് ചില അയാഥാസ്ഥിതികസൂചനകളുണ്ട്. തന്റെ കാലത്തെ സംഗീതശാസ്ത്രത്തെ സംക്ഷേപിക്കു മ്പോൾ മതംഗൻ, ശബരന്മാർ, പുളിന്ദന്മാർ തുടങ്ങിയ ആദിമവർഗ്ഗക്കാർക്ക് നൈപുണി ഉണ്ടായിരു ന്നതായി അഭിപ്രായപ്പെടുന്നു. യോഗവും തന്ത്രവും സംഗീതശാസ്ത്രത്തിൽ ഉൾച്ചേർന്നിരിക്കുന്നു. നിയാൻഡർ താൽ മനുഷ്യൻ, ഭിന്നഷഡ്ജവും മോഹനവും പാടുന്ന പ്രാകൃതനായിരുന്നതുപോലെ മതംഗനും അദ്ദേഹത്തെ മുനി എന്നു വിശേഷിപ്പിക്കുന്നുണ്ടെങ്കിലും ഒരു ഗോത്രിയായിരിക്കണം. മതംഗൻ എന്ന പദത്തിന് സംസ്കൃതത്തിൽ വിവിധാർത്ഥങ്ങളുണ്ട്. മുനിയെന്നോ അഷ്ടദിഗ്ഗജങ്ങ ളിലൊന്നെന്നോ മേഘമെന്നോ തീർഥമെന്നോ ഒക്കെ. സംഗീതം വരേണ്യവർഗ്ഗക്കാരുടേതു മാത്ര മെന്ന സങ്കൽപം ആരെങ്കിലും വച്ചു പുലർത്തിയിട്ടുണ്ടെങ്കിൽ അത് ഇവിടെ നിർഭീകം തിരുത്ത പ്പെടുകയാണ്. ചണ്ഡാലനെന്ന അർത്ഥവും മതംഗനുണ്ട്. ചണ്ഡാലൻ ബ്രാഹ്മണസ്ത്രീയിൽ അംബ ഷ്ഠനായ പുരുഷന്റെ ബീജാവാപം മൂലമാണ് ജന്മം നേടുക. അംബഷ്ഠൻ വൈദ്യനാണ്. വാദ്യപ്ര ബന്ധത്തിൽ കുടവർണ്ണത്തിൽ, യതി അഥവാ ജക്ക എന്നൊരു പ്രയോഗമുണ്ട്. ഇടക്ക് നിൽക്കുന്നു എന്ന സാംഗത്യത്തിൽ യതി മുനിയുമായി നാം പണ്ടേ അന്വയിച്ചിട്ടുണ്ട്. മതംഗൻ ശബരിമലയിൽ ജീവിക്കയും ശരീരം യോഗാഗ്നിയിൽ ജ്വലിപ്പിക്കയും ചെയ്തുവെന്നും ആ യോഗാഗ്നി വർഷത്തി ലൊരിക്കൽ ദിക്കുകളെ പ്രകാശിപ്പിച്ചുകൊണ്ട് ആകാശത്തിൽ ഗോചരീഭവിക്കുന്നു എന്നും ആദി മവർഗ്ഗക്കാർ വിശ്വസിച്ചു പോന്നു. മകരജ്യോതിയെ ഇതിനോടു സാദൃശ്യപ്പെടുത്തി ചില ആലോ ചനകൾ വന്നിട്ടുണ്ട്. മതംഗൻ, യഥേഷ്ടം പാടിപ്പടർന്ന് കാമചാരിയായി സഞ്ചരിച്ചപ്പോഴാണ് ആന ന്ദഹേതുകമായ അഭൌമസംഗീതം ഉളവായത്. ദേശീ സംഗീതത്തിന്റെ ബൃഹത്തായ ഗ്രന്ഥമാണ് ബൃഹദേശി. ഇന്ത്യൻ സംഗീതത്തിന്റെ ജന്മസ്ഥാനത്താണത് നിലകൊള്ളുക. ഭാരതിയായ കാമമെ ന്നത്, സംഗീതാശ്ലേഷിയായ, ഭാവരാഗതാളസമന്വിതമായ കാമത്തിന്റെ പേരുതന്നെയാണ്, തെറ്റു കളെ ഇപ്രകാരം സംഗീതവുമായി ഇഴചേർക്കുന്ന മറ്റൊരുപദം വേറെ ഏതു സംസ്കൃതിയിലുമി ല്ലെന്നു തന്നെ നിരൂപിക്കാം.

രാഗങ്ങൾ, രാഗചികിത്സ എപ്രകാരം മനസ്സിനെ, ശരീരത്തെ ആർദ്രീഭവിപ്പിക്കുമെന്ന് ആരാ യുന്നതിന് മുമ്പ്, എന്റെ സദാത്മകമായ സംശയത്തിന് അറുതി തേടുന്നതെങ്ങനെയെന്ന ആലോ ചന വരുന്നുവല്ലോ. സംഗീത നിർഭരമായ ഒരു സ്വത്വത്തിൽ വൈപരീത്യങ്ങൾ വന്നുഭവിക്കരുതെ ന്നാണ് ഇത്രയും മകിഴ്ചകൾക്കും ശേഷം നാമെത്തേണ്ട ഒരു നിർണ്ണയം. പക്ഷെ അത് അങ്ങനെ യല്ലല്ലോ. സംഗീതത്തുന്റെ അഗാധത സ്വയം അനുഭവപ്പെട്ട എം. ഡി. രാമനാഥൻ അർബ്ബുദവശഗ നായിരുന്നു. മഹാരാജപുരം സന്താനം വിലക്ഷണമായ ഒരു കാറപകടത്തിൽ ആ താളവിഛിത്തി അദ്ദേഹത്തിൽ നിന്ന് ബാഹ്യമായിരുന്നെന്ന് ഉന്നയിച്ചാലും- കാലം ചെയ്തു. ഒരു ചെമ്പൈയോ ബിസ്മില്ലാഖാനോ മാത്രമാണ് തങ്ങളുടെ ആവൃത്തികൾ, സുഗമമായി പര്യവസാനിപ്പിച്ചത്. ഇതിന്

അറുതി തേടാമെന്ന വ്യാമോഹം ലവലേശമില്ലാതെ ഇങ്ങനെ വരും വരായ്ക ഏതു രാഗചികിത്സ ക്കും സംഭവ്യമാണ് എന്ന് ചൂണ്ടുക മാത്രമേ ഉദ്യേശ്യമുള്ളു. എല്ലാ രാഗചികിത്സകൾക്കും അപ്പുറ മാണ് ജീവന്റെ ആദ്യവസാനങ്ങൾ. അല്ലെങ്കിൽ അതിനിടയ്ക്കുള്ള സ്വരഭേദങ്ങൾ. സംഗീതജ്ഞരെ ഈശ്വരതുല്യരായി പരിഗ്രഹിച്ച ക്ലോദ് ലെവിസ്ട്രാസ് നൂറ്റൊന്നു വയസ്സെത്തുമ്പോഴേക്കും ഭീതിദ മായ വക്രിച്ചകൾ പിന്നിട്ടുകഴിഞ്ഞിരുന്നു. അതുപോലെ എത്രയോ പാശ്ചാത്യസംഗീതപ്രഭാവർ, പുല്ലാങ്കുഴലിനെ മാധുര്യത്തിന്റെ സീമാതിതത്വത്തിലേക്ക് നയിച്ച മഹാലിംഗം തന്റെ ജീവിതാവ സാനം വിശ്ലഥമഞ്ജരികളാക്കിത്തീർത്തല്ലോ.അറിയുക, അനുഭവിക്കുക എന്ന അന്യുസ്യൂതപ്ര ക്രിയയിലൂടെ ബ്രഹ്മാനന്ദസോദരമായ ലൗകികാനന്ദം സ്വാംശീകരിച്ചവരായിരുന്നു. അവരെല്ലാം സംഗീതത്തിന്റെ വൈഷണയികത ഭേദിച്ച ആളായിരുന്നു എം.ഡി. രാമനാഥൻ എന്നുകൂടി വ്യക്ത മാക്കട്ടെ. മാധുര്യം എന്ന അവസ്ഥയല്ല, അദ്ദേഹത്തിന്റെ സംഗീതത്തിന്, ആഴങ്ങളിലെ ഝണൽക്കാ രമാണ്. മനുഷ്യന്റെ വാഴ്വ് ഇവ്വിധം ഝണൽക്കാരങ്ങൾ കൊണ്ടു നിറഞ്ഞതാവട്ടെ. ഇവ്വിധം വരും വരായ്കകൾക്ക് പാടേ വിധേയമാവുന്നു എന്നു പറഞ്ഞു വെക്കട്ടെ.

രാഗചികിത്സയുടെ ശമനങ്ങൾ

രാഗചികിത്സയുടെ ഭവിഷ്യത്തുക്കളെക്കുറിച്ച് പരാമർശിക്കുന്നതിനു മുമ്പ് നാദലയത്തിന്റെ ഒരനുഭവം സ്പർശിക്കേണ്ടതുണ്ട്. ഭൈരവി ഒരു നാദമാണ് എന്ന ലേഖനം, ഞാൻ അറിയാതെ എഴുതിയതാണ്. ഭൈരവി ജീവൻരാഗമാണ് എന്ന് അറിയാതെ (സമകാലിക മലയാളത്തിൽ തന്നെ, നാലുവർഷം മുമ്പ്) പക്ഷേ കുന്നക്കുടി വൈദ്യനാഥൻ അബോധാവസ്ഥയിൽ കിടന്നിരുന്ന തന്റെ പിതാവിനെ ബോധമണ്ഡലത്തിലേക്ക് ആനയിച്ചത് പ്രാതഃ കാലത്തുള്ള തുടർച്ചയായ ഭൈരവി നാദാലാപനയിലൂടെയായിരുന്നു. വയലിന്റെ തന്ത്രികളിലെ സമ്മോഹനം, ആ പിതാവിന്റെ മസ്തി ഷ്ക്കരന്ധ്രങ്ങളെ തുറപ്പിക്കുകയായിരുന്നു. അടഞ്ഞുപോയ സ്മൃതിയുടെ ചാലുകളിലേക്ക് ആഴ്നന്നി റങ്ങിയ സ്വരമാർദ്ദവങ്ങൾ- ഒരു ഭിഷഗ്വരന്റെ നിർദ്ദേശപ്രകാരം തന്നെയാണ് കുന്നക്കുടി വൈദ്യ നാഥൻ അവ്വിധമൊരു ചികിത്സയ്ക്ക് തുനിഞ്ഞത്. സംഗീതത്തിന്റെ ആർദ്രതപ്രഭാവത്തെക്കുറിച്ച് ആ ഭിഷഗ്വരനും പരിണതപ്രജ്ഞനായിരിക്കണം. മറ്റു ഔഷധങ്ങളിൽ ചിലതെങ്കിലും എൺപത് കഴിഞ്ഞ ആ വൃദ്ധന്റെ ശരീരത്തിലേക്ക് ചെന്നിട്ടുണ്ടാവണം. പക്ഷേ അദ്ദേഹത്തിന്റെ ശിരോകോ ശങ്ങൾ ഏറ്റവും ക്രിയാത്മകമായി ഉണർത്തപ്പെട്ടത്, ആ വയലിൻ ആലാപനയിലെ ഭൈരവിയിലാ ണ്.

രാഗചികിത്സ ഒരു ഹോളിസ്റ്റിക് സമ്പ്രദായമാണ് അവലംബിക്കുന്നത്. രോഗിയെ മുഴുവ നായും അത് സമീപിക്കുന്നു. പരിചരിക്കുന്നു. ആ വ്യക്തിയുടെ ആന്തരികവും ബാഹ്യവുമായ പ്രവാഹങ്ങൾ അത് പരിഗണിക്കുന്നു. ശരീരത്തിൽ മർദ്ദബിന്ദുക്കൾ എന്നതുപോലെ ശാന്തബിന്ദു ക്കളുമുണ്ട്. ഇവയുടെ സന്തുലനം ഏതൊരു ശരീരത്തിന്റേയും സന്തുലനത്തിന് അനിവാര്യവുമാ ണ്. ഹൃദയതാള ക്രമീകരണത്തിൽ, ഒരു പേസ്മേക്കറായി, സ്പന്ദകാരകമായി സംഗീതത്തെ ആശ്ര യിക്കാമെന്നു തെളിയിച്ചത്, ഹാർസും (1980)ബേസനുമാണെന്ന് (1992) നാം ഇവിടെ വായിക്കുന്നു. ആശുപത്രി വാസം കൊണ്ടുള്ള പിരിമുറുക്കങ്ങൾ ആവതും ഗണ്യമായി കുറയ്ക്കാൻ ഈ രാഗ സാന്നിധ്യം പ്രയോജനപ്പെടുന്നു. കുറുകുഴലിന്റെ സൗന്ദര്യം എനിക്കു പറഞ്ഞുതന്ന എന്റെ മുതിർന്ന സുഹൃത്ത് ആൻജിയോപ്ലാസ്റ്റി കഴിഞ്ഞ് കിടക്കുമ്പോൾ, കൃഷ്ണാ നീ ബേഗനെ ബാരോ എന്ന യമൻ കല്യാണി കീർത്തനം കേട്ട് ഏറെ സ്വസ്ഥചിത്തനായി ഭവിച്ച കാര്യം ഈയിടെയാണ് പറ

ഞ്ഞത്. ആ ശ്രവ്യാനുഭവം അദ്ദേഹത്തെ മറന്നു കിടന്ന ഏതൊക്കെയോ മൃദുനിനവുകളിലേക്ക് നയിച്ചത്രെ. ഫലമോ എന്തെന്നില്ലാത്ത പ്രശാന്തി. മരണം പോലും കാമ്യമായിത്തീർന്നെന്ന് അദ്ദേഹം മന്ദഹസിച്ചു കൊണ്ട് പറഞ്ഞത് ഓർമ്മയുണ്ട്. ഒരു തരത്തിൽ നമ്മുടെ കലാപവാസനകളെ, കുതറലുകളെ, മന്ദീഭവിപ്പിക്കയാണ് ഈ താളാത്മകസ്വനങ്ങൾ. ശുഭപന്തുവരാളി കേട്ടറിഞ്ഞ ഒരു മനസ്സ് ഏതെങ്കിലും ആയുധം കയ്യാളുകില്ലെന്ന് എഴുതിയത് ഏറെ മുമ്പാണ്. രാഗ ചികിത്സാമൃതത്തെപ്പറ്റി ഇത്രയൊന്നും ധരിക്കാത്ത നാളുകളിൽ. സ്മൃതികേന്ദ്രങ്ങളെ പ്രചോദിപ്പിക്കുവാൻ സംഗീതം പോലെ മറ്റൊരുപാധി ഉണ്ടെന്ന് തോന്നുന്നില്ല. സാഹിത്യമോ ചിത്രകലയോ ശില്പകലയോ ഒക്കെ അതിന് എത്രയോ പിറകിലാണ്. മനസ്സിനെ ലയിപ്പിക്കുന്ന ഓരോ സംഗീതാനുഭവവും നമ്മെ ഏതൊക്കെയോ ഹിതകാരിയായ ഓർമ്മകളിലേക്ക്തന്നെ കൊണ്ടുപോകുന്നു. ഓർമ്മയുടെ ചാലുകൾ അടഞ്ഞുപോയ ആൽഷൈമേർസ് രോഗികൾക്ക് ഈ സംഗീതം ഒരനുഗ്രഹമാകുന്നു. അവ എന്നേക്കുമായി അടഞ്ഞുപോയിട്ടില്ലെങ്കിൽ, രാഗചികിത്സയെന്നത് സാന്ത്വനഹേതുവാണ്. അല്ലാതെ ശാസ്ത്രക്രിയക്കോ ജീവൻ രക്ഷാ ഔഷധങ്ങൾക്കോ പകരം നില്ക്കുന്ന ഒന്നല്ലെന്ന് സ്പഷ്ടമാക്കേണ്ടതുണ്ട്. പാലീയേറ്റീവ് വേദന ശമിപ്പിക്കാൻ ഉതകുന്നു എന്ന നിലയിലാണ് ഈ രാഗവിന്യാസങ്ങൾ പ്രസക്തമാവുക. മന്ദതയിലേക്കാണ് അവ നമ്മുടെ ചയാപചയവ്യവസ്ഥകളെ നയിക്കുക. മൂർച്ഛയിലേക്കല്ല. ഹൃൽസ്പന്ദമായാലും ഋതുതാളമായാലും ക്രമീകരിക്കപ്പെടുന്നുത് ആന്തരികമായ സമാവസ്ഥയിലാണ്. രാഗനിബദ്ധമായ കീർത്തനങ്ങൾ, വാദനകൾ ഈ ശമാവസ്ഥയ്ക്ക് ഏറ്റം പ്രേരകമാവുന്നുണ്ട്. ഇവകൊണ്ട്, നാം അറിയാതെ പ്രതിരോധശേഷി വർദ്ധിപ്പിച്ചേക്കാം. ശ്വേതരക്താണുക്കളുടെ സംഖ്യ അഭിലഷണീയമായി കൂടിയേക്കാം അമിതമായ കോശവളർച്ച കൊണ്ട് കീഴ്പ്പെടുത്തുന്ന അർബ്ബുദരോഗികളിൽ, ഇവ്വിധമൊരു ധനാത്മകമായ മനസ്സ് എത്ര പ്രധാനമാണെന്ന് പറയേണ്ടതില്ല. ഏതു ഔഷധത്തേക്കാൾ, പലപ്പോഴും ഇത്തരം രോഗികൾ കാംക്ഷിക്കുക. സ്നേഹസമ്പന്നമായ, രാഗസമ്പന്നമായ സാഹചര്യങ്ങളാണ്. ഒരു സംഗീതചരണത്തിന്റെ തുടർച്ചയായുള്ള സാന്നിധ്യം ഈ പ്രക്രിയയെ ഏറെ സുഗമമാക്കിത്തീർക്കുന്നു. വേദനശമിപ്പിക്കപ്പെടുക എന്നതിന്റെ പ്രസക്തി ഒട്ടും എളുതല്ലല്ലോ, ഏതു രോഗിയിലും

പ്രോട്ടോ സംഗീതം സാധ്യമാവുന്നത് പ്രോട്ടോമനസ്സ് ഹേതുവാണ്. ദ്രവ്യവും ഊർജ്ജവും തമ്മിലുള്ള അനുസ്യൂതമായ ഒരു വിനിമയമാണ് പ്രപഞ്ചത്തെത്തന്നെ ഉരുവാക്കുക. മനുഷ്യനും അതുപോലെ മൃഗത്തിനും സസ്യത്തിനും അവരുടേതായ കമ്പനങ്ങളുണ്ട്. പരിചിതമായ ആവൃത്തികളിൽ ഭാഷ ആവിർഭവിക്കുന്നതിനു മുമ്പ് പ്രകൃതിയിൽ സംഗീതം ഉളവായിരുന്നു. മുളന്തണ്ടുകൾ, നദീജലത്തിലെ കാറ്റ്, പൂമൊട്ടുകളുടെ വിരിയൽ ഇവയേവയും സംഗീതാത്മകമാണ്. പ്രോട്ടോ മ്യൂസിക്, പ്രോട്ടോ മൈൻഡിനെക്കുറിച്ച് ചില അറിവുകൾ നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. എല്ലായിടത്തും മനസ്സ് എന്ന ആശയം രൂപം കൊണ്ടിട്ട് അധികമായിട്ടില്ല. നഖാഗ്രത്തിൽ, ന്യൂറോണുകളിൽ, നാഡീവ്യൂഹത്തിൽ, മൈറ്റോക്കോഡ്രിയയിൽ, ന്യൂറോട്രാൻസ്മിറ്ററുകളിൽ എല്ലാം മനസ്സു തന്നെയാണ് സമഷ്ടിമനസ്സ്, അഥവാ കോസ്മിക് മൈൻഡ്. കാർട്ടീസ്യൻ പാരഡൈമിലെന്ന പോലെ ഇവിടെ വിഭജനങ്ങളില്ല, മനസ്സ്, ശരീരം എന്നിങ്ങനെ, പകരം, നാം ഒരു അവിഛിന്നതയെക്കുറിച്ചു മാത്രം വ്യഗ്രരാവുന്നു. ഈ ഊർജ്ജസംഹിത നിരോധനങ്ങളേതുമില്ലാതെ പരിപാലിക്കപ്പെടുന്നതാണ് സ്വസ്തി. താളാത്മകമായ അവിടെ വിക്ഷുബ്ധമായ പ്രകൃതിയില്ല. പ്രശാന്തമാനസമായ പ്രകൃതി മാത്രം. മനുഷ്യചരിത്രത്തിൽ അഹിതകരങ്ങളായ വിളയാട്ടങ്ങൾ ഒട്ടേറെ

സംഭവിച്ചിട്ടുണ്ട്. പക്ഷേ അവ്വിധം ക്രൂരതകൾക്കൊക്കെയും പിറകിൽ അസന്തുലിതമായ ഒരു പഠനോത്സുകമായ പ്രകൃതിയുടെ വാഞ്ചനകൾക്കപ്പുറം അധികാരഗർവ്വിയായ, അവിവേകിയായ മനുഷ്യന്റെ കാര്യക്രമങ്ങൾ- പക്ഷേ, അതിന് ഏതു രാഗചികിത്സയാണ് പ്രയുക്തമാവുക എന്നറിഞ്ഞു കൂടാ. അദ്ധ്യാത്മികചേദനയൊഴികെ.

സുശ്രുതൻ തന്റെ ശല്യചികിത്സയിൽ, സർജറി തന്നെ, അവലംബിച്ച സമ്മോഹനവിദ്യ, നാം പരാമർശിച്ച താളാത്മകതയെ അനുശീലിക്കുന്നതാണ്. മദനകാമരാജനെന്ന പേരുള്ള ഒരു ചെടിയുടെ ഇലയും മോഹനരാഗവും ഉപയോഗിച്ചാണ് സുശ്രുതൻ, രോഗികളെ ബോധരഹിതരാക്കിയിരുന്നത്. സമ്മോഹനം എന്നതിന്റെ ധ്വനി അനുസരിച്ച്. ഇതിനുശേഷമാണോ അർജ്ജുനൻ, മഹാഭാരതകഥയിൽ സമ്മോഹനാസ്ത്രം പ്രയോഗിച്ചതെന്നൊക്കെ ചിന്തിക്കാം ഉണർച്ചയിലേക്ക് വരുമ്പോൾ, സംഗീതം പ്രഭവിതമാകുന്നു.

സംഗീതം നിലയ്ക്കുമ്പോൾ മനസ്സും ശരീരവും നിഷ്പന്ദമാവുന്നു. മരിച്ചതിന് സംഗീതമില്ലല്ലോ. നാം അറിയാതെ തന്നെ വഹിച്ചു കൊണ്ടു നടക്കുന്നത് പുരാതനമായ ഒരു സംഗീതവാഹിനിയാണ്. നമ്മുടെ ആന്തരകോശങ്ങളും രക്തപ്രവാഹവും ഊർജ്ജ കേന്ദ്രങ്ങളും ഒക്കെ ഉൾപ്പെടുന്ന ഒരു ബൃഹത്തായ ഓർക്കസ്ട്ര. തുടർച്ചയായ പോക്കുവരവുകൾ. സസ്യജാതിയെ മൃഗാജാതിയോടും മൃഗജാതിയെ മനുഷ്യജാതിയോടും മനുഷ്യജാതിയെ പ്രപഞ്ചത്തിന്റെ തരംഗസത്തയോടും ഇണക്കുന്നുവെന്നതാണ് ഈ ഗ്രന്ഥത്തിന്റെ അപ്രഖ്യാപിതമായ ദൗത്യം എന്നു കൂടി തോന്നുന്നു. പ്രപഞ്ചവുമായി ഉദ്ഗ്രഥിക്കപ്പെടുന്ന ഒരു ഹോൾസം അനുഭവം എങ്ങനെയോ, ഈ രാഗസ്വലതയിൽ നിന്ന് ദത്തമാവുന്നു.

ഡോ. സുവർണ്ണ നാലപ്പാട്ട് എന്ന സ്ത്രീയിൽ ഒരു മൈത്രേയീസത്ത ഉള്ളതായി മുമ്പൊരിക്കൽ സൂചിപ്പിച്ചിട്ടുണ്ട്. ആത്മാന്വേഷണങ്ങൾക്ക്, ഭാരതീയമായ പൈതൃകത്തിൽ, ഒരു സ്ത്രീക്ക് തികച്ചും അർഹമായ ഭൂമിക നൽകപ്പെട്ടിരുന്നോ എന്നത് തർക്കവിഷയമാണ്. അവർ ഇവിടെ ഉന്നയിക്കുന്നതുപോലെ ഒരു സ്ത്രീ രചിച്ച ഏതെങ്കിലും ദാർശനികകൃതി നമുക്കില്ലല്ലോ. ചരിത്രത്താളുകളിലും അവ വിസ്മൃതമായതാണോ. സംസ്കാരത്തിന്റെ സ്ത്രീപക്ഷചിന്തകളിലാണ് മീരയുടെ ഭക്തിനിർഭരമായ ആഖ്യാനമുള്ളത്. ഒരു പക്ഷേ ഇതര സംസ്കൃതികളിലൊന്നുമില്ലാത്ത ഒരു പീഠം സ്ത്രീക്ക് അനുവദിച്ചു കൊടുത്തത് ഇവിടെ മാത്രമാവാം. മൈത്രേയിയുടെ ദൃഷ്ടാന്തം തന്നെ മതിയല്ലോ. വൈഷ്ണവി എന്നുകൂടി വിശേഷിപ്പിക്കാവുന്ന ഈ സാധ്വി രോഗദർശിയും രാഗദർശിയും സ്വപ്നദർശിയുമാണെന്ന് ആദ്യം സ്പഷ്ടമാക്കിയതാണ്. പുറമേ, അവർ സ്വപ്നത്തിൽ ദർശിച്ച വിഭ്രാന്തികൾ, യുങ്ങ് അവയെ പ്രകാശോദ്ഗമങ്ങളെന്നാണ് വിളിക്കുക, അല്പമെങ്കിലും ജീവിതത്തിലേക്ക് കൊരുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതാണ് എന്റെ മനസ്സിലാക്കൽ, അത്രത്തോളം നിർമ്മമത അവരിൽ ഊറിത്തെളിഞ്ഞിരിക്കുന്നു. അമൃതാനന്ദമയിയെ ഗുരുവായി കാണാൻ കഴിയില്ലെന്ന ധീരമായ തുറന്നുപറച്ചിൽ ഈ നിർമ്മമതയിൽ നിന്ന് ഉരുവായതാണ്. സാങ്കേതികജ്ഞാനം കൊണ്ട് സന്തുഷ്ടമായ ഈ രാഗചികിത്സാമൃതം നമ്മെ രാഗസ്വലരാക്കുന്നുവെന്നത് എന്റെ അനുഭവമാണ്. പ്രത്യഭിജ്ഞയുടെ നിദർശനം മൂലമാവണം അത്. ഈ പുസ്തകം രചിച്ചത് അവരുടെ അറുപതാം വയസ്സിലാണ്. കഴിഞ്ഞ ഒരു ശതാബ്ദത്തിൽ നാം ഇത്തരം ഒരു ഭാവുകത്വത്തിലേക്ക് വളരുകയായിരുന്നെന്ന് തിരിച്ചറിയുമ്പോൾ നാം ഏറെ കൃതാർത്ഥരാവുന്നു. അവരുടെ സ്പതതിക്കുള്ള രാഗാഞ്ജലി ഇങ്ങനെ മീട്ടി നിറുത്തട്ടെ

നാലാപ്പാട്ടിന്റെ സുവർണ്ണനൂൽ

ഡോ. പി. സരസ്വതി

ആദ്യം അക്ഷരങ്ങൾ കൊണ്ടും പിന്നെ സ്വരം കൊണ്ടും തിരിച്ചറിഞ്ഞ അറിവും സ്നേഹവും കൂട്ടികുഴച്ച് ഊട്ടിയ വിദൂഷി- അങ്ങനെയേ എനിക്കു വിശേഷിപ്പിക്കാൻ കഴിയൂ. മഹാമേരുവിന്റെ മുന്നിലെ മൊട്ടക്കുന്നു പോലെ ഒരു കുഞ്ഞു ഞാൻ. എന്നിട്ടും എന്നെ വിളിക്കാനും ഒരുപാടു സംസാരിക്കാനും അഭിനന്ദിക്കാനും സമയം കണ്ടെത്തിയ ജ്യേഷ്ഠസഹോദരി. അതെ ആനന്ദ ത്തിന്റെ സുവർണ്ണ നൂലുപോലെ സുവർണ്ണ നാലപ്പാട്ട്.

കർമ്മം കൊണ്ട് ഡോക്ടറായിട്ടും മനസ്സിൽ കുട്ടിക്കാലം മുതൽക്കേ മുളച്ചു പടർന്ന സാഹി ത്യത്തിന്റെ തളിരിലകൾ വാട്ടമൊന്നും കൂടാതെ പരിരക്ഷിച്ചു. മഹത്തരം എന്ന് ഒട്ടും സംശയി ക്കാതെ പറയാവുന്ന അനേകം ഗ്രന്ഥങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും രചിച്ചു. തമിഴും സംസ്കൃ തവും മധുരോദാരമായി തന്നെ നാവിലും എഴുത്തിലും ഒഴുകി പടർന്നു. അത്ഭുതം രചിക്കുക സ്വയം അവ ടൈപ്പ് ചെയ്യുക. ചെറിയൊരു സംശയത്തിന് ചോദ്യത്തിന് മറുചിന്തക്ക് ഇടം കൊടു ക്കാതെ ക്രമമമായി തന്നെ തന്റെ ചിന്തകളെ അവതരിപ്പിക്കുക. ഇതൊക്കെ അസാധാരണ വ്യക്തിത്വത്തിനേ കഴിയൂ. വെറുതെ പറഞ്ഞതല്ല ഞാനിതൊന്നും സത്യം മാത്രം.

അന്വേഷണമാണ് സുവർണ്ണ നാലപ്പാട്ടിന്റെ സർഗ്ഗശക്തിയുടെ രഹസ്യം എന്നു പറയാം. ഓരോ രചനയും ഓരോ പുതിയ അന്വേഷണമാണ്. ഒരു ചിത്രകാരന്റെ സൂക്ഷ്മദൃഷ്ടിയോടെ ഒരു ശില്പിയുടെ ഏകാഗ്രമായ നിർമ്മാണ കൗശലത്തോടെ ഒരു കവിയുടെ വികാര താരള്യത്തോടെ ഒരു ഗുരുവിന്റെ ആത്മ സമർപ്പണത്തോടെയാണ് ഈ നാലപ്പാട്ടുകാരി തന്റെ കയ്യൊപ്പ് ചാർത്തി യിരിക്കുന്നത്. സുധാസിന്ധു, താമരപ്പൂക്കൾ, അമൃതജ്യോതി, പുഴയുടെ കഥ, ഇന്ത്യയെ കണ്ടെ ത്തൽ, വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലൂടെ, നാലപ്പാട്ടിന്റെ ചക്രവാള ചെമ്പുരുളി, ഒരു കാലഘട്ടത്തിന്റെ ഓർമ്മയ്ക്ക്, പത്മസിന്ധു, മുദ്ര, സാന്ദ്രാനന്ദം, മധുരലയം, സൌവർണ്ണം, ഇന്നത്തെ അമ്മ, സുദർശന, നാദലയസിന്ധു, ശ്രീ വിദ്യാപ്രസ്ഥാനത്രയം എന്നിങ്ങനെ ഒരു പാടു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇതിൽ ശ്രീവിദ്യാ പ്രസ്ഥാനത്രയം മാത്രം മതി ആ ബുദ്ധിയും നൈപു ണ്യവും മനസ്സിലാക്കാൻ. ലളിതാ സഹസ്രനാമത്തിലെ ഓരോ വാക്കുകൾ വ്യാഖ്യാനം നൽകിയി രിക്കുന്നു. അതോ തീർത്തും ലളിതമായിട്ടു തന്നെ ചില അനുബന്ധങ്ങളും ഇതിലുണ്ട്. ഭാവനോപ നിഷത്ത് ശ്രീ ഭാസ്കരരായന്റെ ഭാഷ്യം, വരിവസ്യാരഹസ്യം ശ്രീ ഭാസ്കരരായമഖിയുടെ പ്രകാശ ഭാഷ്യസഹിതം വ്യാഖ്യാനിച്ചിട്ടുണ്ട്. അടുത്തുതന്നെ പുറത്തിറങ്ങുന്ന കൃഷ്ണഭക്തിയുടെ അസാ ധാരണമായ കൃഷ്ണഗീതി ഭാഷാസാഹിത്യത്തിന് അപൂർവ്വമായ നേട്ടമായിരിക്കും.

നാലപ്പാട്ടുകുടുംബം സാഹിത്യത്തിന്റെ നീർമാതളപ്പൂക്കളാണെന്ന് നമുക്കറിയാം. കൃഷ്ണ ഭക്തിയും ഇവർക്ക് പാരമ്പര്യമായി ലഭിച്ച സിദ്ധിയാണ്. എന്തിലും ഏതിലും കൃഷ്ണദർശനം ശീലമാക്കിയ ചേച്ചിയെപോലെ അനിയത്തിയും കൃഷ്ണലീലകളിൽ അഭിരമിക്കുന്നവളാണ്. ഒരു ഭക്തയെന്ന നിലയിൽ എത്രത്തോളം ഭഗവാനിൽ ലീനയായിരിക്കുന്നുവോ അത്രതന്നെ അമ്മയായും താദാത്മ്യം പ്രാപിക്കുന്നു. അനുരാഗവൈവശ്യത്തേക്കാൾ മാതൃവാത്സല്യമാണ് മനസ്സ് ചുരന്ന് പുറത്തേക്കൊഴുകുന്നത് അതുകൊണ്ടാണല്ലോ.

അമ്മ തന്നാനന്ദപ്പാലാഴിക്കേന്തുവാൻ
പൂർണ്ണ നിലാവൊളി തീർത്തവനേ

എന്ന് ചൊല്ലിയത് ‾ സ്വത്വം വാക്കുകളായങ്ങനെ പാലാഴിയായി ഒഴുകുകയല്ലേ? ഓമന ക്കുട്ടൻ ഗോവിന്ദൻ ബലരാമനെക്കൂടെ കൂടാതെ....... എന്ന കൈകൊട്ടിക്കളിപ്പാട്ടിനെ ഓർമ്മിപ്പി ക്കുന്നു എച്ചിലുരുള എന്ന കാവ്യഭാഗം വറുത്തുപ്പേരി പതിച്ച നെയ്യുകൂട്ടിയ ഉരുള നല്കുന്ന ഒരു സാധാരണ മലയാളി അമ്മയുടെ മനസ്സല്ലേ അമ്പാടിയിലെ ഈ അമ്മയ്ക്ക്. അതു കൊണ്ടല്ലേ

ആനന്ദദായക നിൻ വിരുന്നിൽ പണ്ടു

ഞാനെത്ര വട്ടം കലർന്നിരിപ്പൂ എന്ന് പറഞ്ഞത്

ലാളിച്ചുലാളിച്ചു മാറോടണച്ചിട്ടു

പാലു കൊടുത്ത ഞാൻ ധന്യധന്യ

എന്ന മൊഴി ഒരമ്മയുടെ മനസ്സിന്റെ അനുസരണമല്ലേ?

പെറ്റിട്ടും കുട്ടികളില്ലാത്ത നിന്നമ്മ

പൊട്ടിയൊരോട്ടു വിളക്കുപോലെ- എന്ന ദേവകിയുടെ ഗദ്ഗദം നെടുവീർപ്പോടെ സ്വയം

സാന്ത്വനിപ്പിക്കുന്നു

എന്നോമലുണ്ണി നിനക്കീകലിയുഗ

മണ്ണിലെയമ്മയായിന്നു ഞാനും- എന്ന് മന്ത്രിച്ചുകൊണ്ട് മാതൃത്വത്തിന്റെ മഹത്വം. ഭാരതീയദർശനത്തിന് പൂർണ്ണചന്ദ്രന്റെ ശോഭ നേടുന്നത് കൃഷ്ണ കഥയിലാണ്. വൃന്ദാവനവും രാസലീലയും വർണ്ണിക്കുമ്പോഴും മാതൃത്വത്തിന്റെ സ്പന്ദനം തന്നെയാണ് മുഴങ്ങികേൾക്കുന്ന ത്. കൃഷ്ണനെ മാറിമാറിയെടുക്കുന്ന ഗോപികമാർ, അടുപ്പത്തുവെച്ച അരിതിളക്കുന്നതു പോലും ശ്രദ്ധിക്കാതെ ചെഞ്ചോരി വായ് മലർ തുറന്നുള്ള ചിരിനുകരാൻ വെമ്പൽ കാണിക്കുന്നവരാണ്. അമ്മയുടെ മിതത്വത്തിൽ നിന്ന് കാമിനിയുടെ ലാസ്യത്തിലേക്ക് പകർന്നാട്ടം നടത്തുന്ന രാസലീ ലയിലും

ഞാൻ നിന്റെ ഗീതയായ് മാറിയാലേകുല-

സ്ത്രീ ധർമ്മമെന്നിൽ സമ്പൂർണ്ണമാവൂ- എന്ന് രതിയെ ഭക്തിയാക്കുന്ന രാസവിദ്യ പ്രകട മാക്കുന്ന പ്രണയം ഇഴകോർത്തു കിന്നരിവെച്ച ഭക്തിയുടെ വിശുദ്ധി.

നിന്നെ ചുഴന്നു ചുഴന്നു കളിക്കുന്ന

സുന്ദരമാം ഗ്രഹവ്യൂഹമായി

നീ പണ്ടു വെട്ടിയ കാമകോട്ടങ്ങളിൽ

വീണ്ടുമുരുളും ഞാൻ ഭൂമിയായി- എന്നു പറയുന്നു ഒട്ടും സംശയമില്ലാതെ തന്റെ അടു ക്കള മഥുരയുടെ തടവറയായി മാറി, ഉണ്ണിക്കരച്ചിൽ തെളിഞ്ഞു കേൾക്കുന്ന കവി തന്റെ മന സ്സിൽ നിന്നും വേണുനാദത്തിന്റെ മാധുര്യം തുളമ്പുന്ന കവിതാശകലമായി പുറത്തേക്കൊഴുകുന്നു. യോഗികൾ മാത്രം ഗമിക്കും രസാർണ്ണവം കാമനിയെന്നിൽ നിറച്ചവനേ.... എന്ന് മൊഴിയുമ്പോൾ രോമാഞ്ചമുണരുന്ന ഹർഷാനന്ദത്തിന്റെ അദ്ധ്യാത്മതലത്തിലേക്ക് കവി, ഭക്ത, കാമിനി, അമ്മ എന്നിങ്ങനെ പുരുഷാർത്ഥങ്ങൾ പോലെ പ്രവഹിക്കുകയാണ്. ഒന്നായ നിന്നെ പലതായി കാണുന്ന മോഹം സർവ്വമനുഷ്യനും ഉള്ളതാണ് എങ്കിലും എനിക്ക് നിന്നെ മാത്രമേ കാണേണ്ടു അറിയേണ്ടു

എന്ന് അടിവരയിട്ട് കവി പറയുന്നുമുണ്ട്. ഓരോ ജന്മത്തിലും നീ വരുന്നു ഞാനും. രഹസ്യമായി നിന്റെ സാമിപ്യത്തിൽ ഞാൻ രമിക്കുന്നുമുണ്ട്. അല്ലെങ്കിൽ തന്നെ അമ്പാടിക്കണ്ണൻ പോകുമ്പോൾ കാളിന്ദിപോലും കരഞ്ഞ് ഗതി മാറി ഒഴുകുന്നു. അപ്പോൾ പിന്നെ കണ്ണുപൊത്താതിരിക്കുമോ ഗോപിക. സ്ത്രീ മുഖത്തിന്റെ നാനാർത്ഥ വർണ്ണങ്ങൾ വെളിപ്പെടുത്തുമ്പോഴും അനിയത്തിയായി, അമ്മയിലേക്കു തന്നെ കവി മനസ്സ് എത്തി നിൽക്കുന്നു എന്നതാണ് സുവർണ്ണ നാലാപ്പാട്ടിന്റെ വിജയം.

ഭാഷ പൂത്തു തളിർത്തു വികാരം വിതറും വിധമാണ് സുവർണ്ണ നാലപ്പാട്ടിന്റെ ഓരോ വാക്കും. സാന്ദ്രാനന്ദത്തിലെ കവിതകൾ വായിക്കുമ്പോൾ തീർച്ചയായും ഇത് ബോദ്ധ്യപ്പെടും അറിഞ്ഞോ അറിയാതെയോ ദ്വന്ദ്വഭാവങ്ങളുടെ രസകരമായ വിളക്കി ചേർക്കലുകൾ കവിതയിൽ അവിടവിടെ കാണപ്പെടുന്നതാണ്. ഒരൊറ്റ മാത്രയിൽ ഈ ദ്വിമുഖം മറയുകയും വീണ്ടുമത് സ്ഥായിഭാവത്തിലേക്ക് ഏകതാനതയോടെ തിരിച്ചു വരികയും ചെയ്യുന്നു. തിരുവാതിര നിലാവ് ഒഴുകിയെത്തിയ സുദിനത്തിൽ എഴുതാൻ തുടങ്ങിയതു കൊണ്ടാവുമോ ഈയൊരു മനോഭാവം തീക്കട്ടപോലെ ജ്വലിക്കുന്ന താരം. നീ വരുന്ന നിലാവിന്റെ തലോടലാണോ സാന്ദ്രാനന്ദത്തിന്റെ ആനന്ദഗീതിക്ക് നിദാനം? ഇരുപതു കവിതകളിൽ നിറഞ്ഞു നിൽക്കുന്ന കൃഷ്ണ സ്വരൂപത്തിന്റെ തെളിച്ചം രാത്രിയിലെ മിന്നാമിനുങ്ങിന്റെ വെട്ടത്തിൽ തിളങ്ങും ഭൂമിപോലെ സുന്ദരമായിരിക്കുന്നു.

ഒരു അദ്ധ്യാപികയുടെ മുന്നിലിരിക്കും പോലെയാണ് സുവർണ്ണ നാലാപ്പാടിന്റെ രചനകളിലേക്ക് കടക്കുമ്പോഴത്തെ അനുഭവം നല്ലൊരു ഗുരുവിനെപോലെ ചെറിയ കാര്യങ്ങളിൽ പോലും സൂക്ഷിച്ച് വിശദാംശം ചൂണ്ടിക്കാട്ടി ശിഷ്യമനസ്സിലേക്കു അമൃതായി എത്തിക്കും പോലെ എഴുതുന്നതും അതിനപ്പുറമുള്ളതും പറഞ്ഞു തന്നിട്ടേ ഈ വിദൂഷി പിൻവാങ്ങൂ. ആർക്കും സംശയത്തിന്റെ ചെറുവിരലനക്കാൻ ഒരു പഴുതും അവർ തരില്ല. അവധാനപൂർവ്വം അവരെ പിൻ തുടരുകയേ വേണ്ടു.

സ്വപ്നങ്ങൾ പ്രവചനശക്തിയോടെ തന്നോടൊപ്പമുണ്ടെന്ന് സുവർണ്ണ നാലാപ്പാട്ട് പറയുന്നു. ഒരു പ്രാപഞ്ചികന്റെ സ്വപ്നമല്ല മറിച്ച് അലൌകിക ദർശനം. അറിവിന്റെ കിനാവ് അത്യപൂർവ്വമായ അനുഭവമാണ് കമ്പരാമായണ കർത്താവായ കമ്പൻ സ്വപ്നത്തിൽ സരസ്വതീ ദർശനമുണ്ടായിട്ടാണ് രാമകഥ രചിച്ചത്. ഗ്രന്ഥങ്ങളുടെ സ്വപ്നം വിജ്ഞാനത്തിന്റെ, അന്വേഷിയുടെ സജീവചൈതന്യം അനുഭവപ്പെടുത്തുന്നു. കാളിയന്റെ താഴ്ന്ന തലയ്ക്കു പോലും യുഗങ്ങളായി ആടിയതിന്റെ താളക്രമമാണ് മണ്ണിന്റെ രോമാഞ്ചമായി മാറുന്നതെന്ന് പറയാനും കാളിയനും തനിക്കും മോക്ഷം പ്രാർത്ഥിക്കാനും അറിവിന്റെ സാക്ഷാത്കാരമായ ഈ കവിക്കേ കഴിയൂ എന്നും നിന്നടിയാരാണ് ഞങ്ങളെന്ന് സ്വയം ബോദ്ധ്യപ്പെടുത്തിക്കൊണ്ടു തന്നെ ആത്മാവിൽ രാഗങ്ങളൊക്കെയും നിൻ ഹോമത്താൽ പൂത്തുലയുന്നു എന്ന് മന്ത്രിക്കാനും കവിക്കു കഴിയുന്നുവല്ലോ. ഒപ്പം അർഘ്യത്തിലർക്കനായി തെളിഞ്ഞ് അമൃതാനന്ദം തരു തരൂ എന്ന് പാടാനും സാധിക്കുന്നു. സത്യം. സുവർണ്ണ നലാപ്പാട്ടിനോടും പറയാനുള്ളത് ഈ വാക്കുകൾ തന്നെയാണ്. എഴുപതിന്റെ നിറവിൽ സൂര്യകതിരുപോലെ പ്രകാശിച്ചു നിൽക്കെ പറഞ്ഞോട്ടെ, കാവ്യത്തിന്റെ മാതൃസാന്നിദ്ധ്യമായി കൃഷ്ണത്വത്തിന്റെ ശ്യാമഭംഗിയായി ഇനിയും ഇനിയും മനസ്സുകളിൽ സുവർണ്ണനൂലായ് തെളിഞ്ഞ് മിന്നി പ്രകാശിക്കട്ടെ.

അനശ്വരമായ അക്ഷരവിജ്ഞാനം

എം. ആർ. രാജേഷ്.

(വ്യാസവിരചിതമായ ബ്രഹ്മസൂത്രം എന്ന വേദാന്തദർശനത്തിന് ഡോ. സുവർണ്ണ നാലപ്പാട്ട് രചിച്ച ബ്രഹ്മസിന്ധു എന്ന ഭാഷ്യത്തെക്കുറിച്ച് മാ.ഭൂ.ആ.പ.. ആഗസ്ത് 6-12-2006)

വേദാന്തവിചിന്തനം സാദ്ധ്യമാകുന്നതിന് ആധുനികഅക്കാദമിക് പണ്ഡിതർ പിന്തുടരുന്നതിന് വ്യത്യസ്തമായി ഒരു മാതൃകാപദ്ധതി പണ്ട് ഭാരതത്തിലുണ്ടായിരുന്നു. വേദപഠനത്തിന്, അതായത് വേദാർത്ഥബോധനത്തിന്, ഷഡംഗങ്ങളും, ഉപാംഗങ്ങളും പഠിക്കുക എന്നത് അത്യന്താപേക്ഷിതമായ ഒന്നായിരുന്നു. ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നിങ്ങനെയുള്ള ഷഡംഗങ്ങൾ കൂടാതെ സാംഖ്യം, വൈശേഷികം, യോഗം, ന്യായം, മീമാംസ, വേദാന്തം എന്നിങ്ങനെയുള്ള ആറ് ഉപാംഗങ്ങളും പഠിക്കുകയെന്നതായിരുന്നു ഈ പദ്ധതി. കപിലന്റെ സാംഖ്യദർശനം നിജശക്ത്യഭിവ്യക്തേഃ സ്വതഃ പ്രാമാണ്യം (5.51) എന്ന് വേദത്തെ വിലയിരുത്തുന്നു. അതായത് പരമാത്മാവ് നിജശക്തി അഥവാ സ്വാഭാവികശക്തിയാൽ പ്രകടമാക്കിയതിനാൽ വേദം സ്വതഃ പ്രാമാണ്യമാണെന്നു കരുതാം. യോഗദർശനത്തിൽ, സ ഏഷ പൂർവ്വേഷാമപി ഗുരുഃകാലേനാനവഛേദാത് (1.26) എന്നും ന്യായദർശനത്തിൽ മന്ത്രായുർവ്വേദപ്രാമാണ്യവച്ച തത് പ്രാമാണ്യമാപ്തപ്രാമാണ്യമെന്നും വൈശേഷികത്തിൽ, തദ്വചനാദാമ്നായ സ്യ പ്രാമാണ്യം (1.1.3)എന്നും, ശാസ്ത്രയോനിത്വാദ് (1.1.3)എന്ന് വേദാന്തദർശനത്തിലും, ഔത്പത്തികകസ്തു ശബ്ദസ്യാർഥേന എന്നിങ്ങനെ മീംമാസാദർശനത്തിലും വേദത്തിന്റെ പ്രാമാണികത അംഗീകരിക്കുന്നതായി കാണാം.

വേദാന്തദർശനത്തിന് ഇടക്കാലത്ത് ഏറെ പ്രാചുര്യം ലഭിച്ചു. ശ്രീശങ്കരാചാര്യർ പ്രസ്ഥാനത്രയത്തിന് ഭാഷ്യം രചിച്ചതോടെ ഭഗവദ്ഗീതയ്ക്കും. ദശോപനിഷത്തുക്കൾ, ബ്രഹ്മസൂത്രം എന്നിവ ഒരേ തരത്തിലുള്ള ആശയസാക്ഷാത്കാരത്തിന്റെ രജതരേഖകളായി മാറി. രാമാനുജാചാര്യനും, മാധ്വനും, നിംബാർക്കനുമൊക്കെ ഈ വഴി പിന്തുടരുകയും ചെയ്തു. ബ്രഹ്മസൂത്രം എന്ന വേദാന്തദർശനത്തിന് നിരവധി വ്യാഖ്യാനങ്ങളും ഭാഷ്യങ്ങളും ഉണ്ടായിട്ടുണ്ട് ബ്രഹ്മസിന്ധു എന്നപേരിൽ സുവർണ്ണ നാലപ്പാട്ട് ബ്രഹ്മസൂത്രത്തിന് ഈദൃശമായ ഒരു വ്യാഖ്യാനനിർമ്മിതിയ്ക്ക് മുതിരുന്നതിന്റെ മനഃശ്ശാസ്ത്രം വ്യാഖ്യാതാവു തന്നെ വെളിപ്പെടുത്തുന്നു.

‘‘ഒരുപാട് സ്ത്രീപക്ഷചിന്തകൾ മാധ്യമത്താളുകളിൽ നിറഞ്ഞുനിൽക്കുന്ന കാലഘട്ടമാണിത്. ഭാര്യയും, അമ്മയും, മകളും, കാമുകിയും സഹോദരിയും ഉദ്യോഗസ്ഥയുമായ സ്ത്രീയുടെ പ്രശ്നങ്ങൾ, ഒട്ടനവധി ചർച്ച ചെയ്യപ്പെടുന്നു. ഇവയ്ക്കിടയിൽ ബൗദ്ധികവും ആത്മീയവുമായി പൂർണ്ണവികാസം പ്രാപിക്കാൻ വെമ്പുന്ന സ്ത്രീയുടെ പ്രശ്നങ്ങളെ എല്ലാവരും വിസ്മരിക്കുന്നു. അല്ലെങ്കിൽ വിസ്മരിക്കുന്നതുപോലെ നടിക്കുന്നു. ആറായിരം വർഷമായിട്ട് ഇന്ത്യയിൽ എന്തുകൊണ്ട് ഒരു സ്ത്രീയും പ്രസ്ഥാനത്രയം തൊട്ടില്ല. ഗാർഗ്ഗി, ഉഭയഭാരതി എന്നിവർ ഈ വിഷയത്തിൽ അവഗാഹമുള്ളവരായിരിക്കണം. പക്ഷെ അവരുടേതായി ഒരൊറ്റ ഗ്രന്ഥം പോലും എന്തുകൊണ്ട് നമുക്കില്ല. ബുദ്ധിജീവികളും അക്കാദമിക് തലത്തിൽ ശോഭിക്കുന്നവരും ഉന്നതസ്ഥാനം അലങ്കരിക്കുന്നവരുമായി പല സ്ത്രീകളും നമുക്കുണ്ട് എന്നാൽ ഈവിധമുള്ള മേഖലകളിൽ അവരുടെ ചിന്ത എന്തുകൊണ്ട്കടന്നു ചെന്നില്ല. ചോദ്യങ്ങൾ ചോദിക്കുന്നതല്ലാതെ, ആരും ആ മേഖലകളെ സ്പർശിക്കാൻ ശ്രമം നടത്തുന്നതായി കാണുന്നില്ല. ജ്ഞാനവും, ധ്യാനവുമുള്ളവർ ഗൃഹസ്ഥരായാലും സന്യാസിമാരാണ് എന്ന് ശങ്കരനെപ്പോലെ ധൈര്യമായി പ്രഖ്യപിക്കാൻ എന്തേ നമു

ക്കാവുന്നില്ല. യജ്ഞവല്ക്യന്റെ ജീവിതത്തിൽ ഗാർഗ്ഗിക്കും മൈത്രേയിക്കും ഉണ്ടായിരുന്ന അസൂയാവഹമായ സ്ഥാനം ഇന്ന് ഏതെങ്കിലും സ്ത്രീപുരുഷന്മാർക്ക് ഉണ്ടോ? ശങ്കരന്റെ ഉഭയഭാരതിയെന്ന സരസവാണിയോടുള്ള അപൂർവ്വ ഹൃദയബന്ധത്തിന്റെ പരിശുദ്ധി ഇന്ന് ഏതെങ്കിലും സ്ത്രീപുരുഷന്മാരിൽ ഉണ്ടായാലും അത് അംഗീകരിക്കാനുള്ള ഹൃദയനൈർമല്യം സമൂഹത്തിനുണ്ടോ പുരോഗതി ടെക്നോളജിയിൽ മാത്രം പോര സാംസ്കാരികമായി ഉയർന്ന ചിത്തശുദ്ധിയിലും ഉണ്ടാവണം. കാമമുക്തവും സൗഹൃദത്താൽ സുരഭിലവും ആനന്ദമയവുമായ സംവാദങ്ങൾ, ജാതിവർഗ്ഗ മതലിംഗരാഷ്ട്രീയാദി ഭേദഭാവനകൾക്കതീതമായി നിർമ്മത്സരവും അനുസ്യൂതവുമായി സംഭവിക്കാനുള്ള ചുറ്റുപാട് ഉണ്ടാകുമ്പോഴാണ് ഒരു ജനത സ്വതന്ത്രമാണെന്ന് പറയാനാവുക. ശരീരാതീതമായ അതീന്ദ്രിയ ചോദനകളിലൂടെ ജന്മാന്തരനിയോഗം പോലെ വന്നുചേരുന്ന സൗഹൃദങ്ങളുടെ ദൈവീകത ആസ്വദിക്കാനും അത് പ്രപഞ്ചനന്മയ്ക്കായി ഉപയോഗിക്കാനും കഴിയുമ്പോൾ ആർഷഭാരതപൈതൃകം സംരക്ഷിച്ചു എന്നും, വരുംതലമുറകൾക്ക് മാതൃകകളായെന്നും നമുക്കഭിമാനിക്കാം.'' (പേജ് 6)

ഇങ്ങനെ സ്വതന്ത്രമായ പുതിയൊരു പ്രകാശരേഖ വരയ്ക്കയാണ് സുവർണ്ണ നാലപ്പാട്ട്. ഭാരതീയദർശനങ്ങളുടെ ഏറ്റവും വലിയ സവിശേഷത അവയുടെ വ്യവഹാരികപക്ഷമാകുന്നു. അനേകപ്രകാരത്തിൽ ദുഃഖങ്ങളാൽ ഉഴറുന്ന മനുഷ്യരുടെ രാഗദ്വേഷങ്ങളും അവിദ്യയും ഇല്ലാതാക്കി മോക്ഷപ്രാപ്തി കൈവരിയ്ക്കാൻ സഹായിക്കുക എന്നതാണ് ഈ ദർശനങ്ങളുടെയെല്ലാം ആദ്യലക്ഷ്യം. ഭാരതീയ ദർശനങ്ങളുടെ രണ്ടാമത്തെ വിശേഷത അതിന്റെ ആശാവാദമാകുന്നു. വിവേകികൾ ഈ ജഗത്തിന്റെ സംസാരസാഗരത്തെ നിതാന്തദുഃഖമയമായി ചിത്രീകരിക്കുന്നു. ഈ ദുഃഖത്തിനു കാരണം ദ്രഷ്ടാവും ദൃശ്യവും തമ്മിലുള്ള സംയോഗമത്രെ. ഈ ദുഃഖത്തെ ഇല്ലാതാക്കാനുള്ള വഴികൾ പര്യാലോചിക്കണം. അത് ആശാപരമായ ദൃഷ്ടിയാകുന്നു. ഭാരതീയ ദർശനത്തിന്റെ മൂന്നാമത്തെ വിശേഷത അതിന്ന് നൈതികവ്യവസ്ഥയിലുള്ള വിശ്വാസമാകുന്നു. ഏതൊരു കർമ്മമാണോ മനുഷ്യൻ ചെയ്യുന്നത് അതിന്റെ ലോപം ഒരിക്കലും ഉണ്ടാകാതിരിക്കുന്നു. ആ കർമ്മങ്ങളിൽ അപൂർവ്വത്തിന്റെ സൃഷ്ടിയുണ്ടാവുന്നു. ഈ അപൂർവ്വം ഫലോത്പത്തിയുടെ പ്രധാന കാരണമാകുന്നു. ന്യായ വൈശേഷികങ്ങളിൽ ഈ അപൂർവ്വത്തിന് അദൃഷ്ടമെന്ന സംജ്ഞയാണ് നൽകിയിട്ടുള്ളത്.

ഭാരതീയ ദർശനത്തിന്റെ നാലാമത്തെ വിശേഷത കർമ്മസിദ്ധാന്തമാകുന്നു. മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങളുടെ നാശം ഒരിക്കലും സംഭവിക്കുന്നില്ലെന്നു മത്രമല്ല, അതിന്റെ ഫലം അനുഭവിക്കേണ്ടിയും വരുന്നു. അഞ്ചാമതായുള്ളവിശേഷം മോക്ഷമാർഗ്ഗത്തെക്കുറിച്ചുള്ള നിർദ്ദേശമാകുന്നു. സംസാരത്തിൽ ബന്ധങ്ങൾക്കുള്ള കാരണം അവിദ്യയാണ്. അവിദ്യയാൽ ബന്ധനം ഉണ്ടാകുന്നു. ജ്ഞാനത്താൽ മുക്തിയും ജീവനയാപനത്തിന് രണ്ടുമാർഗ്ഗങ്ങളാണുള്ളത്. പ്രേയസ്സും, മോക്ഷവും. മനുഷ്യൻ രമണീയ വിഷയങ്ങളിൽ രമിച്ച് സംസാരത്തിൽ പ്രവർത്തിക്കുന്നു. ഈ പ്രവർത്തിയുടെ മൂലകാരണമാകുന്നു രാഗവും ദ്വേഷവും. ഈ പ്രേയമാർഗ്ഗം തന്നെ മനുഷ്യന് പലപ്പോഴും അധോഗതി വരുത്തുന്നു. ശ്രേയമാർഗ്ഗം മനുഷ്യന്റെ മംഗളത്തിന്റെ മൂലമാകുന്നു. ദർശനകാരന്മാർ ഈ മംഗളമാർഗ്ഗത്തിൽ ആരൂഢമാകുന്നതിനായി യമനിയമങ്ങളാവുന്ന അഷ്ടാംഗയോഗത്തെ വിധാനം ചെയ്യുന്നു. ത്രിവിധങ്ങളായ പാപങ്ങളെ ഇല്ലാതാക്കി ബ്രഹ്മപ്രാപ്തിക്കായി മഹത്തായ പ്രയത്നവും അതിലൂടെ പുരുഷാർത്ഥം കൈവരിക്കാനുള്ള മാർഗ്ഗനിർദ്ദേശവും വേദാന്ത

ദർശനത്തിൽ പ്രയുക്തമായതു കാണാം.

ഇവിടെ വേദാന്തം പ്രായോഗികമാകുന്നതിന്റെ നിദർശനങ്ങൾ കൊണ്ട് ഈ ഭാഷ്യം ശ്രദ്ധേയമാകുന്നു. സാധരണഗതിയിൽ ആധുനികലോകത്തുള്ള ഒരു സ്ഥിതപ്രജ്ഞന്റെ ഭാവഹാവാദികളെ വിലയിരുത്തുക എന്ന ഭാഷ്യപ്രകൃതി ഗ്രന്ഥകാരി സ്വീകരിച്ചതിനുള്ള തെളിവാണ് ഈ വാക്കുകൾ.

ഒരു യോഗി ഗുപ്തയോഗീവ്രതത്തോടെ സമൂഹത്തിൽ പ്രവർത്തിക്കുന്നു എന്നു കരുതുക. ഒരു സ്ഥാപനത്തിൽ ഒരു ഡിപ്പാർട്ട്മെന്റ് അദ്ധ്യക്ഷയായിരിക്കുന്നു എന്നു കരുതുക. ആ ഡിപ്പർട്ട്മെന്റിൽ പ്രവർത്തിക്കുന്ന അനേകം സംസാരികൾ യോഗിയെ തങ്ങളിൽ ഒരാളെന്നു കരുതി പെരുമാറുന്നു. അവരുടെ കാമക്രോധാദികൾ പ്രദർശിപ്പിക്കുന്നു. യോഗിയെ പത്മപത്രമിവാംഭസി അവ സ്പർശിക്കുന്നില്ല. എങ്കിലും പ്രാപഞ്ചികരെക്കൊണ്ട് പ്രാപഞ്ചിക കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിപ്പിക്കുന്നതിനായി പലപ്പോഴും ക്രോധഭാവത്തിലും, ശാസനാരൂപത്തിലും, സൌമ്യവാത്സല്യാനുനയഭാവത്തിലും ഒക്കെ പെരുമാറേണ്ട സന്ദർഭം വരും. അങ്ങനെ ചെയ്യുന്നതിനു പോലും യോഗി ആന്തരികമായി പ്രതിവിധി ചെയ്യുന്നുണ്ട്. ഉപവാസാദി വ്രതങ്ങൾ. ഭൂമിശയനം, പയോവ്രതം, മൗനവ്രതം- ഇങ്ങനെ പലവിധം വ്രതങ്ങൾ കൊണ്ട് ഗുപ്തയോഗി സ്വയം ശുദ്ധീകരിക്കുന്നു. തന്നെ ചുഴന്നു നില്ക്കുന്ന ഭൗതികമായ ഭ്രാന്തികളെ തന്നിൽ നിന്ന് അകറ്റി നിർത്തുന്നു. സദാ കൃതകൃത്യനായി സമ്യഗ്ജ്ഞാനിയായി ജീവിക്കുന്ന ഒരാൾക്കും ഒന്നിലും രാഗദ്വേഷങ്ങളില്ല. ഒന്നിലും ആശയില്ല നിരാശയുമില്ല. സ്വീകരിക്കാനും ഉപേക്ഷിക്കാനും ഒന്നുമില്ല. (അങ്ങനെയല്ലാത്തവർ, ഈ ഗുപ്തയോഗിയെ തങ്ങളിലൊരായി കരുതി പെരുമാറുന്നു.) സ്വയം പ്രകാശിക്കുന്ന ഭാരൂപഃസത്യസങ്കൽപമാണത്. ദേഹാഭിമാനമില്ലാത്തവർക്കുപോലും ശാസ്ത്രദർശനം ദുർല്ലഭമായേ ലഭിക്കുകയുള്ളൂ. ഒരു യുഗത്തിൽ ഒരു ധന്യവ്യക്തിയിൽ മാത്രമേ സരസ്വതീദേവി തന്റെ സിംഹാസനമുറപ്പിച്ച് കടന്നിരിക്കുകയുള്ളൂ. ഒരു കാളിദാസനിലോ, വ്യാസനിലോ, ശങ്കരാചാര്യരിലോ മാത്രം അവൾ തന്റെ സരസ്വതീമണ്ഡപം ഒരുക്കുന്നു. ഒരു വ്യക്തിയിൽ സരസ്വതിയുടെ ഭാതി, പ്രിയാ സ്വരൂപങ്ങൾ പ്രകാശിക്കുന്നതു കണ്ടാൽ ആ വ്യക്തി ഋഷിയാണ്, യോഗിയാണ് എന്നു ധരിക്കണം. ഋഷിയിലും യോഗിയിലും അല്ലാതെ ശ്രീവിദ്യ തന്റെ പൂർണ്ണരൂപത്തിൽ (നിരാവരണാ പ്രജ്ഞാ പാരമിതാ) പ്രത്യക്ഷപ്പെടുകയില്ല (പേജ് 405)

ഈയൊരു ഉദ്ധരണിയിൽ നിന്നുതന്നെ ഈ വ്യാഖ്യാനം എന്തുമാത്രം അന്യവ്യാഖ്യാനങ്ങളിൽ നിന്ന് വ്യത്യസ്തമാകുന്നുവെന്ന് സ്പഷ്ടമാകുന്നു. തൊട്ടാൽ കൈപൊള്ളുന്ന വിഷയമായിരുന്നു, ഒരു കാലത്ത് ഈ ബ്രഹ്മവാദം. വ്യാസനാൽ വിരചിതമായ വേദാന്ത ദർശനത്തിൽ, നാല് അദ്ധ്യായങ്ങളാണുള്ളത്. ഓരോ അദ്ധ്യായത്തിലും നന്നാലു പാദങ്ങൾ 555 സൂത്രങ്ങൾ, വേദത്തിൽ അന്തർഗ്ഗതമായ ബ്രഹ്മസാക്ഷാത്കാരം തന്നെ പ്രതിപാദ്യവിഷയം. വേദസ്യ അന്തഃ അന്തിമോ ഭാഗ ഇതി വേദാന്തഃ എന്ന് വേദാന്തശബ്ദത്തിന് വ്യുത്പത്തി പറയാം. അതായത് വേദത്തിന്റെ അന്തിമഭാഗത്തെ വേദാന്തമെന്നു വിളിക്കാം ഇതിൽ ബ്രഹ്മം, ജീവൻ, പ്രകൃതി എന്നീ മൂന്നു തത്വങ്ങളെ കുറിച്ചാണ് പരാമൃഷ്ടമാകുന്നത്. പലരും കരുതും പോലെ ഒന്നുമില്ലാത്തതാണെന്ന വാദമല്ല ഇതിലുള്ളത്. ഡോ. രാധാകൃഷ്ണൻ ഈ പ്രപഞ്ചത്തെക്കുറിച്ച് നടത്തിയ വീക്ഷണം നമുക്ക് സ്വീകരിക്കാമെന്നു തോന്നുന്നു.

പ്രധാനമായ രണ്ടു സൂത്രങ്ങൾക്ക് ഗ്രന്ഥകാരി നൽകിയ വ്യാഖ്യാനം കൂടി പരിശോധി

ച്ചാൽ ഭാഷ്യത്തിന്റെ മർമ്മഭാവം വ്യഞ്ജിക്കുമെന്നുതോന്നുന്നു. ജന്മാദ്യസ്യ യതഃ (1.12) ശാസ്ത്ര യോനിത്വാത് (1.1.3) എന്നീ സൂത്രങ്ങൾക്ക് നൽകിയ ഭാഷ്യങ്ങൾ തികഞ്ഞ അർത്ഥത്തെത്തന്നെ യാണ് സ്ഫുടീകരിച്ചിരിക്കുന്നത്. നിശ്വാസത്താൽ ജനിക്കുന്ന ഒന്നിന് ഒരു കർത്താവു വേണം. അതായത് മുമ്പുണ്ടായിരുന്നതുപോലെ, വൈദ്യുതി തരംഗം പോലെ സർവ്വവിദ്ഭവേത് അവഭാ സിച്ച് പുനർജ്ജനിക്കുന്നതിനാലാണ് വാക്കിന് നിത്യത കല്പിച്ചിരിക്കുന്നത്. (പേജ് 35) തന്റെ ഈ സിദ്ധാന്തത്തെ അഭിവ്യഞ്ജിപ്പിക്കുന്നതിന് ലേഖിക സ്വീകരിച്ചതാകട്ടെ. ശാരദാതിലകമെന്ന മന്ത്ര ശാസ്ത്രഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണിയും. പുംസ്ത്രീരൂപാത്മകമായ മഹത്തിന് ലിംഗഭേദമില്ല. അതിൽ നിന്ന് നിരന്തരം പ്രവഹിക്കുന്ന അക്ഷരങ്ങളാൽ ചരാചരാത്മകവും ശബ്ദാർത്ഥരൂപവു മായ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. സുകൃതികളുടെ അന്തർഗ്ഗതമായ ഈ ചൈതന്യത്തെ വിദ്വാന്മാർ ശബ്ദബ്രഹ്മമെന്നു പേരിട്ടു വിളിക്കുന്നു. (പേജ് 36)

അഥർവ്വവേദത്തിന്റെ പ്രസക്തമായ ഒന്നാമത്തെ മന്ത്രത്തിന്റെ അർത്ഥം ഇവിടെ പകർത്തുന ന്നത് നന്നായിരിക്കുമെന്നു തോന്നുന്നു. മൂവേഴ് ഇരുപത്തി ഒന്നിൽ സമസ്തനാമജഗത്തിനേയും നിർമ്മിച്ച് ചെയ്തിരിക്കുന്ന വാചസ്പതിയായ പരമാത്മദേവൻ. എന്റെ ശരീരമധുവായ ഹൃദയ ത്തിൽ ഇപ്പോൾ, വർണ്ണാത്മകമായ ശബ്ദരൂപത്തിനെ ധാരണം ചെയ്യട്ടെ. (അഥ. 1.1.1) ഇവിടെ എന്താണ് വർണ്ണം. പതഞ്ജലിയുടെ മഹാഭാഷ്യത്തിൽ, ഇതിനുള്ള ഉത്തരം സ്പഷ്ടമായി വ്യക്ത മാക്കിയിട്ടുണ്ട്.

അക്ഷരം നക്ഷരം വിദ്യാത്
അശ്നോർതേർവ്വാ സരോ അക്ഷരം
വർണ്ണം വാഹുഃ പൂർവ്വസൂത്രേ
കിമർത്ഥമുപദിശ്യതേ.

അർത്ഥം

നാശരഹിതവും എല്ലായിടത്തും വ്യാപിച്ചുവർത്തിക്കുന്നതും ഗതിയുക്തവും വർണ്ണമെന്ന് അറിയ പ്പെടുന്നതുമായ അക്ഷരത്തെ മനുഷ്യൻ പ്രയത്നിച്ച് സ്വായത്തമാക്കുക, കാരണം വർണ്ണജ്ഞാനം വാണിയുടെ വിഷയമാണ്. യാതൊന്നിലാണോ ശബ്ദബ്രഹ്മവും പരബ്രഹ്മവും സ്ഥിതി ചെയ്യു ന്നത് ആ ഇഷ്ടജ്ഞാനത്തിന്റെ സിദ്ധിക്കായും ബ്രഹ്മപ്രാപ്തിക്കായും ശാന്തിക്കായും വർണ്ണജ്ഞാ നത്തെ ഉപദേശിക്കുന്നു എന്ന് തുടർന്നുള്ള പ്രസ്താവനയിൽ, പതഞ്ജലി പറയുന്നു. ഇങ്ങനെ യഥാതഥമായ വീക്ഷണങ്ങൾ കൊണ്ട് സമൃദ്ധമായിരിക്കുന്ന ബ്രഹ്മസൂത്രഭാഷ്യം നൂതനമായ ഒരു അർത്ഥസമ്പുഷ്ടി പകർന്നു നൽകുന്നു.

സാന്ദ്രാനന്ദം

അക്കിത്തം-

ഈയിടെ ശതാഭിഷിക്തനായ ജ്യോത്സ്യൻ എടപ്പാൾ ശ്രീ ശൂലപാണിവാരിയർ ഒരു കഥ പറയുകയുണ്ടായി. പണ്ട് നാലപ്പാട്ടിനോട് ഒരതിഥി ചോദിച്ചുവത്രേ- അങ്ങ് ജ്യോതിഷത്തിൽ വിശ്വസിക്കുന്നുണ്ടോ. നാലപ്പാടൻഇല്ലെന്നു പറഞ്ഞു. ഉടനെ അതിഥി പറഞ്ഞു: വളരെ സന്തോഷം. എന്താ കാരണമെന്നുവെച്ചാൽ ഞാനും ജ്യോതിഷത്തിൽ വിശ്വസിക്കുന്നില്ല.

ഉടനേ നാലപ്പാട്ട് ചോദിച്ചു: നിങ്ങൾ ജ്യോതിഷം പഠിച്ചിട്ടുണ്ടോ.

അതിഥി പറഞ്ഞു: ഇല്ല.

ഈ ഘട്ടത്തിൽ നാലപ്പാട്ട് പറഞ്ഞു: ഇതാണ് നിങ്ങളും ഞാനും തമ്മിലുള്ള വ്യത്യാസം. നിങ്ങൾ കാര്യം അറിയാതെ നിഷേധിക്കുന്നു. ഞാൻ പഠിച്ചറിഞ്ഞശേഷമാണ് നിഷേധിക്കുന്നത്.

അതിഥി പാടേ വിളറിപ്പോയി. ഇതിനെപ്പറ്റി ഞാൻ പിന്നീടു ചിന്തിച്ചുനോക്കുകയുണ്ടായി. എന്തുകൊണ്ടാണ് നാലപ്പാട്ട് ജ്യോതിഷത്തിൽ വിശ്വാസമില്ലെന്നു പറഞ്ഞത്. ജ്യോതിഷത്തിന്റെ എന്നല്ല, ഭാരതീയ ചിന്തയുടെ മുഴുവൻ അടിവേരുകണ്ടെത്തിയ ആർഷജ്ഞാനകർത്താവ് തനിക്കു ജ്യോതിഷത്തിൽ വിശ്വാസമില്ല എന്നു പറഞ്ഞതെന്തുകൊണ്ടാണ്. ദിവസങ്ങൾക്കുശേഷം എന്റെ മനസ്സിൽരണ്ടുവരി പൊന്തിവന്നു.

കെല്പറ്റതെങ്കിലുമെൻകയ്യും ചെല്ലായ്കി-
ലപ്പോളേ നിശ്ചലം കാലചക്രം.

നാലപ്പാട്ടെഴുതിയ ആ വരികളിലുണ്ട്, എന്റെ സംശയത്തിനുള്ള മറുപടി.

അതായത്, ജ്യോതിഷമെന്നത് പൂർവ്വജന്മത്തിലെ കർമ്മങ്ങളുടെ തുടർച്ച എന്ന നിലയിൽ ഈ ജന്മത്തിൽ നമ്മൾ എന്തൊക്കെ അനുഭവിക്കുമെന്ന് കണ്ടെത്താനുള്ള ശാസ്ത്രം മാത്രമല്ല, ഈ ജന്മത്തിൽ നമ്മളനുഭവിക്കുമെന്ന് കണ്ടെത്തുന്ന വസ്തുതകളിൽ ദുഃഖവും സുഖവുമുണ്ടാവുമല്ലോ. ദുഃഖമനുഭവിക്കുവാൻ ആരും ആഗ്രഹിക്കുകയില്ല. ദുഃഖത്തിൽനിന്നു മോചനം നേടാൻ കർമ്മം എന്നൊരുപാധിയുണ്ട്. ഈ കർമ്മമാർഗ്ഗത്തിലെത്താനുള്ള ഉപാധിയായിട്ടാണ് പൂർവ്വികർജ്യോതിഷത്തെ കണ്ടത്. ചില ദുഃഖങ്ങൾക്കു പരിഹാരം വൈദ്യമാവാം. മറ്റു ചിലതിനു പരിഹാരം മന്ത്രവാദമാവാം. ഇനി ചിലതിനുപരിഹാരം കേവലഭൌതികാർത്ഥത്തിലുള്ള കർമ്മങ്ങളാവാം, കൃഷി, വ്യവസായം എന്നിങ്ങനെ. എങ്കിൽ യഥാർത്ഥജ്യോതിഷജ്ഞാനി വിശ്വസിക്കേണ്ടത് കർമ്മമാർഗ്ഗത്തിലാണ്. ഇതായിരിക്കണം നാലപ്പാട്ട് ഉള്ളിൽക്കരുതിവെച്ചത് എന്ന് എനിക്ക് തോന്നുന്നു.

വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലൂടെ ഇന്ത്യയെ കണ്ടെത്തലിലെത്തിയ സുവർണ്ണ നാലപ്പാട്ടിനും ഈ കാര്യമറിയാമെന്നതിന് നിദർശനമാണ് എന്റെ കയ്യിലിരിക്കുന്ന കൊച്ചുപുസ്തകം- സാന്ദ്രാനന്ദം.

കവിത ഓരോ മനുഷ്യഹൃദയത്തിലും ഏറെക്കുറെ നിലനിൽക്കുന്നു. എന്നാലതിന്റെ വളർച്ചക്ക് നിദാനമായിത്തീരുന്നത് സ്വന്തം പ്രയത്നമാണ്, കർമ്മമാണ്. അതു തന്നെയാണല്ലോ പൂർവ്വസൂരികളും പറഞ്ഞു വെച്ചിട്ടുള്ളത്. ശക്തിമാത്രം പോര, നിപുണതയും വേണ്ടിയിരിക്കുന്നു. അതായത്, ലോകശാസ്ത്രകാവ്യങ്ങളിൽനിന്നു സംഗ്രഹിച്ച നൈപുണ്യം.

ശ്രീമതി സുവർണ്ണ നാലപ്പാട്ടിനെക്കുറിച്ചാണെങ്കിൽ, നാലപ്പാടന്റെ അത്രതന്നെ പ്രബലമാണ് അവരുടെ ശാസ്ത്രസാമഗ്ര്യപരിചയം. ജീവിതത്തിന്റെ ആദ്യപകുതി മുഴുവനും ഈ ഡോക്ടർചെ

ലവഴിച്ചത് ചികിത്സാലോകത്തിലാണ്. മനുഷ്യന്റെ ശാരീരികദുഃഖങ്ങളിൽനിന്നവനെ മോചിപ്പിക്കാൻകഴിയുക എന്നതിൽകവിഞ്ഞ് എന്താണൊരു പുണ്യമുള്ളത്.

എന്നാൽ, അന്നും അവർ ഒഴിവുസമയങ്ങളിൽ, സാഹിത്യപ്രവർത്തനങ്ങളിൽ മുഴുകി, അങ്ങിനെ ആത്മാവിഷ്കാരത്വരയെ സന്തർപ്പണം ചെയ്തുകൊണ്ട് മനുഷ്യായുസ്സിൽ പകുതി കഴിച്ചുകൂട്ടിയ ഒരാൾക്കല്ലാതെ ഈ സാന്ദ്രാനന്ദത്തിലെ കവിതകൾവിരചിക്കാനാവില്ലെന്ന് ആമുഖം വായിച്ചു തീർന്നപ്പോഴേക്കുതന്നെ എനിക്കു ബോധ്യപ്പെട്ടു.

ഒന്നുകൂടി കൂർപ്പിച്ചുപറഞ്ഞാൽ, അർഘ്യത്തിൽ അർക്കനായിത്തെളിയുക മമ ചിത്തത്തിലും ചില്പുമാനേ എന്ന പ്രാർത്ഥനയിലെ ഇമേജറിമാത്രം മതി, സാന്ദ്രാനന്ദത്തിലെ നിയതികൃതനിയമരഹിതമായ സൌന്ദര്യാനുഭൂതിയ്ക്ക് ഉദാഹരണം.

സാന്ദ്രാനന്ദഹേതുക്കളായ ശ്രീകൃഷ്ണസ്മരണകളുടെ യമുനാകല്ലോലങ്ങളിൽപ്പെട്ട് മുങ്ങുകയും പൊങ്ങുകയും ചെയ്യുന്ന കവിഹൃദയത്തിന്റെ നിഷ്കളങ്കത ആ കവിതയിലുടനീളം കണ്ടു. അടുത്ത പതിപ്പിനുമുമ്പ് വായനക്കാർക്കുപകരിക്കാവുന്ന ഒരു വഴികാട്ടിക്കുറിപ്പു ചേർക്കാൻ കവിക്കു കഴിയട്ടേ എന്ന് പ്രാർത്ഥിക്കുന്നു. പൂന്താനവും മേല്പത്തൂരും രണ്ടല്ലാതായിത്തീരുന്ന അവസ്ഥയാണ് ഈ കവിതകളിൽനിന്ന് ഞാനനുഭവിച്ചത്. പലപ്പോഴും രാധതന്നെയായി മാറിയ ഒരാത്മാവിന്റെ ആനന്ദനൊമ്പരം എന്നതിനെ വിളിക്കാൻ തോന്നി.

സവിനയം

അക്കിത്തം

കുമരനെല്ലൂർ, പാലക്കാട്.

സാന്ദ്രാനന്ദം
അഴീക്കോട്

ഈ കാവ്യംവഴി നാലപ്പാട്ടുകുടുംബത്തിൽ ബാലാമണിയമ്മയുടെ പാരമ്പര്യം നിലനിർത്താൻ കഴിവുള്ള ഒരു സ്ത്രീയെ കേരളം കണ്ടെത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു. വിസ്തരിച്ചുവിസ്തരിച്ചു രസം വറ്റിപ്പോയ ഒരു വിഷയം പ്രതിഭയുള്ളവർക്ക് വിശ്വപ്രീതികരമാക്കിത്തീർക്കാൻ കഴിയുമെന്ന് ഇതിലെ ഓരോ ലഘുരചനയും തെളിയിക്കുന്നു.

ശബ്ദരീതി ഒന്നുകൂടി പരിണതമായി മയപ്പെടാനുണ്ട്. സംസ്കൃതത്തിന് കവിതയുടെ ശബ്ദതലത്തിൽ മേൽക്കോയ്മ നൽകരുത്.

ശൂലപാണിവാരിയർ അമൃതജ്യോതിയെക്കുറിച്ച്:-

സുവർണ്ണക്ക്,

വളരെ സാവകാശത്തിൽത്തന്നെ അമൃതജ്യോതിസ്സ് വായിച്ചു. ചൂടും വെളിച്ചവും ഊർജ്ജസ്വലതയും പ്രദാനം ചെയ്യുന്ന ജ്യോതിസ്സ് എന്റെ ആത്മാവിലും കുറച്ച് അമൃതബിന്ദുക്കൾ വീഴ്ത്തി. എന്റെ ഉള്ളിന്റെ ഉള്ളിൽ എന്നും ഇരിപ്പുറപ്പിച്ച ശ്രീ നാലപ്പാട്ടിന്റെ ശബ്ദം സുവർണ്ണയിലൂടെ വീണ്ടും കേൾക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം സീമാതീതമാണ്. ഇത്രയും ചെറുപ്പത്തിൽതന്നെ ഇത്രയും അറിവും ഈ തന്റേടവും വളർത്തിയെടുക്കാൻ കഴിഞ്ഞത് ആ ഋഷിപ്രഭാവന്റെ- ശ്രീ നാലപ്പാടന്റെ- ഉജ്ജ്വലതേജസ്സ് സുവർണ്ണയിൽ നിപതിച്ചതുകൊണ്ടാവണം ആത്മാവിലെ പങ്കം കഴുകികളയാനുതകുമാറുള്ള ഇത്തരം ഗ്രന്ഥങ്ങൾ ഇനിയും വളരെ വളരെ പുറത്തിറക്കാൻ കഴിയുമാറാകട്ടെ.

തമസ്സുകൊണ്ട് കട്ടപിടിച്ച എന്റെ കൊച്ചുള്ളിൽ കൊള്ളാത്ത പലതും ഈ പുസ്തകത്തിലുണ്ട്. അപ്പോൾ ഒരഭിപ്രായം പറയാൻ കഴിയില്ല. എന്നാലും.....

തീക്ഷ്ണമായ ബുദ്ധിയുടെ പ്രകാശനാളങ്ങളെ വിശകലനം ചെയ്യുകയും ജീവിത നിഗമനങ്ങളെ ക്രമപ്പെടുത്തുകയും ഓരോ മനുഷ്യനേയും തന്നിൽതന്നെ നിറഞ്ഞു കിടക്കുന്ന നിഗൂഢശക്തികളേയും തുറന്നുകാട്ടി, മഹത്വവും സമൃദ്ധവുമായ ദർശനങ്ങളെ ഉൾക്കൊള്ളാൻ കഴിവുള്ളവരാക്കിതീർക്കുകയും ഓരോ പാപിയുടെയും ഉള്ളിന്റെ ഉള്ളിൽ ഉറങ്ങികിടക്കുന്ന ഒരോ ഋഷിയേയും ബന്ധവിമുക്തിയെ പ്രതീക്ഷിച്ചുകൊണ്ടുഴറുന്ന ഒരോ ഋഷിയേയും, കണ്ടെത്തുകയും ചെയ്ത വേദങ്ങളുടെയും ഉപനിഷത്തുക്കളുടെയും കർത്താവായ മഹാഗുരുഭൂതന്മാരുടെ പ്രഖ്യാപനങ്ങളാണ് ഞാനീ പുസ്തകത്തിൽകണ്ടത്. അവർ ജീവിതത്തെ സുസൂക്ഷ്മം നിരീക്ഷിക്കുകയും വിശകലനം ചെയ്ത് ആത്മാവിനെ കണ്ടെത്തുകയും ജീവന്റെ ഘടകങ്ങളേയും ഘടനയേയും കുറിച്ച നിർണ്ണായകമായ നിഗമനത്തിലെത്തിച്ചേരുകയും ചെയ്തിട്ടായിരിക്കണം ജീവിതമെന്നത് അനുസ്യൂതവും അഖണ്ഡവുമായ അനുഭവങ്ങളുടെ ഒരു പരമ്പരയാണ് എന്നു പ്രഖ്യാപിച്ചതെന്ന് അനുമാനിക്കുന്നു.

പദാർത്ഥജാലത്തിന്റെ മൂലഘടകം പരമാണുവാണെന്ന് കണ്ടുപിടിച്ച് ആ പരമാണുവിനെ

ത്തന്നെ വീണ്ടും വീണ്ടും പരീക്ഷണവിധേയമാക്കി വിശകലനം ചെയ്ത് ജീവിത ഘടനയെ സാക്ഷാൽക്കരിച്ചതിന് ശേഷവും തങ്ങളുടെ പരീക്ഷണം അവസാനിപ്പിക്കുവാൻ തയ്യാറായിട്ടില്ലാത്ത ആ പ്രാചീന ഗുരുഭൂതന്മാർ ഒരോ വ്യക്തിയുടെയും അനുഭവങ്ങളേയും നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്നു. ആത്മനിഷ്ഠമായ ഈ പരീക്ഷണത്തിന്റെ ഫലമായി അന്തർമുഖമായ അന്വേഷണത്തിൽനിന്നെ ജീവിതസൗഖ്യം ഉൽപാദിപ്പിക്കാനാവൂ. ബഹിർമുഖമായ അന്വേഷണത്തിൽനിന്ന് ജീവിതസൗഖ്യം ഉൽപാദിപ്പിക്കാനാവില്ല എന്ന് അദ്ധ്യാത്മികത്വത്തിലൂടെ അവർ പ്രഖ്യാപിച്ചതെന്നും തോന്നുന്നു. അന്തർമുഖമായ അന്വേഷണം നടത്തുക എന്ന തപസ്സിന്റെ പരിണിതഫലമായി ഞാനീ പുസ്തകത്തെ കണ്ടു. അതേ-ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക്, നശ്വരതയിൽനിന്ന് അനശ്വരതയിലേക്ക് ഈ ജ്യോതിസ്സ് നമ്മെനയിക്കുന്നു. സ്വസ്തി.

എന്ന് സ്വന്തം

ശൂലപാണിവാരിയർ

അടികുറിപ്പ്:- ആ പിന്നെ ശ്രീ നമ്പിയെ കണ്ടുവോ ശ്രീ. ഉദയഭാനുവിന്റെ ജാതകകുറിപ്പ് കിട്ടിയില്ലേ. അഭിലാഷ് സൗഖ്യത്തോടെ ഇരിക്കുന്നില്ലേ. ജാതകം എഴുതിവരുന്നു.

“താമരപ്പൂക്ക”ളുടെ

അവതാരിക

പുന്നയൂർക്കുളം വി. ബാപ്പു.

പരിശുദ്ധമായ ഭാഷാസാഹിത്യക്ഷേത്രത്തിലേയ്ക്ക് ഏതാനും കൊച്ചുതാമരപ്പൂക്കളുമായി ഒരു നവാരാധിക ഉറച്ചുകഴിഞ്ഞിട്ടില്ലാത്ത കാൽവെപ്പുകളോടെ മന്ദംമന്ദം കടന്നുവരികയാണ്, ആരാധനയ്ക്ക്. അവളുടെ തറവാട്ടിൽ മഹാരഥന്മാരായ സാഹിത്യപുരോഹിതന്മാരുണ്ടായിരുന്നു. ഇന്നും ഉണ്ട്. അവരുടെ പാരമ്പര്യത്തിൽനിന്ന് ഉടലെടുത്തതായിരിക്കണം ഈ പത്തുവയസ്സുമാത്രം പ്രായമുള്ള കൊച്ചുകുഞ്ഞിന്റെ സാഹിതീഭക്തി. അവൾ ആദ്യമായി അർച്ചനക്ക് കൊണ്ടുവരുന്ന താമരപ്പൂക്കൾക്ക് പരിമളം കുറവായിരിക്കാം. അഴക് പോരായിരിക്കാം. അവളുടെ കൊച്ചുപാദങ്ങൾക്ക് വേണ്ടത്ര കെട്ടുറപ്പില്ലായിരിക്കാം. എങ്കിലും അവളുടെ അകളങ്കമായ ഭക്തിയും അനന്യസാധാരണമായ ആത്മാർത്ഥതയും അധൃഷ്യമായ അഭിനിവേശവും അഭിനന്ദനീയമല്ലെ?

സുപ്രസിദ്ധമായ നാലപ്പാട്ടുകുടുംബത്തെ കേരളീയർക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. ദിവംഗതനായ മഹാകവി നാലപ്പാട്ടു നാരായണമേനോൻ അവർകളുടെ ഭാഗിനേയിയുടെ മകൾ, ബാലാമണിയമ്മയുടെ സഹോദരീപുത്രി, അമ്മിണിയമ്മയുടെ മകൾ, കമലയുടെ ഇളയമ്മയുടെ മകൾ- അതാണു ഈ കൊച്ചുകവയിത്രി സുവർണ്ണ- വന്ദേരി ഹൈസ്ക്കൂളിൽ എട്ടാം സ്റ്റാൻഡേഡിലെ ഒരു വിദ്യാർത്ഥിനി- അതേ, നാലപ്പാട്ടു കുടുംബത്തിൽനിന്നു ഭാഷാസാഹിത്യഭണ്ഡാരത്തിലേയ്ക്ക് മുതൽകൂട്ടുന്ന സുദീർഘമായ ചങ്ങലയ്ക്ക് ഒരു കണ്ണികൂടി!

ഈ കൊച്ചുപുസ്തകത്തിന്നു അവതാരിക എഴുതിക്കൊടുക്കേണമെന്ന ആവശ്യം- അതിനുള്ള അർഹത എനിക്ക് എന്താണുള്ളതെന്ന് എനിക്കുതന്നെ മനസ്സിലായിട്ടില്ല- സ്വീകരിക്കാതിരിപ്പാൻ എനിക്കു കഴിഞ്ഞില്ല. ഈ താമരപ്പൂക്കളുടെ സൌന്ദര്യത്തിൽനിന്ന് സുവർണ്ണയുടെ നാമം അന്വർത്ഥമാകുമാറ് സുശോഭനമായ ഒരു ഭാവി അവളെ മാടിവിളിക്കുന്നുണ്ടെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

പ്രകൃതിദൃശ്യങ്ങൾ കവിഹൃദയത്തിലുളവാക്കുന്ന വികാരതീവ്രതയെ അതേപടി അനുവാചകഹൃദയങ്ങളിലും ഉളവാക്കുവാനുള്ള കരവിരുതാണ് കവിയുടെ വിജയത്തിനു നിദാനമെങ്കിൽ അതിനുള്ള കഴിവ് താമരപ്പൂക്കൾ വിരചിച്ച കരങ്ങൾക്കു വിളംബംവിനാ കൈവരുമെന്നു ദീർഘദർശനം ചെയ്യാൻ മടിക്കേണ്ടതില്ല.

സുവർണ്ണക്ക് സുശോഭനമായ ഒരു ഭാവി സർവ്വാത്മനാ ആശംസിച്ചുകൊണ്ട് ഈ കൊച്ചു താമരപ്പൂക്കൾ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു

പുന്നയൂർക്കുളം　　　　എന്ന്, വിധേയൻ

16-07-1957　　　　പുന്നയൂർക്കുളം, വി. ബാപ്പു

ഓർമ്മക്കുറിപ്പുകൾ

My mother at 70

By Abilash Nalapat

My mother is turning 70. I have been sharing this physical world, into which she and my father brought me, with her for 44 of those years. In the first 20 of those years, I made very little effort to know her as a person. She was there for me as a mother and that was enough for me.

It was in October 1992 that I first saw her resilience, inner strength and positive energies for the first time. It was during my father's hospitalisation – he was in comatose state in hospital for about a week but my mother refused to believe the end had come. She constantly talked to him round the clock from his bedside and made me do it as well. Upon recovery, one of the things my father told me was that he felt he was inside a dark tunnel but could hear me and my mother calling him from the light outside and he wanted to find his way outside by following our voices.

Subsequently, through her public speeches and writings, I have seen my mother trying to show the path of light to the world. I have not done any quantitative tests on this, but I can say with utmost conviction that such is the genuineness and purity of her personality that she would have altered the inner lives of at least one or two of the very few people who have been fortunate to be associated with her.

My mother is not merely a scholar – she puts into actual living practice all the wisdom of the philosophical texts she has imbibed. Perhaps the biggest testament of this comes from my wife, who believes that there will be very few mothers-in-law like her — very independent and extremely liberal-minded that she has never engaged in petty criticism or interference.

Operating in the necessities of commercial professional life, the rational side of me has sometimes wondered if the positivism of my mother is for a different world. But, there has been a recent realisation – too personal in nature to be written about – that without it one loses control and allows the ship to be taken over by the ravaging deep waters.

I do not want this article to be a superficial note of thanksgiving. I believe that good parenting is all about putting children over selves in a natural manner and thanksgiving only commercialises the institution. However, as is quite often the case, this definition of good parenting is mostly a matter of lip service and is hardly practiced in actual lived life.

In my case, though, it is actual lived life. My mother has educated me beyond her means and has given me a professional life wherein I have worked for some of the best media institutions in India and the world. Currently, my employers are the organisers of the most followed sporting event in the world, the FIFA World Cup.

I have three people in my life to thank for this and my mother is top of the list for making personal sacrifices for my education beginning from childhood through to university. The second person is my father, who instilled a deep understanding of sport in me during my childhood, which meant we spent hours discussing a subject which my mother had very little interest in. The third person is my wife, a specialist in human resources, who has given me right advice to handle professional situations and who has supported me during the times in the recent past when the turbulent global economy has cut into our lives.

There is something else I need to mention here that is completely connected to my rational and emotional existence. In modern India, the English language is unfortunately seen by many with vested political interests as a symbol of colonisation. However, for me, it is the language of my interior landscape and my mother has had a huge role to play behind this.

Influenced by her maternal grand uncle Nalapat Narayana Menon – who had translated 'Les Miserables' into Malayalam and who was a follower of the globally eclectic Theosophical Society – my mother did not consider the English language as alien. She read out Enid Blyton for me while I was a child and backed it up with Dickensian classics such as Oliver Twist, David Copperfield and Great Expectations. Add the poetry of Shelley, Keats and Wordsworth – all of which she used to read out – and you have my childhood literary influences.

My mother always told me that she had two mothers in her childhood – one her mother and the other her maternal grandmother – and she would often be torn as to whom she should be sleeping with. Malayalam and English played similar roles in her life and I am lucky that this was the case.

As a child, my education was totally in her hands and even though I did listen to the BBC Sports Round Up and Test Match Special and read 'The Hindu' with my Anglophile father, the hours that I spent with my mother listening to her read out Enid Blyton, Dickens and the great Romantic poets shaped my understanding of the structure of the English language.

My mother has had a life as a public intellectual in Kerala during the last two decades following my father's death. Her philosophical output during this period has been staggering so to speak. Two names who come to mind of people who packed in so much of content into so few years are Adi Shankara and Swami Vivekananda. And, in literature, the two names who stand out are the poets she used to read out to me when I was in primary school – Shelley and Keats.

All the above-mentioned greats died before they turned 40 – the Indians were in the thirties and the Englishmen in their twenties. My mother only began her creative life in her fourties and it is getting to be three decades since she actively began a life of letters.

I conclude by hoping that I am able to give her a peaceful time during the last decade or two of her life. More importantly, I hope that people around her understand during her lifetime that the value of what she is leaving behind for them is no less inferior to what Shankara, Vivekananda, Shelley and Keats left behind for humanity during their brief sojourns in this physical universe.

ജന്മസിദ്ധമായ സാത്വികഭാവം

പ്രൊഫസർ. എം. കെ. സാനു

അങ്ങിനെയൊരനുഭവം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ഒരാളെ ആദ്യമായി കാണുമ്പോൾ പണ്ടു മുതലേ അടുപ്പമുള്ളയാളാണല്ലോ എന്നു തോന്നിപ്പോകുന്ന അനുഭവം. അങ്ങിനെയൊന്ന് നിങ്ങൾക്കു ണ്ടായിട്ടില്ലെങ്കിലും, എനിക്കുണ്ടായിട്ടുണ്ടെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഡോ. സുവർണ്ണ നാലപ്പാടിനെ ആദ്യമായി കണ്ടുമുട്ടിയപ്പോൾ ആ അനുഭവം ആവർത്തിച്ചല്ലോ എന്നോർത്തു ഞാൻ വിസ്മയാധീനനായി ആ വിസ്മയം പുറമേ കാണിച്ചില്ലെന്നു മാത്രം.

എവിടെവെച്ചാണ് കണ്ടുമുട്ടിയതെന്ന് ഇപ്പോഴുമോർക്കുന്നു. കമലാദാസിന്റെ അഥവാ മാ ധവിക്കുട്ടിയുടെ ഭവനമായിരുന്നു ഞങ്ങളുടെ സംഗമവേദി ഏതോ ജന്മാന്തരബന്ധത്തിന്റെ സ്വാത ന്ത്ര്യത്തോടുകൂടി ഡോ. സുവർണ്ണ എന്നോട് സംസാരിച്ചു. അതേ ബന്ധത്തിന്റെ പ്രേരണയോടു കൂടി ഞാൻ ശ്രദ്ധിക്കുകയും ചെയ്തു. കാലത്തിന്റെ ഏതോ അജ്ഞാതബിന്ദുവിലാരംഭിച്ച ആ ബന്ധം അതിന്റെ വിശുദ്ധമായ മാധുര്യത്തോടു കൂടി ഇന്നും തുടരുന്നു. പഞ്ചഭൂതങ്ങളുടെ പഞ്ജ രത്തിൽ നിന്ന് വിമുക്തി ലഭിച്ചതിനു ശേഷവും തുടരുമെന്നതിൽ എനിക്കു സംശയമില്ല. മാധവി ക്കുട്ടിയുടെ വീട്ടിൽ കൊച്ചു കൊച്ചു വർത്തമാനങ്ങളാണ് ഏറെയും നടക്കുക. ഗൗരവയുക്തമായ പ്രമേയങ്ങൾക്കതിൽ ഇടം കിട്ടാറില്ല. വർത്തമാനമധികവും മാധവിക്കുട്ടി തന്നെയാണ് നടത്തുന്ന ത്. അതെപ്പോഴും രൂക്ഷമാണ്. രൂക്ഷമാകുന്നതിനു കാരണം മാധവിക്കുട്ടിയുടെ സംഭാഷണശൈ ലിയാണ്. അതിന് ഹൃദ്യമായ വശ്യതയുണ്ട് (രചനയിലെന്ന പോലെ) സംസാരവിഷയങ്ങൾ എപ്പോഴും എരിവ് കലർന്നതായിരിക്കും.

അങ്ങിനെയുള്ള വർത്തമാനങ്ങൾ കേട്ടുകൊണ്ടിരിക്കുന്നതിനിടയിലാണ് ഡോ. സുവർണ നാലപ്പാട് അന്നു കടന്നു വരുന്നത്. അവരെ മാധവിക്കുട്ടി പരിചയപ്പെടുത്തി. രണ്ടു നിലകളിലാണ് പരിചയപ്പെടുത്തിയത്. കുടുംബാംഗമെന്ന നിലയിലും, മെഡിക്കൽ കോളേജ് പ്രൊഫസറായ എഴു ത്തുകാരി എന്ന നിലയിലും.

സദസ്സിന്റെ കേന്ദ്രബിന്ദുവായി ഡോ. സുവർണ്ണ നാലപ്പാട് മാറുന്നതിന് താമസമുണ്ടായില്ല. അവ രുടെ സംഭാഷണം ഞങ്ങളുടെ ശ്രദ്ധ പിടിച്ചടക്കുകയും ചെയ്തു. മാധവിക്കുട്ടിയിലെ മാധു ര്യവും ഡോ. സുവർണ്ണയിലെ ചിന്താഗൗരവവും അവ വിരുദ്ധകോടികളിൽ വർത്തിക്കുന്നു. എങ്കിലും വൈരുദ്ധ്യമൊന്നും അവയിലില്ലതാനും.

രണ്ടും സമാകർഷകമാണ്. മാധവിക്കുട്ടി നമ്മെ രസിപ്പിക്കുന്നു. ഡോ. സുവർണ്ണ ശ്രോതാ ക്കളെ ആലോചിപ്പിക്കുകയും, അത്ഭുതാധീനരാക്കുകയും ചെയ്യുന്നു. അത്ഭുതാധീനരാക്കുന്നതെങ്ങി നെയെന്നു ചോദിച്ചാൽ ഉത്തരം ഒറ്റ വാക്കിൽ പറയുവാനാവുകയില്ല. കുട്ടിയായിരിക്കുമ്പോൾ തനിക്ക് ലഭിച്ച ഉൾക്കാഴ്ചയെക്കുറിച്ച് അവർ സംസാരിക്കുന്നു. നാലഞ്ചുവയസ്സുള്ളപ്പോൾ പ്രസി ദ്ധമായ ഒരു പുണ്യസ്ഥലം നേരിട്ടുകാണുന്നത് സ്വപ്നതുല്യമായ അവസ്ഥയിൽ. ആ പുണ്യസ്ഥ ലവും അതിലെ ദേവാലയവും സൂക്ഷ്മമായ കൃത്യതയോടെ വിവരിച്ചു ആ പിഞ്ചുകുട്ടി മുതിർന്ന

വരെ അത്ഭുതാധീനരാക്കുന്നു. താൻ പഠിക്കാത്ത സംസ്കൃതത്തിലെ മന്ത്രങ്ങളും, സൂക്തങ്ങളും ചൊല്ലുന്നു. ഇതെല്ലാം ഈ കുട്ടി എങ്ങനെ അറിഞ്ഞുവെന്ന് മുതിർന്നവർ അത്ഭുതം കൂറുന്നു.

നമ്മളോട് സംഭാഷണം നടത്തുമ്പോൾ ഡോ. സുവർണ്ണയുടെ അലൗകികമെന്നോ, ആത്മീയമെന്നോ പറയാവുന്ന അനുഭവങ്ങൾ അല്പാല്പമായി പ്രകാശിതമാകുന്നു. ആ വിവരണത്തിൽ സ്വാഭാവികതയുടെ സ്വച്ഛന്ദതയാണുള്ളത്. ആത്മീയ സിദ്ധികളാൽ അനുഗ്രഹീതരാണവരെന്നു ആ വിവരണം വിളംബരം ചെയ്യുന്നു.

അതിനാൽ യുക്തിവിചാരത്തിനും, ശാസ്ത്രീയബോധത്തിനും അവിടെ സ്ഥാനമില്ല വികസിതമായ സഹജാവബോധത്തിൽ നിന്നുണ്ടാകുന്ന ഉൾക്കാഴ്ചയാണ്. അവിടെ പ്രാമുഖ്യം. ഉൾക്കാഴ്ചയ്ക്ക് വെളിപാടുമായി അഭേദ്യമായ ബന്ധമുണ്ട്.

ഡോ. സുവർണ്ണയിലെ സാത്വികഭാവം ജന്മസിദ്ധമാണ്. അത് യുക്തിചിന്തയിൽ നിന്നോ, ശാസ്ത്രപഠനത്തിൽ നിന്നോ നേടിയെടുക്കുന്ന ഗുണമല്ല. ഭാരതീയ വേദാന്തമായും അതിലെ സൂക്ഷ്മാശയങ്ങളുമായും താദാത്മ്യം പ്രാപിക്കാനും, ആ ആശയങ്ങൾ അതിലളിതമായി വിശദീകരിക്കാനും അവർക്ക് അനായാസമായി സാധിക്കുന്നതിന്റെ കാരണം അതാണ്.

മാനവിക വിഷയങ്ങളല്ല, ശാസ്ത്രവിഷയങ്ങളാണ് ഔപചാരിക വിദ്യാഭ്യാസത്തിലൂടെ ഡോ. സുവർണ്ണ നേടിയത്. ജന്തുശാസ്ത്രത്തിൽ ബിരുദമെടുത്ത ശേഷം മെഡിക്കൽ കോളേജിൽ ചേർന്നു പഠിച്ചു. മെഡിസിനിൽ ബിരുദാനന്തരബിരുദം നേടിയതിനുശേഷം യോഗ്യതയുടെ മാത്രം അടിസ്ഥാനത്തിൽ മെഡിക്കൽ കേളേജദ്ധ്യാപികയായി. പഥോളജി വിഭാഗം പ്രൊഫസറും വകുപ്പുമേധാവിയുമായി ഉയർന്നു. ചികിത്സാശാസ്ത്രത്തിന്റെ സൈദ്ധാന്തികവും, പ്രായോഗികവുമായ വശങ്ങളുമായി ബന്ധപ്പെട്ടാൽ ആ ഔദ്യോഗിക ജീവിതം അനുക്ഷണം വികസ്വരമാകുന്ന ജിജ്ഞാസയിലും, അനുക്രമം തുടർന്നുപോന്ന ശാസ്ത്രപഠനത്തിലും ഏർപ്പെട്ടുപോന്ന പരീക്ഷണങ്ങളിലും കൂടിയാണ് ആ ജീവിതം കടന്നു പോന്നതെന്നർത്ഥം.

അതിനെല്ലാമിടയിലും ഡോ. സുവർണ്ണ തന്നിലുറങ്ങിക്കിടക്കുന്ന സാഹിത്യാഭിരുചിയും , നൈസർഗികമായ സൂക്ഷ്മസത്യാന്വേഷണവും തുടർന്നുകൊണ്ടിരുന്നു. എട്ടാം വയസ്സിൽ മാതൃഭൂമിയിലെ ബാലപംക്തിയിൽ കവിത പ്രസിദ്ധീകരിച്ചു. മരണം എന്ന കവിത. ആ ഇളം പ്രായത്തിൽ തന്നെ മരണം എന്ന സമസ്യയിലൂടെ ലൗകികജീവിതത്തിന്റെ നശ്വരതയുടെ നേർക്ക് വിസ്മയത്തോടെ നോക്കാൻ തുടങ്ങി. പതിനഞ്ചാം വയസ്സിൽ ലേഖനമെഴുതി പ്രകാശിപ്പിച്ചു. എം. ടി. യുടെ നാലുകെട്ട് എന്ന വിശിഷ്ടകൃതിയെക്കുറിച്ചാണ് ലേഖനം സാഹിത്യലോകത്ത് എം.ടി. എന്ന എഴുത്തുകാരൻ ലബ്ധപ്രതിഷ്ഠനാകുമെന്ന് അക്കാലത്തുതന്നെ ആ കുട്ടി പ്രവചിച്ചു.

മുതിർന്നതോടുകൂടി ഔദ്യോഗികജീവിതത്തിന്റെ തിരക്കുകളിൽ അകപ്പെടാതിരിക്കുക സാദ്ധ്യമല്ല പക്ഷെ സഹജമായ സാഹിത്യാഭിരുചിയും സത്യാന്വേഷണവ്യഗ്രതയും അതിനിടയിൽ ഒട്ടും പരിക്ഷീണമായില്ല. അവ ഒന്നിനൊന്ന് സർഗ്ഗോന്മുഖമായി വികസിക്കുകയാണുണ്ടായത്. വാസനാബലത്താലും പരിശീലനത്താലും താൻ ആർജ്ജിച്ച സംസ്കാരത്തിന് ഹൃദയാവർജ്ജകമായ ആവിഷ്ക്കരണം നടത്തുന്നതിൽ അവർ വിജയം നേടുകയും ചെയ്തു. കവിതകളും, കഥകളും

പ്രബന്ധങ്ങളും വ്യാഖ്യാനങ്ങളുമായി എത്രയോ ഗ്രന്ഥങ്ങളാണ് ഡോ. സുവർണ്ണയുടെ തൂലിക യിൽ നിന്ന് കൈരളിയ്ക്ക് ലഭിച്ചിരിക്കുന്നത്. കൃതജ്ഞതാഭാരത്തോടുകൂടിയല്ലാതെ കേരളത്തിന് ഭാവിയിൽ ഡോ. സുവർണ്ണയെ ഓർക്കാൻ സാദ്ധ്യമല്ല.

പാഥേയം എന്ന ആത്മകഥയും, ബ്രഹ്മസിന്ധു എന്ന വേദാന്തഗ്രന്ഥവും വായിച്ച അനുഭവം ഇപ്പോഴും എന്നിൽ ഒരു സ്വാധീനശക്തിയായി തങ്ങി നില്ക്കുന്നു. അജ്ഞാതലോകങ്ങളിലേയ്ക്ക് അനുവാചകരെ നയിക്കുകയും അദൃഷ്ടപൂർവ്വങ്ങളായ അനുഭൂതികൾക്ക് വിധേയരാക്കുകയും ചെയ്യുന്ന ആ ഗ്രന്ഥങ്ങൾ മലയാളസാഹിത്യലോകത്തിൽ ഏകാന്ത ഗോപുരങ്ങളായി അപൂർവ്വ കാന്തി പ്രസരിപ്പിച്ചുകൊണ്ട്, എക്കാലത്തും പരിലസിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.

ഒടുവിലിതാ ഡോ. സുവർണ്ണ പുതിയൊരു ദൗത്യം ഏറ്റെടുത്തുകൊണ്ട് രോഗത്താൽ വല യുന്നവരിൽ പ്രത്യാശയുണർത്തുന്നു. മ്യൂസിക് തെറാപ്പി എന്ന ആശയത്തിന്റെ മാന്ത്രികസന്ദേശ മാണിത്. രോഗപീഡയിൽ പിടയുന്നവർക്ക് ആശ്വാസവും സാന്ത്വനവുമരുളുന്നതിനുള്ള ഒരു പ്രായോ ഗിക മാർഗ്ഗമാണിത്. സമാനഹൃദയരായ സംഗീതജ്ഞരുടെ സഹകരണം നേടിക്കൊണ്ട് ആ മാർഗ്ഗ ത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം നടത്താനുള്ള പരിശ്രമം അവർ തുടർന്നു കൊണ്ടിരുന്നു. ഡോ. ഭുവനേശ്വരിയെപ്പോലുള്ള അനുഗൃഹീതരുടെ സഹകരണത്തോടു കൂടിയാണ് അവർ ആ ദൗത്യം ഏറ്റെടുത്തിട്ടുള്ളത്. നമ്മുടെ ഗവൺമെന്റും സർവ്വകലാശാലകളും ആ മാർഗ്ഗ ത്തിന്റെ ശാസ്ത്രീയതയും, പ്രായോഗികതയും മനസ്സിലാക്കുമെങ്കിൽ കേരളത്തിലെ ചികിത്സാരം ഗത്ത് നവീനമായ ഒരദ്ധ്യായം ഒരു സംസ്കാരം അതിലൂടെ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്.

ധന്യം, ഈ സുവർണ്ണ ജന്മം

ശ്രീകുമാരി രാമചന്ദ്രൻ

ദാർശനിക, ഡോക്ടർ, കവി, സംഗീതോപാസക, ഗവേഷക തുടങ്ങിയ വിശേഷണങ്ങൾ മതിയാകാതെ വരും, ഞാൻ സുവർണ്ണേടത്തിയെന്നു വിളിക്കുന്ന എന്റെ ഗുരുവും, സഹോദരിയും കൂട്ടുകാരിയുമായ ഡോ. സുവർണ്ണ നാലപ്പാട്ട് എന്ന മഹനീയവ്യക്തിത്വത്തെ പരിചയപ്പെടുത്താൻ.

ഇരുപത്തിമൂന്ന് വർഷങ്ങൾക്ക്മുമ്പ് ദേശീയസാഹിത്യസമ്മേളനത്തിൽ പങ്കെടുക്കുവാൻ ആമിയോപ്പു (മാധവിക്കുട്ടി)വിനൊപ്പം കേരളസാഹിത്യഅക്കാദമിയിൽ ചെന്ന അവസരം ഇതാ, ശ്രീകുമാരിയുടെ മുഖഛായയുള്ള എന്റെ അനിയത്തി സുവർണ്ണ. എന്ന വാക്കുകളോടെ ആമി യോപ്പു പരിചയപ്പെടുത്തിത്തന്ന സാത്വികരൂപിണിയെ ഞാൻ നിർന്നിമേഷയായി നോക്കിനിന്നു. മൂന്നു ദിവസത്തെ സമ്പർക്കത്തിൽ നിന്ന് ഞങ്ങൾക്കിടയിൽ എന്തൊക്കെയോ സമാനതകളുണ്ടെന്ന് ഇരുവരും തിരിച്ചറിഞ്ഞു. പിന്നീട് എറണാകുളത്ത് ആമിയോപ്പുവിന്റെ ഫ്ളാറ്റിൽ വെച്ചും പൊതു വേദികളിൽവെച്ചുമൊക്കെയായി ഞങ്ങൾ പലകുറി കണ്ടു. സംസാരിച്ചു. ഞാൻ കൂടെക്കൂടെ സുവർണ്ണേടത്തിയുടെ ഫ്ളാറ്റിൽ പോകാൻ തുടങ്ങി. വീട്ടിൽ സന്ദർശകയായി എത്തിയ സുവർണ്ണേ ടത്തി ഞങ്ങളുടെ കുടുംബസുഹൃത്തായിമാറി.

മഹാകവി ഒ.എൻ.വി. കുറുപ്പിന് പത്മപ്രഭാപുരസ്കാരം ലഭിച്ച വർഷം. അദ്ദേഹത്തിന്റെ കൃതികളെ അവലംബിച്ച് പ്രഭാഷണം നടത്താനുള്ള നിയോഗം സുവർണ്ണേടത്തിക്കായിരുന്നു. എനിക്കും ക്ഷണമുണ്ടായിരുന്നതിനാൽ ഞങ്ങളൊരുമിച്ച് മാതൃഭൂമിയുടെ വാഹനത്തിൽ കല്പറ്റ ക്കുപോയി. പുരസ്കാരദാനച്ചടങ്ങിനുശേഷം ഞങ്ങൾ രാത്രി കോഴിക്കോട്ടു തങ്ങി. പിറ്റേന്ന് എറ ണാകുളത്തേക്കു മടങ്ങുകയും ചെയ്തു. ആ യാത്രയോടെ ഞങ്ങളുടെ സൗഹൃദം ഒരാത്മബന്ധ മായി വളർന്നു. അപ്പോഴേക്കും ആ ബഹുമുഖവ്യക്തിത്വത്തിന്റെ വ്യത്യസ്തമായ ഭാവതലങ്ങൾ ഞാൻ ശരിക്കും മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അദ്വൈതസിദ്ധാന്തത്തിന്റെ സത്ത ആയിരമിതളുള്ള താമരപോലെ വിരിഞ്ഞുനിൽക്കുന്ന ആ പ്രതിഭയിൽ അനുഗ്രഹമായി തിളങ്ങുന്നത് സാക്ഷാൽ ശ്രീശങ്കരാചാര്യർതന്നെ എന്നെനിക്കുറപ്പായി. മേടമാസത്തിൽ ശങ്കരന്റെ ജന്മനാളായ പുണർതം നക്ഷത്രത്തിൽത്തന്നെയാണ് ഈ സുവർണ്ണജന്മമുണ്ടായത്. എന്നത് കേവലം യാദൃച്ഛികതയാണെന്ന് ഞാൻ കരുതുന്നില്ല. അമ്മാമൻ നാലപ്പാട്ട് നാരായണമേനോൻ ഉപദേശിച്ചുകൊടുത്ത ബൃഹസ്പതി മന്ത്രം ജപിച്ചു ജനിച്ച പെൺകുഞ്ഞിന് സുവർണ്ണ എന്നതിനേക്കാൾ മികച്ച പേരില്ലെന്ന് മാതാ വായ അമ്മിണിയമ്മ തിരിച്ചറിഞ്ഞു. വന്ദേ സുവർണ്ണപ്രഭം എന്നാണല്ലോ ബൃഹസ്പതിമന്ത്രത്തിന്റെ ഉപസംഹാരം.

വിദ്യാദേവതയുടെ അനുഗ്രഹകടാക്ഷം വേണ്ടുവോളമുണ്ടായതിനാൽ താല്പര്യം തോന്നിയ വിഷയങ്ങളൊക്കെ പഠിച്ചു. വെറുതെ പഠിക്കുകയല്ല. ഓരോന്നിലും അഗാധമായ പാണ്ഡിത്യം നേടുകയും ചെയ്തു. പ്രശ്സ്ത പാത്തോളജിസ്റ്റ്, മ്യൂസിക് തെറാപ്പി ഗവേഷക, ജ്യോതിഷപണ്ഡിത, വേദാന്ത പ്രഭാഷക, ശ്രീവിദ്യോപാസക ഇവ്വിധം തൊട്ടതൊക്കെ പൊന്നാക്കിക്കൊണ്ട് അറിവിന്റെ സോപാനങ്ങൾ ഒന്നൊന്നായിക്കയറി, ആത്മവിദ്യ ഗ്രഹിച്ച് ആചാര്യസ്ഥാനമലങ്കരിക്കാനുള്ള യോഗ്യ തനേടിയ അപൂർവ്വം ചില ഗാർഗ്ഗിമാരിൽ ഒരാളത്രേ ഡോ. സുവർണ്ണ നാലപ്പാട്ട്. ശുദ്ധമായ ജ്ഞാനം തന്നെയാണ് ആത്മാവെന്നറിഞ്ഞ ബ്രഹ്മോപാസക.

ഇടയ്ക്കൊക്കെ ഈ അഭിനവഗാർഗ്ഗി, ദാവണിപ്രായത്തിലുള്ള പെൺകുട്ടിയായി മാറുന്നതും

ഞാൻ കണ്ടിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഞങ്ങൾ ഞങ്ങളുടേതുമാത്രമായ ലോകത്തിരുന്ന് പഴയ തമിഴ് സിനിമാഗാനങ്ങൾ പാടി. പി സുശീലയുടെ സ്വരമാധുരിയെക്കുറിച്ച് ചർച്ച ചെയ്തു. തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിച്ചു.

ചില വേളകളിൽ കൃഷ്ണകഥകൾ പറഞ്ഞും പാടിയും കൃഷ്ണദർശനമുൾക്കൊണ്ടും ജീവിക്കുന്ന ഒരു ഗോപികയേയും ഞാൻ സുവർണ്ണേടത്തിയിൽ കണ്ടു. വൃന്ദാവനത്തിലെ പാൽക്കാരിപ്പെൺകുട്ടിയുടെ മനസ്സുള്ള സുവർണ്ണതന്നെയാണോ വേദാന്തപ്രസ്ഥാനത്രയത്തിന് (ഭഗവദ്ഗീത, ബ്രഹ്മസൂത്രം, ഉപനിഷത്തുക്കൾ) ഭാഷ്യം ചമച്ചത് എന്നോർത്ത് ഞാൻ അത്ഭുതം കൊണ്ടു. ഈ നേട്ടം കൈവരിച്ച ഒരേ ഒരു മലയാളവനിത സുവർണ്ണേടത്തിയാണെന്ന് ലോകത്തിനറിയാമോ എന്നു ചോദിച്ചാൽ, നിസ്സംഗമായ പുഞ്ചിരിയോടെ ഉടനുണ്ടാവും ഉത്തരം. ലോകത്തെ അറിയിക്കാനല്ലല്ലോ ഞാൻ പ്രസ്ഥാനത്രയത്തിന് ഭാഷ്യം രചിച്ചത് എന്ന് ഇപ്പോഴിതാ. ശ്രീവിദ്യാപ്രസ്ഥാനത്രയത്തിനും സുവർണ്ണേടത്തി വ്യാഖ്യാനം രചിച്ചിരിക്കുന്നു.

പേരിനും പ്രശസ്തിക്കും അവാർഡുകൾക്കും വേണ്ടി പരക്കം പായുന്നവർക്കിടയിൽ അതിലൊന്നും കഴമ്പില്ലെന്ന തിരിച്ചറിവോടെ, സ്വന്തം കർമ്മപഥത്തിലൂടെ മാത്രം സഞ്ചരിക്കുന്ന ഒരു മഹായോഗിനിയായി അവർ വേറിട്ടു നിൽക്കുന്നു.

സുഖദുഃഖങ്ങളിൽ സമചിത്തത പാലിച്ചും കല്ലും മൺകട്ടയും സ്വർണ്ണവും സമമായി കണ്ടും പ്രിയത്തിലും അപ്രിയത്തിലും അപഞ്ചലയായും, അഭിനന്ദനങ്ങളിലും വിമർശനങ്ങളിലും ഭാവവ്യത്യാസമില്ലാതെയും വർത്തിക്കുന്ന ഈ തപസ്വിനിക്ക് രണ്ടേ രണ്ടു ദൗർബ്ബല്യങ്ങളേ ഉള്ളൂ. സൗഹൃദവും സംഗീതവും. ചെറിയവർക്കും വലിയവർക്കും ഒരേ പുഞ്ചിരി സമ്മാനിക്കുന്ന ദൈഷണികമായ ഒരു ഇതിഹാസമത്രേ നാലപ്പാട്ടു തറവാട്ടിൽ വിടർന്ന് ലോകത്തിലാകെ പരിമളം പ്രസരിപ്പിക്കുന്ന ഈ സുവർണ്ണപുഷ്പം. ഒരിക്കലും കൊട്ടിയടയ്ക്കാത്ത വാതായനങ്ങളുള്ള ആ ഹൃദയത്തിൽ ഒരു കൊച്ചിടം ലഭിച്ചത് ജീവിതത്തിലെ ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

സുവർണ്ണേടത്തിക്ക് ആയുരാരോഗ്യസൗഖ്യം നിറഞ്ഞ പ്രശാന്തജീവിതം ആശംസിച്ചുകൊണ്ട് പ്രണാമമർപ്പിച്ചുകൊള്ളട്ടെ.

ഡോ. സുവർണ്ണ നാലപ്പാട്ട്- ബഹുമുഖപ്രതിഭ

ഡോ. ഭുവനേശ്വരി

സുവർണ്ണേടത്തി എന്ന് ഞാൻ വിളിക്കുന്ന ഡോ. സുവർണ്ണ നാലപ്പാട്ട് ഒരു ബഹുമുഖപ്രതിഭയാണെന്ന് വിശേഷിപ്പിക്കുന്നതിൽ യാതൊരു അതിശയോക്തിയും ഇല്ല.

2001-ൽ ആണ് ഞാൻ സുവർണ്ണേടത്തിയെ പരിചയപ്പെടുന്നത്. അതും എറണാകുളത്ത് ധരണി എന്ന സംഗീത നൃത്ത സംഘം ജെർമ്മൻകാർക്കുവേണ്ടി നടത്തിയ, സംഗീത ചികിത്സയെക്കുറിച്ചുള്ള സെമിനാറിൽ സുവർണ്ണേടത്തി ക്ലാസ്സെടുക്കുകയായിരുന്നു. ആ സെമിനാർ കഴിഞ്ഞ് ഞാൻ പോയി പരിചയപ്പെടുകയായിരുന്നു. ആ പരിചയം വളർന്നു പന്തലിച്ച്, ഇന്ന് എന്റെ സ്വന്തം ഏടത്തിയെ പോലെ ഞാൻ കരുതുന്നു. 2001ൽ ഞാൻ പരിചയപ്പെടുമ്പോൾ സുവർണ്ണേടത്തി അമൃത ആശുപത്രിയിൽ പത്തോളജി ഡിപ്പാർട്ട്മെന്റിലെ മേധാവിയായിരുന്നു.

സംഗീതചികിത്സയെക്കുറിച്ചുള്ള അറിവുനേടാനുള്ള ആഗ്രഹത്തിൽ ഞാൻ പാടിവട്ടത്തുള്ള സുവർണ്ണേടത്തിയുടെ ഫ്ളാറ്റിൽ പോകുമായിരുന്നു. ആദ്ധ്യാത്മിക വിഷയങ്ങൾ സംസാരിക്കുമ്പോൾ ഒക്കെ എനിക്ക് ഒരു പ്രത്യേക ഉണർവ്വ് കിട്ടിയിരുന്നു.

പിന്നീട് അമൃത ആശുപത്രിയിൽ സുവർണ്ണേടത്തിയുടെ സംഗീത ചികിത്സയെ സംബന്ധിച്ചുള്ള പഠനത്തിൽ കോ- ഇൻവെസ്റ്റിഗേറ്ററായി ഞാൻ പോകുമായിരുന്നു. സംഗീത ചികത്സയെ സംബന്ധിച്ചിട്ടുള്ള ധാരാളം സെമിനാർ, വർക്ക്ഷോപ്പ്, ക്ലാസ്സുകൾ കേരളത്തിലുടനീളം പലസ്ഥാപനങ്ങളിലും, സംഗീതകോളേജുകളിലും ഞങ്ങൾ ഒരുമിച്ച് പങ്കെടുത്തിട്ടുണ്ട്.

72മേള കർത്താ രാഗങ്ങളിൽ കൃതികൾ രചിച്ച സുവർണ്ണേടത്തി, അത് മലയാള ഭാഷയ്ക്കും, സംഗീത ലോകത്തിനും, സമൂഹനന്മയ്ക്കും നൽകുന്ന ഒരു വലിയ സംഭാവനയാണ്. അതിന് സംഗീതം പകരുവാൻ എന്നെ തിരഞ്ഞെടുക്കുകയും, ചെയ്തത് ഞാൻ മഹാഭാഗ്യമായി കരുതുന്നു. ഞാൻ ആ കർത്തവ്യം പൂർത്തികരിച്ചുകൊണ്ടിരിക്കുകയാണ്.

സുവർണ്ണേടത്തിയെ കണ്ടു പഠിക്കേണ്ട പലകാര്യങ്ങളുണ്ട്. ആ വ്യക്തിത്വം നോക്കുകയാണെങ്കിൽ കൃത്യനിഷ്ട, ഒരു കാര്യം വിചാരിച്ചാൽ അതി തീർന്നിട്ടേ അവിടെ നിന്നും എഴുന്നേൽക്കു! ആത്മവിശ്വാസം, തികഞ്ഞ ആത്മാർത്ഥത, തുറന്ന പെരുമാറ്റം എടുത്തു പറയേണ്ടതാതണ്.

എന്റെ വ്യക്തിത്വത്തെ ഒരു പാട് സ്വാധീനിച്ച ഒരു മഹത് വ്യക്തിയാണ് സുവർണ്ണേടത്തി

ഈ ജന്മത്ത് ഇത്രയും നന്മനിറഞ്ഞ, എല്ലാം ഈശ്വരാർപ്പണം പോലെ കരുതി കർമ്മങ്ങൾ ചെയ്തു തീർക്കുന്ന ഒരു വ്യക്തിയെ പരിചയപ്പെടുവാനും, ആ ബന്ധത്തെ നിലനിർത്തികൊണ്ടു പോകുവാൻ കഴിഞ്ഞതും എല്ലാം ഭഗവാൻ ശ്രീകൃഷ്ണന്റെ കാരുണ്യവും, കടാക്ഷവും കൊണ്ടു മാത്രമാണെന്നു ഞാൻ വിശ്വസിക്കുന്നു.

സുവർണ്ണേടത്തിക്ക് ഭഗവാൻ ധന്വന്തരമൂർത്തി എല്ലാ ആയുരാരോഗ്യ സൗഖ്യവും, ഐശ്വര്യവും, മനസ്സമാധാനവും നൽകുവാൻ അകമഴിഞ്ഞ് പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ സുവർണ്ണ മേഡം

ഫാ. ഡോ. ഫ്രാൻസീസ് ആലപ്പാട്ട്

സ്ഥാപകഡയറക്ടർ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംങ്ങ്- തൃശ്ശൂർ

സുവർണ്ണ മേഡം എന്ന് മെഡിക്കൽ രംഗത്തുള്ളവരുടെ ഇടയിൽ അറിയപ്പെടുന്ന പ്രശസ്ത പാത്തോളജിസ്റ്റ് വൈദ്യശാസ്ത്ര മേഖലയ്ക്കും ചരിത്ര- സാമൂഹിക- സാംസ്കാരിക മേഖല കൾക്കും നൽകിയ സംഭാവനകൾ മലയാളികൾ പൂർണ്ണമായി മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുന്നയൂർകുളത്തെ നീർമാതളകാറ്റേറ്റ് വളർന്ന ഡോ. സുവർണ്ണ ഒരി ക്കലും തന്റെ യഥാർത്ഥ മഹത്വം പരസ്യപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു വ്യക്തിയായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മൂന്നാം നിലയിലെ പാത്തോ ളജി വിഭാഗത്തിലെ മൈക്രോസ്ക്കോപ്പിലൂടെ നൂറുകണക്കിന് രോഗികളുടെ യഥാർത്ഥ രോഗാവ സ്ഥ, ഫിസിഷ്യൻ- സർജൻ- ഗൈനകോളജിസ്റ്റ് എന്നീ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് കൃത്യമായി എത്തിച്ചുകൊടുക്കുന്ന ഈ എം.ഡി ബിരുദധാരിണിയ്ക്ക് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ പ്രത്യക്ഷപ്പെടേണ്ട കാര്യമില്ല തനിക്കു ലഭിക്കുന്ന ബയോപ്സിസാമ്പിളു കൾ കൃത്യമായ ശാസ്ത്രീയ പ്രക്രിയകൾക്ക് വിധേയമായി രോഗനിർണ്ണയം നടത്തി റിസൾട്ട് അതാത് വിഭാഗങ്ങളിലേക്ക് കൊടുത്തയച്ചുകഴിഞ്ഞാൽ ഡോക്ടർ സുവർണ്ണയുടെ വൈദ്യശാസ്ത്ര പ്രവർത്തനം അവിടെ പൂർണ്ണമാവുകയായിരുന്നു. തന്റെ രോഗത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി ചികിത്സിക്കുന്ന ഡോക്ടർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഈ ഡോക്ടറുടെ മുഖം മിക്കവാറും ഒരു രോഗിയും കണ്ടെന്നിരിക്കില്ല. പക്ഷെ പാത്തോളജി ലാബിൽ അതിസൂക്ഷ്മമായ പ്രക്രിയയിലൂടെ യാണ് പത്തോളജിസ്റ്റ് രോഗിയുടെ മുഖം കാണുന്നത്. ഇതിനു പുറമെ ലക്ച്ചർ ക്ലാസ്സുകളിൽ രോഗാവസ്ഥയെക്കുറിച്ചുള്ള വിശദമായ ക്ലാസ്സുകൾക്ക്- എം. ബി. ബി. എസ്സ്, പോസ്റ്റ് ഗ്രാജുവേ റ്റ്- നേതൃത്വം നൽകുന്നതും സുവർണ്ണമേഡത്തിന്റെ പ്രവർത്തനങ്ങളായിരുന്നു. രോഗാവസ്ഥയുടെ യഥാർത്ഥ ചിത്രം കാണുന്ന പാത്തോളജിസ്റ്റ് സഹൃദയയായ ഒരു മനുഷ്യസ്നേഹികൂടിയാണെ ങ്കിൽ രോഗനിർണ്ണയത്തിനപ്പുറം രോഗിയുടെ കുടുംബപശ്ചാത്തലത്തിലേക്ക് മനസ്സ് ഇറങ്ങിച്ചെ ല്ലുക എന്നത് സ്വാഭാവികമാണ്. അവിടെയാണ് സുവർണ്ണമേഡത്തിന്റെ സാമൂഹ്യ അവബോധ ത്തിന്റെ മാനം നമുക്ക് കാണാനാവുക.

പുന്നയൂർക്കുളം മണ്ണിലെ നാലപ്പാട്ട് തറവാട്ടിൽ നിന്ന് ഉത്ഭവിച്ച ഡോ. സുവർണ്ണയ്ക്ക് സാഹിത്യവുമായുള്ള പൊക്കിൾകൊടിബന്ധം പ്രത്യേകമായി വിവരിക്കേണ്ടതില്ല. കണക്കുകളുടെ ലോകത്തിൽ എങ്ങനെയാണോ ശ്രീ. സേതു കഥകളും നോവലുകളും എഴുതിയത് അപ്രകാരം തന്നെ. വൈദ്യശാസ്ത്ര രംഗത്തിന്റെ നാരായ വേരിൽ നിന്ന് ഡോ. സുവർണ്ണയുടെ സാഹിത്യസം ഭാവനകൾ വെള്ളത്തിൽ നിന്ന് ഉയർന്ന്വിടരുന്ന വെൺത്താമരപ്പോലെ നിൽക്കുന്നു. വെൺത്താ മര എന്ന പ്രയോഗം ബോധപൂർവ്വംതന്നെ ഞാൻ തെരഞ്ഞെടുത്തതാണ്- കാരണം സുവർണ്ണമേ

ഡത്തിന്റെ ആന്തരീക വ്യക്തിത്വത്തിന്റെ ശോഭ കുറച്ചെങ്കിലും ഒരു മെഡിക്കൽ വിദ്യാർത്ഥി എന്ന നിലയിലും അതിനു ശേഷവും തിരിച്ചറിഞ്ഞിട്ടുള്ള ഒരു വ്യക്തിയാണ് ഞാൻ. ചിന്തയിലോ വാക്കിലോ ഒരു വ്യക്തിയെപ്പോലും വേദനിപ്പിക്കാൻ ഇഷ്ടപ്പെടാത്ത ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് ഡോ. സുവർണ്ണ. സാഹിത്യരംഗം അവാർഡുകളുടെ പിന്നാലെ ഒളിച്ചോട്ടം നടത്തുമ്പോൾ അക്കാര്യങ്ങളിലൊന്നും താല്പര്യമെടുക്കാതെ കേവലം വിനീതയായ ഒരു അന്വേഷകയും വിദ്യാർത്ഥിയുമായി സുവർണ്ണ അവരുടെ സാഹിത്യാർച്ചന ഈ എഴുപതാം വയസ്സിലും നടത്തിക്കൊണ്ടിരിക്കുന്നു. പ്രസിദ്ധീകരിച്ചതും പ്രസിദ്ധീകരിക്കാത്തതുമായ എത്രയോ രചനകൾ കവയത്രിയ്ക്ക് സ്വന്തമായുണ്ട്. രാഗചികിത്സയുടെ ശാസ്ത്രീയഫലസിദ്ധി പ്രചരിപ്പിച്ച് രോഗികൾക്ക് സ്വാന്തനമാകുന്നതിൽ ഡോക്ടർ ചെയ്ത സേവനങ്ങളും വൈദ്യശാസ്ത്രവുമായി നേരിട്ട് ബന്ധമില്ലാത്ത പൗരാണിക കൃഷി രീതികൾ ആസ്പദമാക്കിയുള്ള ചിന്തകളും കവയത്രികളിൽ നിന്ന് ഡോക്ടർ സുവർണ്ണയെ വ്യത്യസ്തയാക്കുന്നു. തൃശ്ശൂരിലെ പൗരാണിക ക്ഷേത്രങ്ങളിലെ കലാരൂപങ്ങൾ (റോക്ക് ആർട്ട്) തേടിയുള്ള ഡോക്ടറുടെ യാത്രയെക്കുറിച്ചുള്ള ഗവേഷണങ്ങൾ കേരളത്തിന്റെ സഹസ്രാബ്ദങ്ങൾക്കുപിന്നിലുള്ള ചരിത്രത്തിലേക്കുള്ള ഒരു കവാടമായിരുന്നു.

ഇപ്പോൾ സാംസ്കാരിക നഗരിയിൽ ചെമ്പൂക്കാവിലെ ബെന്നറ്റ് റോഡിലുള്ള നവാനി അപ്പാർട്ട്മെന്റിലെ ഒരു ഗവേഷണമുറിയിൽ തന്റെ സാഹിത്യ- ഗവേഷണ പ്രവർത്തനങ്ങൾ തുടരുന്നു. നിരവധി അവാർഡുകൾ നേടിയ ഡോ. സുവർണ്ണ നാലപ്പാട്ടിന് ഈശ്വരൻ കൂടുതൽ പ്രവർത്തിക്കാനുള്ള ആരോഗ്യവും മങ്ങാത്ത ബുദ്ധിശക്തിയും നൽകട്ടെയെന്ന് ലോകമെമ്പാടുമുള്ള അവരുടെ ആയിരകണക്കിന് വിദ്യാർത്ഥികളുടെ പ്രതിനിധി എന്ന നിലയിലും, ശിഷ്യഗണത്തിലെ ഏക ഡോക്ടർ - പുരോഹിതൻ എന്ന നിലയിലും പ്രാർത്ഥിക്കുന്നു.

Still waters run deep

ലേഖകന്റെ സെൽ നമ്പർ: 9847148509

അദ്ധ്യപനത്തിന്റെ വൈവിധ്യഭാവങ്ങൾ

ഡോ. ടി.പി. നാസ്സർ

ഓർമ്മകൾ തുടങ്ങുന്നത് നാൽപ്പത് വർഷങ്ങൾക്കു മുമ്പത്തെ ഒരു പ്രഭാതത്തിലാണ്. കോഴിക്കോട് മെഡിക്കൽ കോളേജ്. പതിനെട്ടാം ബാച്ചിന്റെ ആദ്യത്തെ പത്തോളജി ക്ലാസ്. പ്രതീക്ഷയ്ക്ക് വിപരീതമായി യുവതിയായ ടീച്ചർ കടന്നു വന്നപ്പോൾ ക്ലാസ്സ് നിശ്ശബ്ദമായി. സുന്ദരിയായ ഒരു പാലക്കാടൻ ബ്രാഹ്മണ സ്ത്രീയുടെ മുഖച്ഛായയായിരുന്നു അവർക്ക്. ഓർക്കുന്നു പിന്നെ ആ ചുണ്ടുകൾ ചലിച്ചു തുടങ്ങി.

ഞാൻ സുവർണ്ണ നാലപ്പാട്ട് (ഓർമ്മകളിലെവിടെയോ വിക്ടർ ഹ്യൂഗോയുടെ പാവങ്ങളിലെ ജീൻ വാൽ ജീൻ കടന്നു വന്നു. നാലപ്പാട്ട് നാരായണ മേനോനായിരുന്നു ആ കൃതി മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്) പിന്നെ ഗാനധാരപോലെ വാക്കുകൾ ഒഴുകാൻ തുടങ്ങി. പത്തോളജിയുടെ ചരിത്രവും രോഗ നിർണ്ണയത്തിലെ അതിന്റെ അനന്ത സാധ്യതകളും വേദാന്തവും ഉപനിഷത്തും ലളിതസഹസ്രനാമവും കുണ്ഡലിനിയും അങ്ങിനെയങ്ങിനെ...

സായാഹ്നത്തിൽ സാഹിത്യ കുതുകിയായ വിദ്യാർത്ഥി ഓടി കുഞ്ഞുണ്ണി മാഷ്ടെയടുത്തെക്ക് മാഷ് പറഞ്ഞു ആ കഥകളൊക്കെ.

അതെ, നാലപ്പാട്ട് നാരായണമേനോന്റെ മരുമകളുടെ പുത്രി. പ്രസിദ്ധ കവി ബാലാമണിയമ്മയുടെ അനന്തരവൾ. അന്ന് മലയാള കഥയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച മാധവിക്കുട്ടിയുടെ അനിയത്തി. ആ കുടുംബ പാരമ്പര്യത്തിൽ പിറന്ന സുവർണ്ണയും കവിതകളും കഥകളും എഴുതാറുണ്ട്.

പിന്നെ ബഹുമാനം ആരാധനയായി മാറി. പ്രബോധകമായ ആ അധ്യാപനശൈലി വേറിട്ടത് തന്നെയായിരുന്നു. വിഷയത്തിൽ മാത്രം ഊന്നി നില്ക്കാതെ പത്തോളജിയെ മറ്റു ശാസ്ത്രശാഖകളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നതിൽ സുവർണ്ണ മേഡത്തിന്റെ കഴിവ് ഒന്ന് വേറെത്തന്നെയായിരുന്നു.

പലപ്പോഴും പാരമ്പര്യമായി തനിക്ക് പകുത്തു കിട്ടിയ ദാർശനിക ഭാവം അറിവ് പകർന്നു കൊടുക്കുമ്പോഴും യാന്ത്രികമായി കടന്നു വന്നത് മേഡം ഒരിക്കലും അറിഞ്ഞിരിക്കാനിടയില്ല. അത്രമാത്രം ആസ്വാദ്യകരമായിരുന്നു ആ അധ്യാപനം.

ഒരിക്കൽ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരിക്കേ ഓരോരുത്തരായി എഴുന്നേറ്റു നിന്നു. ആരും ഒന്നും മിണ്ടാതായപ്പോൾ മേഡത്തിന്റെ ശബ്ദമുയർന്നു.

നൗ ദേറീസേ ന്യൂഡെഫിനിഷൻ ഫോർ മോഡേൺ എജുക്കേഷൻ...

(Now there is a new definition for modern education)

കുറച്ചു നേരം നിർത്തി, സ്വര ശുദ്ധി വരുത്തി മേഡം ഞങ്ങളെ നോക്കി. പിന്നെ തുടർന്നു...

ഇറ്റീസ് എ പ്രൊസസ് ബൈ വിഛ് ഐഡിയാസ് ഫ്രം എ പ്രൊഫസ്സേർസ് നോട്ട് ബുക്ക് പാസ് ഇന്റു ദ സ്റ്റുഡന്റ്സ് ക്ലാസ് നോട്സ് വിത്ത് ഔട്ട് പാസ്സിംഗ് ത്രൂദ ബ്രെയിൻ ഓഫ് ഐദർ ദ പ്രൊഫസ്സർ ഓർ ദ സ്റ്റുഡന്റ്.

(It is a process by which ideas form a professor’s note book pass into the student’s class notes without passing through the brain of either the professor or the student)

ഇന്നത്തെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വളരെ സത്യസന്ധമായ ഒരു വിലയിരുത്തലായിരുന്നു

അത്. അധ്യാപകരും വിദ്യാർത്ഥികളും അന്യോന്യം ശത്രുക്കളായി കണ്ടിരുന്ന കാലഘട്ടത്തിൽ ഗുരു-ശിഷ്യബന്ധത്തിൽ ഒരു പൊളിച്ചെഴുത്തായിരുന്നു മേഡത്തിന്റെ സമീപനം. അതു തന്നെ യായിരിക്കണം. സുഹൃത്തുക്കളെപ്പോലെ ഇടപഴകാൻ ഞങ്ങൾക്ക് ധൈര്യം നല്കിയത്. കൂട്ടത്തിൽ സാഹിത്യത്തിലെ താൽപര്യം മുതലെടുത്ത് കൂടുതൽ അടുത്തത് ഈയുള്ളവനായിരിക്കണം. മേഡം എഴുത്തിൽ നിന്നും അവധിയെടുത്ത ആ സമയത്ത് മാഗസീൻ എഡിറ്ററായി ചെന്ന് നിർബന്ധിച്ച് ഒരു കഥ എഴുതി വാങ്ങിയത് ഓർമ്മ വരുന്നു. സമുദ്രം എന്ന കഥ പിറന്നതങ്ങിനെയാണ്.

വളരെ കലുഷിതമായൊരു കാലഘട്ടത്തിലൂടെയായിരുന്നു ഞങ്ങൾ കടന്നു പോയത്. അടി യന്തിരാവസ്ഥ. സ്വാതന്ത്ര്യത്തിന് എന്തെന്തു വ്യാഖ്യാനങ്ങൾ! ആർക്കും നിശബ്ദരായിരിക്കാൻ കഴിയുമായിരുന്നില്ല. അന്ന് കോളേജിൽ നടന്ന സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കെല്ലാം സുവർണ്ണ മേഡത്തിന്റെ പിന്തുണയുണ്ടായിരുന്നു.

പിന്നെ കോളേജ് വിടുന്ന വരെ ആ ബന്ധം തുടർന്നു. മെഡിസിൻ ഡിപ്പാർട്ട്മെന്റിലെ അസി. പ്രൊഫസ്സറായ ഉദയഭാനുസാറുമൊത്ത് ഇടയ്ക്കിടെ ആ വീട്ടിൽ സന്ദർശകനായി പോയ തോർമ്മവരുന്നു. റെഫറൻസ് ഗ്രന്ഥങ്ങൾകൊണ്ട് സമൃദ്ധമായ വീട്ടിലെ ലൈബ്രറി ഒരത്ഭുതമായി രുന്നു. മാത്രമല്ല, സംഗീത സംബന്ധമായ കൃതികളും ഒത്തിരി ശാസ്ത്രീയഗാനശേഖരവും അവിടെ കണ്ടു.

രോഗശമനത്തിൽ സംഗീതത്തിന്റെ പങ്ക് മേഡം അന്നേ മുൻകൂട്ടി കണ്ടിരുന്നുവെന്ന് സാരം. ഇന്ദ്രിയങ്ങളെ ഉണർത്തുന്നതിൽ സംഗീതം വഹിക്കുന്ന പങ്കും അത് ശരീരത്തെ സചേതനമാക്കു ന്നതിലൂടെ രോഗശമനം എത്രത്തോളം സാധ്യമാകുന്നുവെന്നും ജനങ്ങളെ ബോധവാന്മാരാക്കാ നുള്ള ശ്രമത്തിലായി മേഡം. തന്റെ പ്രവർത്തന മണ്ഡലം അദ്ധ്യാപനത്തിൽ മാത്രം ഒതുക്കി നിർത്താതെ സമൂഹത്തിനു ഉപകാരപ്രദമാകും വിധം വൈദ്യശാസ്ത്രത്തിലെ പത്തോളജി ശാഖയെ പരിവർത്തിക്കാൻ മേഡത്തിനു കഴിഞ്ഞു. കേരള ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ ആദ്യകാല പ്രസിഡന്റായിരുന്ന മേഡമാണ് അതിന്റെ മൊബൈൽ യൂണിറ്റിന്റെ ആദ്യകാല പ്രായോക്താക്കളി ലൊരാൾ.

യൂണിവേഴ്സിറ്റി തലങ്ങളിൽപ്പോലും പഠനവിഷയമായി മാറ്റിയെടുത്ത മ്യൂസിക്ക് തെറാപ്പി ഇന്ന് അന്താരാഷ്ട്രതലത്തിൽ ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. മാത്രമല്ല. ഈ വിഷയത്തെ സംബ ന്ധിച്ച് നാലോളം ഗ്രന്ഥങ്ങൾ മേഡത്തിന്റേതായിട്ടുണ്ട്. കഥയും കവിതയും കൂടാതെ വേദാന്തവും ആത്മീയതയും ദാർശനികവുമായ പതിനഞ്ചോളം ഗ്രന്ഥങ്ങൾ വേറേയും.

ഒരു ജീവിതം സാർത്ഥമാകുന്നതു താൻ ജീവിച്ച കാലഘട്ടത്തിൽ തന്റെ സാന്നിധ്യം വേറിട്ട് അടയാളപ്പെടുത്തുമ്പോഴാണ്. സുവർണ്ണ മേഡത്തിനു അതിനു കഴിഞ്ഞിട്ടുണ്ട് എന്ന് തന്നെയാണ് ഈ ശിഷ്യന്റെ വിശ്വാസം.

(ഡോ. ടി. പി. നാസ്സർ. ആനുകാലികങ്ങളിൽ കഥകളും ലേഖനങ്ങളും യാത്രാ വിവരണങ്ങളും എഴുതുന്നു. കഥയും കലയും (ലേഖന സമാഹാരം) നമ്മുടെയൊക്കെ ദുരന്തങ്ങൾ (കഥകൾ) എന്റെ അവസാനത്തെ പത്തുദിവസങ്ങൾ (കഥകൾ) എന്നീ ഗ്രന്ഥങ്ങൾ. ഇപ്പോൾ ജിദ്ദയിൽ ഇ. എൻ.ടി. സ്പെഷ്യലിസ്റ്റ്)

916 'സ്വർണേടത്തി'

ആർ.കെ. ദാമോദരൻ

'സുവർണ'ത്തിന് 'പൊന്ന് ', 'ഹരിചന്ദനം', 'നല്ല ജാതി', 'മഞ്ഞൾ' എന്നൊക്കെ നാനാർത്ഥം. നാനാർത്ഥത്തിൽ ഏതെടുത്താലും സുവർണേടത്തി, അനർത്ഥയല്ല, അന്വർത്ഥം തന്നെ. 'നാദലയസിന്ധുവിന്റെ ലലാടതിലകക്കുറിപ്പിലെ ആത്മഗതം പോലെത്തന്നെ ഈ ഏടത്തി സത്യേ പറയൂ എന്ന് ഈ സ്നേഹനുണയന് (സ്നേഹം നുണപറയുന്നവൻ) സുനിശ്ചയമുണ്ട്. 'ഈ ഏടത്തി നൊണേ പറയൂ എന്ന അക്കിത്തം നാടകത്തിന്റെ വിരുദ്ധവ്യക്തിത്വ സൗന്ദര്യമാണ് ഈ സവർണ വിശുദ്ധി. ശുഭസങ്കല്പയും 'നിർമത്സര' യും അനസൂയയും' ഒക്കെയായി അക്ഷ രാർത്ഥത്തിലും അക്ഷയാർതഥത്തിലും സംഭവിച്ച സ്ത്രീരത്നം. അഹംബുദ്ധിയും അസൂയനും അമിതകാമനുമായ ഇവനോടുപോലും കൂട്ടുകൂടാനും കുടുംബബന്ധം പുലർത്താനുമുള്ള പട്ടു മനസ്സും പാട്ടുമനസ്സുമുള്ള അസ്സൽ '916 സ്വർണേടത്തി' തന്നെ! എന്നാൽ അനസൂയയായ ഈ എട ത്തിക്ക് 'ഉദയഭാനു പ്രഭാവനുമൊത്ത് 'ശകുന്തളക്കൗമാരവും' ഉണ്ടായിരുന്നുവെന്നത് കോഴി ക്കോടൻ ഹലുവ' പോലെ മധുരിക്കുന്ന പുരാവൃത്തവുമാണ്. പാട്ടിലാക്കുന്ന പാട്ട് ഉണ്ടായിരു ന്നതിനാൽ ഇതിൽ അതിശയോക്തിയോ അസത്യമോ ആരോപിക്കേണ്ടതുമില്ല. പാട്ടിനെ പ്രേമിച്ച യാൾ പാട്ടോളജിസ്റ്റിനേയും പ്രേമിച്ചിട്ടുണ്ടാകാം അത്രതന്നെ! നാലപ്പാട്ട് തറവാട്ടിലെ നല്ലപാട്ടാണ് ഈ ഏടത്തി. ഔവ്വയാർ ഭക്തമീര തുടങ്ങി എം.എസ്. സുബ്ബലക്ഷ്മി, ഡി.കെ പട്ടമ്മാൾ, പി. സുശീ ലവരെയുള്ള ദേവസംഗീത- ഭാവ സംഗീതസ്വര സമന്വയമാണ് ഈ സമ്പൂർണ്ണ രാഗം. നാലപ്പാട്ടെ പെൺതരികളൊക്കെ കൃഷ്ണന്റെ രാധമാരെന്ന് ലയം സാധിച്ച രാധരാഗമാണെന്ന്, ശ്രേഷ്ഠാനു രാഗമെന്ന് മനോധർമാനുസാരം മാറ്റിയും പാടിപ്പറയാം. വട്ടമുഖം ('കണ്ണീർത്തുള്ളി' കാണാത്ത ശിരിത്ത മുഖം) വാട്ടമില്ലാത്ത പ്രത്യക്ഷപ്രസന്നത, പാണ്ഡിത്യഗർവമില്ലാത്ത, പരമാനന്ദമനുഭവി ക്കുന്ന പുഞ്ചിരി സഞ്ചാരം ചെയ്യുന്ന മനസ്സ് ഐശ്വര്യത്തിന്റെ വാൽക്കണ്ണാടി തൂക്കിയിട്ട് കൗതുക കാതുകൾ ഒക്കെ കൂട്ടി ഒറ്റവാക്കിൽ പറഞ്ഞാൽ ഐരാവതത്തിന്റെ ആനച്ചന്തം! സുവർണേട ത്തിയും ഈ സുന്ദരവിഡ്ഢിയും ചിന്തകൊണ്ട് പർവതവും പാതാളവുമാണ്. പക്ഷെ ഒരു പർവ തം, പാതാളത്തിനോടുപോലും കാണിക്കുന്ന മമതയാണ് എന്റെ സുവർണവിസ്മയം! ശങ്കര ജയ ന്തിയിലെ ജന്മസുകൃതമാകാം സുവർണേടത്തിയുടെ അദ്വൈത, അഭേദമനോവികാസത്തിന്നാധാ രം. തൊണ്ണൂറുകളുടെ ഉത്തരാർദ്ധത്തിൽ, സംഗീതത്തിലൂടെയാണ് ഞങ്ങൾ ശ്രുതി ചേർന്നത്. അന്നൊരിക്കൽ, സാഹിത്യകാരനും മാതൃഭൂമി (കോഴിക്കോട്) മാനേജരുമായിരുന്ന യശഃ ശരീരി യായ കെ. രാധാകൃഷ്ണനാണ് ഈ ബന്ധത്തിന്റെ മദ്ധ്യവർത്തി. ഗന്ധർവ്വഗായകൻ യേശുദാ സിനെ പരിചയിക്കണമെന്ന് സുവർണേടത്തിക്ക് കലശലായ ആഗ്രഹം, പക്ഷെ, പഞ്ചാരപെണ്ണിന്റെ കേവലമായ ആഗ്രഹമായിരുന്നില്ല, ഒരു പാട്ടുഗവേഷകയുടെ അഭിലാഷ താരസ്ഥായിയായിരുന്നു അത്. അതിന് പറ്റിയ ആൾ, ദാമോദരനാണെന്ന് രാധാകൃഷ്ണൻ വ്യക്തമാക്കിയത്രെ.

എന്റെ ഫോൺനമ്പർ തരപ്പെടുത്തി, ഏടത്തിവിളിച്ചു. ഏതോ പെണ്ണിന്റെ പൊട്ടപ്പാട്ടു പ്രണ യമാവുമെന്ന് കരുതി ഞാൻ സുവർണേടത്തിയെ എന്നെകാണാൻ പോലും അനുവദിച്ചില്ല. ഏറെ പെണ്ണുങ്ങൾ ഈ സ്വരജന്മത്തെ ആഗ്രഹിച്ച് എന്നെ സമീപിക്കാറുള്ള കൂട്ടത്തിലേ അന്ന് ഞാൻ ഈ 'പാട്ടു പ്രാന്തി' യേയും പെടുത്തിയുള്ളൂ. പിന്നീട് 'നാദലയസിന്ധു' (രാഗചികത്സാമൃതം) എഴുതിയപ്പോഴും സ്വന്തം അഭിലാഷ പൂർണിമയായ മകന്റെ 'വിവാഹത്താലി' ദാസേട്ടൻ ആശീർവ

ദിക്കണമെന്ന്   അഭ്യർത്ഥിച്ചപ്പോഴുമാണ് ഇത് നട്ട പ്രാന്തല്ല തത്ത്വദർശനത്തിന്റെ നാറാണത്ത് പ്രാന്താണെന്ന് ഇവന് ബോധ്യമായത്. അതുകൊണ്ടുതന്നെ വിചാര- വികാര വൈവിധ്യങ്ങൾക്കിടയിലും സുവർണ്ണേടത്തി എന്നും എനിക്കൊരു സുന്ദരവിസ്മയമാണ്. ഈ നാദയോഗിനി ഒരേസമയം സുബ്ബലക്ഷ്മി, സുശീലമാരുടേയും യേശുദാസിന്റേയും ആരാധികയാകുമ്പോൾ തന്നെ ആത്മീയ താരസ്ഥായിയിൽ അവർ ഭക്തമീരയും ഭഗവദ് രാധയും, ഒക്കെയായി കൃഷ്ണവിലയം പ്രാപിക്കുന്നതു കാണാം. ഗാനത്തിന്റെ അപാരതയിൽ നീന്തിത്തുടിക്കുമ്പോൾത്തന്നെ ധ്യാനത്തിന്റെ അഗാധതയിൽ ആഴുകയും ചെയ്യുന്നു.

നാലപ്പാട്ട് നാരായണമേനോൻ എന്ന മഹാകവിയുടെ ആർഷജ്ഞാന കാണ്ഡത്തിലാണ് അനന്തരവളായ സുവർണ്ണ നാലപ്പാട്ടിന്റെ സ്ഥാനം, അദ്ദേഹത്തിന്റെ രതിസാമ്രാജ്യത്തിലെ അതിമോഹിനിയായ ഒരു പുരന്ധ്രിയാണ്, ആമി ഓപ്പു എന്ന് സുവർണ്ണേടത്തി ചെല്ലപ്പേരിട്ടു വിളിക്കുന്ന മലയാളത്തിന്റെ മാധവിക്കുട്ടി. പ്രഹർഷേണനയിക്കുന്ന പ്രണയത്തിന്റെ ആത്മീയ- ഭൗതിക സന്തതികൾ! ഭൗതികതയുടെ നിരാസമല്ല ആത്മീയത എന്ന് വിശ്വസിക്കുന്ന എനിക്ക് ഇവർ ഇരുവരും ഇഷ്ടസഹോദരിമാർ തന്നെ. പക്ഷെ പടിപ്പാട്ടുകാരിയായി വൃദ്ധാചല സ്വപ്നങ്ങളെ കാണിച്ചു തരുകയും ഒപ്പം 'രാധാമാധവം' അനുഭവിപ്പിക്കുകയും വേദശാസ്ത്രവും നാദശാസ്ത്രവും, ഉണ്ണായി വാര്യാരുടെ മാലികപോലെ ഒരേനൂലിൽ വർണാഭമായി കൊരുത്തിടുകയും ചെയ്യുന്ന ഈ അദ്വൈതാമൃത വർഷിണി ഇന്നും എന്റെ ബോധമണ്ഡലത്തിന് അപ്രാപ്യയാണ്. എന്നാൽ ഭൗതികബന്ധങ്ങളിൽ ഒരു ഫോൺകോളിൽ അവർ എനിക്ക് പ്രാപ്യയുമാണ്! സുവർണ്ണേടത്തിയുടെ ഭാഷ വ്യക്തമാകുമ്പോഴും ഭാവത്തിൽ അവ്യക്തത എനിക്കുണ്ട്. അമേയതയെ അജ്ഞാനത്തിന്റെ അളവുകോലുകൊണ്ട് തിട്ടപ്പെടുത്താനുള്ള ഇവന്റെ മൗഢ്യം ആവും കാരണം. ഞാനെന്ന ദരിദ്രൻ പലപ്പോഴും ഈ ധൈഷണികധന്യതയോട് കലഹിച്ചിട്ടുണ്ട്. കലാപം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതൊക്കെ ഞങ്ങളുടെ സ്വകാര്യങ്ങൾ.

ഇതിനപ്പുറം ഈ ഭരത- ഭാർഗവ ക്ഷേത്രങ്ങൾ ഈ സുവർണവിഗ്രഹത്തെ അവയുടെ ആത്മശ്രീകോവിലുകളിൽ പ്രതിഷ്ഠിച്ചിട്ടുണ്ടോ? സപ്തതി പ്രവാഹത്തിലെത്തിയ ഈ സപ്ത സ്വര സിന്ധുവിൽ സ്നാനം ചെയ്തിട്ടുണ്ടോ? അറിഞ്ഞിട്ടുണ്ടോ, ആദരിച്ചിട്ടുണ്ടോ? ഇല്ലെന്ന് സാധാരണ ഭാഷയിലും പൂജ്യപൂജാവ്യതിക്രമമെന്ന് സാഹിത്യഭാഷയിലും ഞാൻ തറപ്പിച്ചു പറയും. അധുനാതന ശീലത്തിൽ ഈ ഏടത്തി ഇതിനൊന്നും ഇടം തേടി പോയിട്ടില്ല. ഇത്തരമൊരു നിഷ്കാമകർമ്മം ഇന്നിന്റെ അത്ഭുതാത്ഭുതം തന്നെയാണ്.

സുധാസിന്ധു നാദലയസിന്ധു പദ്മസിന്ധു ബ്രഹ്മസിന്ധു പ്രതിസിന്ധുക്കളിൽ എഴുതിയൊഴുകിയെത്താനിരിക്കുന്ന മറ്റു സിന്ധുക്കൾ) താമരപ്പൂക്കൾ, അമൃതജ്യോതി, പുഴയുടെ കഥ, ഇന്ത്യയെ കണ്ടെത്തൽ- വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തികയിലൂടെ, നാലപ്പാട്ടിന്റെ ചക്രവാള ചെമ്പരുളി ഒരു കാലഘട്ടത്തിന്റെ ഓർമ്മയ്ക്ക്, സാന്ദ്രാനന്ദം മധുരലയം, സൗവർണം, ഇന്നത്തെ അമ്മ, without a stumble- A book on the spirituality of music തുടങ്ങി ഏറെ വൈജ്ഞാനിക രചനകൾ നിർവഹിച്ചിട്ടും സുവർണ്ണേടത്തിയെ മലയാളമോ, മഹാഭാരതമോ പ്രാഞ്ചിയേട്ടന്റെ തലത്തിൽ അംഗീകരിച്ചില്ലെന്നതാണ് അവരുടെ മഹത്വത്തിന് മാറ്റു കൂട്ടുന്നത്. അവരെ 916 സ്വർണ്ണേടത്തിയായി ഞാൻ വാഴ്ത്തുന്നത്. വ്യാസവ്യാസമുള്ള ഒരു ഋഷി മനസ്സിന് രചനകൾ രസത്തിനുവേണ്ടിമാത്രമുള്ള അംഗീകാരങ്ങൾക്കും അവാർഡുകൾക്കും വേണ്ടിയുള്ള കേവലമായ ഒരു പേന

പ്രവൃത്തിയാവില്ലല്ലോ.

സുവർണ കൃതികളുടെ പേരുകളിലേറെയും ‘സിന്ധു’ ഒഴുകിയെത്തുന്ന പ്രത്യേകതയുണ്ട്. ‘സിന്ധു’ സമുദ്രമാണ് ഒരു സംസ്കാരമാണ്, ഒരു രാഗമാണ് , സുവർണ്ണേടത്തിയുടെ എഴുത്തിന്റെ സാമുദ്രിക ലക്ഷണവും എങ്ങനെ നോക്കിയാലും ഇവയെ ന്യായീകരിക്കുന്നുമുണ്ട്. ഇതിനിടയിലാണ് നമ്മെയൊക്കെ അത്ഭുതപ്പെടുത്തി തന്റെ രചനകളും ഗ്രന്ഥശേഖരമപ്പടിയും എടുത്ത് പരിണത പ്രജ്ഞതയുടെ പരിത്യാഗബുദ്ധിയോടെ സുവർണ്ണേടത്തി കാലടി ആദിശങ്കര സർവ്വകലാശാലക്കു നൽകിയത്. ഇദംനമമ എന്ന വേദസംസ്വരൂപിണിയായി നാലപ്പാട്ടെ നല്ല പെൺകുട്ടി പുരോഗമിച്ചതാണ് സുവർണശോഭിനിയായി ഇന്ന് സപ്തതിയിലെത്തിയ ഈ പരിണാമസിദ്ധാന്തം. അറിവിന്റെ ശങ്കരജ്ഞാനപീഠം, നാലപ്പാട്ടു തറവാടിത്തത്തിന്റെ സാഹിത്യസംസ്കൃതി, ഗാനാത് പരതരം നഹിയെന്ന സംഗീതസംസ്കൃതി, മാംസനിബദ്ധമല്ലാത്ത മാനവികതയുടെ മോഹനരാഗം- ഇവയൊഴുകിയൊന്നായി ഒരു ‘സുവർണസിന്ധു’വായിരിക്കുന്നു! അകം വെളിപ്പെടുത്തുമ്പോഴും അഹംതെല്ലും വെളിപ്പെടുത്താതെ അന്തർവാഹിനിയായി ഈ സരസ്വതീ നദി പ്രവഹിക്കുന്നു. വെറുമൊരു ഭിഷഗ്വരയോ, വെറുമൊരു സാഹിത്യകാരിയോ വെറുമൊരു സംഗീത ഗവേഷകയോ ഒന്നുമാകാതെ, പക്ഷെ എല്ലാമായി ഈ ഋഷി മനസ്സ് വടക്കുനാഥക്ഷേത്ര ഗോപുരനടയിലെ വൈജ്ഞാനികാശ്വത്ഥം പോലെ തപസ്സനുഷ്ഠിക്കുന്നു.

നാ അനൃഷി കവി: (ഋഷിയല്ലാത്തവൻ കവിയല്ല) എന്ന കവി ലക്ഷണത്തോടെ ഒരു മഹാകവയിത്രിയും ആകുന്നു.

വേദജ്ഞത, ആത്മീയത, ധൈഷണികത, ശാസ്ത്രീയത, സംഗീതാത്മകഥ പഞ്ചനദങ്ങൾ ഒഴുകിയൊന്നിച്ചതാണ് ഈ സുവർണ്ണസിന്ധു. എന്റെ ഏതോ ജന്മ പുണ്യമൊന്നുകൊണ്ടുമാത്രമാണ് ഈ മഹാമനീഷയുമായി ആത്മബന്ധം സാധിച്ചത്. അല്പജ്ഞർ ബുദ്ധിജീവി ചമഞ്ഞു നടക്കുന്ന ദൈവത്തിന്റെ സ്വന്തം നാട്ടിൽ സുവർണ്ണേടത്തി ഒരിക്കലും ഒരു ബുദ്ധിരാക്ഷസിയായിട്ടില്ല! തൃപ്രയാറുള്ള ‘വീണ’യെന്ന പെൺകുട്ടിയെ പുത്രി നിർവിശേഷം സ്നേഹിച്ചതും എറണാകുളത്തെ ഡോ. ജി ഭുവനേശ്വരിയെ ഏകശിഷ്യയാക്കി തന്റെ രാഗ ചികിത്സാപദ്ധതി പഠിപ്പിച്ചെടുത്തതും യേശുദാസിന്റെ നാദം മാത്രമാണ് തന്റെ മ്യൂസിക് തെറാപ്പിയിൽ ശമനൗഷധമാകുകയെന്നുറച്ചു തിരഞ്ഞെടുത്തതും സുവർണ്ണേടത്തിയുടെ ഭൗതികഭാവനകൾക്കു സർഗസാക്ഷ്യം വഹിച്ചപ്പോൾ നഗരനരകങ്ങളിൽപ്പോലും ആത്മീയധ്യാനത്തിലലിയാൻ ഈ അദ്വൈതിക്ക് കഴിയുന്നതാണ് സുവർണ്ണവർണവിശേഷത. പക്ഷിയേയും (ഗരുഡൻ) പന്നഗത്തേയും (അനന്തൻ) ഉൾക്കൊള്ളാനാകുന്ന വൈഷ്ണവവൈഭവം ആശ്ലേഷിക്കുന്ന അമരജന്മമാണിത്. ഈ മഹാജന്മത്തോട് മണ്ടശിരോമണിയായ ഞാൻ മൂന്നു കുറികലഹിച്ചിട്ടുണ്ട്! ഒന്ന്, തൃശ്ശൂർപൂരം വരുമ്പോൾ സാധാരണസർവ്വരും തൃശ്ശൂരിലേക്കു വരികയാണല്ലോ ചെയ്യുക, ഞാൻ സ്ഥലം വിടുകയാണ് പതിവ്. എന്റെ ദാമോദരാ എനിക്ക് ചെണ്ടയെന്ന അസുരവാദ്യം കേൾക്കാൻവയ്യ എന്ന് പറഞ്ഞപ്പോൾ, (ചെണ്ട അഭ്യസിച്ച എനിക്കും പാണ്ടി- പഞ്ചാരിമേളങ്ങളും തായമ്പകയുമൊക്കെ പഞ്ചേന്ദ്രിയമധുരങ്ങളാണിന്നും!) മറ്റൊന്ന് ക്ഷേത്രസംസ്കാര പഠനം നടത്തിയ ഏടത്തി അതിൽ ക്ഷേത്രവാദ്യങ്ങളെയും സോപാന സംഗീതത്തെയും ഉൾപ്പെടുത്താതിരുന്നപ്പോൾ, മൂന്ന് ദാസേട്ടന്റെ (യേശുദാസിന്റെ) നാദം മാത്രമേ അതിന്റെ ദേവശ്രുതിശുദ്ധിയാൽ തന്റെ രാഗചികിത്സയിൽ ഉപയോഗിക്കാനാകൂ എന്ന് ഏടത്തി ശഠിച്ചപ്പോൾ! ഇതൊക്കെ ഇന്നും അവരുടേയും എന്റെയും രണ്ടു വ്യത്യസ്തവ്യക്തിത്വ

ത്തിന്റെ തെറ്റുകളായിത്തന്നെ അവശേഷിക്കുമ്പോഴും സുവർണ നാലപ്പാട്ടെന്ന ഈ ഏട്ടത്തിയുടെ സുവർണ്ണസൗമ്യവും നല്ല പാട്ടും നിഷ്പ്രഭമാകുന്നില്ല; നിലയ്ക്കുന്നുമില്ല. അവർ 916 സ്വർണേട ത്തിയായി ഈ സപ്തതി നിറവിലും (11-05-2016) കാലമുതലയെ ജയിച്ച ശങ്കരജയന്തിയായി എഴു പതെഴുന്നള്ളത്തിലും യൗവ്വന മുഖപ്രസാദമണിയുന്നു ദൈവത്തിന്റെ മഹാകൃതിയോട് സുവർണേ ടത്തിയോട്- ഈ മഹാവികൃതി കാണിച്ച എല്ലാ കുരുത്തക്കേടിനും ഇന്ന് ഞാൻ മാപ്പു ചോദിക്കു ന്നു.

സംസാരത്തിൽ സാന്ദ്രാനന്ദം അനുഭവിച്ച സുവർണേടത്തിക്ക് സാക്ഷാൽ ഗുരുവായൂര പ്പൻ ആയുരാരോഗ്യ സൗഖ്യം അരുളട്ടെ.... ഇനിയുമുണ്ടാം ജന്മമെന്നാലടി മുതൽ മുടിയോളം രാഗമാകട്ടെ രാധേ...... എന്ന് ഉള്ളൂരിനെ ഗുരുവായൂരാക്കി പ്രാർത്ഥിക്കുന്നു, ആശംസിക്കുകയും ചെയ്യുന്നു.

ഒരു വ്യതിരിക്ത വ്യക്തിത്വം -ഡോ. സുവർണ്ണ നാലപ്പാട്ട്

അഡ്വ. യു.ടി. രാജൻ

ഞാൻ 1990-ൽ കോഴിക്കോട് കോർപ്പറേഷൻ മേയറായി ചുമതലയേറ്റശേഷം പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഡോ. സുവർണ്ണ നാലാപ്പാട്ടുമായി നടത്തിയ ആശയവിനിമയം എന്റെ പ്രവർത്തനങ്ങളിൽ വളരെയേറെ സഹായകമായിരുന്നു. കോഴിക്കോട് നഗരത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ഒരു വ്യായാമ കേന്ദ്രം- കോർപ്പറേഷൻ ഹെൽത്ത് ക്ലബ്- സ്ഥാപിക്കുകയായിരുന്നു അവയിലൊന്ന്. ഹെൽത്ത് ക്ലബ് രൂപീകരണവുമായി ബന്ധപ്പെട്ട് പലതവണ ചേർന്ന യോഗങ്ങളിൽ ഡോക്ടറുടെ സാന്നിദ്ധ്യം വളരെയേറെ പ്രയോജനകരമായിരുന്നു. ഇന്ത്യയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആദ്യമായി കോഴിക്കോട് കോർപ്പറേഷനിലാണ്. ഒരു ഹെൽത്ത് ക്ലബ് രൂപികരിച്ചത് എന്നാണ് എന്റെ ഓർമ്മ. കോഴിക്കോട് കോർപ്പറേഷൻ ഓഫീസിനോട് തൊട്ടുകിടക്കുന്ന ബീച്ചിലെ ലൈറ്റ് ഹൗസിന് സമീപമുള്ള കെട്ടിടത്തിലാണ് ഹെൽത്ത് ക്ലബ് പ്രവർത്തനമാരംഭിച്ചിരുന്നത്.

വിദ്യാർത്ഥികളെയും ചെറുപ്പക്കാരെയും മയക്കു മരുന്ന്, മദ്യപാനം, പുകവലി എന്നീ ദൂഷ്യങ്ങൾക്കെതിരെ ബോധവൽക്കരിക്കണമെന്ന ആശയം പ്രാവർത്തികമാക്കുന്നതിനും ഡോ. സുവർണ്ണ നാലാപ്പാട്ടിൽ നിന്നും ഉപദേശ നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. പ്രസിദ്ധ സിനിമാ നടി ശ്രീമതി ശ്വേത മേനോൻ ആദ്യമായി അഭിനയിച്ച സിനിമയായിരുന്നു ഉണർത്തുപാട്ട് എന്ന സിനിമ. പ്രസിദ്ധ നാടക- സിനിമാ നടൻ കുഞ്ഞാണ്ടി മാസ്റ്റർറോടൊപ്പം ഉണർത്തുപാട്ടിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുവാൻ ഒരു കൂട്ടം ചെറുപ്പക്കാരുടെ സേവനവും ഈ സംരംഭത്തിന് ലഭിച്ചിരുന്നു.

എന്റെ കുടുംബവും ഡോക്ടറും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമായത് ഞങ്ങളുടെ മകൻ യു.ടി. തിഥിൻ രാജ് പതിനാറാമത്തെ വയസ്സിൽ രക്താർബുദത്തിന് ചികിത്സയിലായിരുന്ന അവസരത്തിലായിരുന്നു. വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെട്ടിരുന്ന ആ സമയത്ത് ഉപദേശ നിർദ്ദേശങ്ങളിലൂടെ ഞങ്ങൾക്ക് മാനസിക ധൈര്യം നൽകിയ ഡോ. സുവർണ്ണ നാലപ്പാട്ടിനോടുള്ള കടപ്പാട് പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. എറണാകുളം അമൃത ആശുപത്രിയിൽ പ്രൊഫസറായിരിക്കെ മകന്റെ അന്ത്യനാളുകളിൽ അവന് നല്ല പുസ്തകങ്ങൾ സമ്മാനിച്ച് ആശ്വാസമേകിയത് ഞങ്ങളുടെ നീറുന്ന മനസ്സിന് കുളിരേകുന്നതായിരുന്നു.

2005 സെപ്തംബർ മാസം 06ന് മകൻ ഞങ്ങളിൽ നിന്ന് വിട പറഞ്ഞ് അകന്ന അവസരത്തിലും ഡോക്ടറുടെ സാമീപ്യവും സ്വാന്ത്വനവും ഞങ്ങക്ക് ശക്തി പകരുകയുണ്ടായി. മകന്റെ സ്മരണ ആരോഗ്യ സേവന പ്രവർത്തനങ്ങളിലൂടെ നിലനിർത്തുന്നതിനായി രൂപീകരിച്ച യു.ടി. തിഥിൻ രാജ് ട്രസ്റ്റിന്റെ രക്ഷാധികാരി കൂടിയാണ് ഡോ. സുവർണ്ണ നാലപ്പാട്ട്. കഴിഞ്ഞ 6 വർഷങ്ങളായി ആരോഗ്യ സംബന്ധമായ വിഷയങ്ങൾ ഉൾപ്പെടുത്തി ട്രസ്റ്റ് പ്രസിദ്ധീകരിച്ച് വരുന്ന പുസ്തകങ്ങളിൽ വിജ്ഞാന പ്രദമായ ലേഖനങ്ങൾ നൽകി ഡോക്ടർ പുസ്തകം സമ്പന്നമാക്കി വരുന്നു.

പ്രശസ്ത സ്വാതന്ത്ര്യസമര സേനാനിയും കേരള നിയമ സഭാ സാമാജികനുമായിരുന്ന കെ. ജി.കരുണാകരമേനോന്റെയും , അമ്മിണിഅമ്മയുടെയും മകളായി നാലാപ്പാട് കുടുംബത്തിൽ ജനിച്ച ഡോക്ടർ അർപ്പണ ബോധവും സാമൂഹ്യ പ്രതിബദ്ധതയുമുള്ള വ്യക്തിത്വത്തിന്റെ ഉടമയാ

ണ്. മ്യൂസിക് തെറാപ്പിയെന്ന വൈദ്യ ശാസ്ത്ര വിഭാഗത്തിന് പുതിയ മാനങ്ങൾ കണ്ടെത്തി നേട്ട ങ്ങൾ കൈവരിച്ച ഡോക്ടർ സംഗീതശുശ്രൂഷാ രംഗത്ത് നിരവധി ഗവേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ മെഡിക്കൽകോളേജുകളിൽ പാത്തോളജി പ്രൊഫസറായി സേവനം അനുഷ്ഠിച്ച ഡോക്ടർ ആരോഗ്യ വിദ്യാഭ്യാസ രംഗത്ത് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം എന്ന ആശയം പ്രാവർത്തികമാക്കി ആരോഗ്യ മേഖലയ്ക്ക് നൂതന മാർഗ്ഗ നിർദ്ദേശം നൽകി വരി കയും ചെയ്യുന്നു.

പ്രശസ്ത സാഹിത്യകാരിയും പ്രഭാഷകയുമായ ഡോ. സുവർണ്ണ നാലാപ്പാട്ട് നിരവധി പ്രശസ്ത ഗ്രന്ഥങ്ങളുടെ കർത്താവ് കൂടിയാണ്. ഇന്ത്യക്ക് അകത്തും പുറത്തും നിരവധി സെമി നാറുകളിൽ പങ്കെടുക്കുകയും വിജ്ഞാന പ്രദങ്ങളായ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്ത ഡോക്ടർ കവിത, ബാലസാഹിത്യം, സാഹിത്യ വിമർശനം , ജ്യോതി ശാസ്ത്രം, ഭഗവത്ഗീത, ഉപ നിഷത്തുക്കൾ എന്നിവയ്ക്ക് വ്യാഖ്യാനങ്ങളും രചിച്ചിട്ടുണ്ട്.

ഡോ. സുവർണ്ണ നാലാപ്പാട്ടിന്റെ മ്യൂസിക്ക് തെറാപ്പി രംഗത്തെ പ്രശസ്തമായ സേവനങ്ങൾ മുൻ നിർത്തി 2008 ലെ യു.ടി .തിഥിൻ രാജ് പുരസ്ക്കാരം നൽകി ട്രസ്റ്റ് ഡോക്ടറെ ആദരിക്കു കയുണ്ടായി. പുരസ്ക്കാരത്തോടൊപ്പം ഡോക്ടർക്ക് സമർപ്പിച്ച മംഗള പത്രത്തിലെ ചില വരികൾ താഴെ ഉദ്ധരിക്കുന്നു.

Born in to a family of celebrated writers and thinkers, Dr. Suvarna Nalapat was enveloped in the world of art and culture at a tender age as was evidenced by the anthology of poems, “താമ രപൂക്കൾ” published when she was just ten. Her contributions to Nalapat legacy of literature, however, were soon to be over shadowed by her advancements in the field of medicine. Specializing in the discipline of Pathology, she emerged as a much sought after teacher and histopathologist , and a resource person in innovative practices like telepathology . Specialization , however , did not stop her from diversifying her interests and creativity to fields as wide as astronomy, history, philosophy, ecology, anthropology , gender studies, music and literature in each of which she was to make her distinct mark . Transgressing the confines of conventional medical education and practice she was thus to play a key role in developing a new curriculum of human values in health care , a programme of community based village educational reforms in the health and medical sector.

With a firm grounding in the nuances of classical music, she has played a stellar role in giving currency to this form of music therapy and establishing it as discipline with immense academic scope. Dr. Suvarna Nalapat has indeed mended many a broken heart with the mellifluous succour of harmony and rhythm. Her selfless efforts have eased the misery and solitude of illness for countless in their worst moments of sufferings.

വ്യതിരിക്ത വ്യക്തിത്വത്തിന്റെ ഉടമയായ ഡോ. സുവർണ്ണ നാലപ്പാട്ടിന് വിവിധ മേഖലകളിൽ കൂടുതൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാവട്ടെ എന്ന ആശംസകളോടെ ആയുരാരോഗ്യം നേർന്നു കൊണ്ട്

ഒരു ധന്യജീവിതം

എം. ലക്ഷ്മീകുമാരി

ഡോ. സുവർണ്ണ നാലപ്പാട്ടിനെ ഞാനാദ്യം കണ്ടുമുട്ടുന്നത് വർഷങ്ങൾക്കുമുമ്പ് തൃശ്ശൂരിൽ ശ്രീശാരദാശ്രമത്തിൽ വെച്ചാണ്. ഡോ. സുവർണ്ണയുടെ പ്രഭാഷണം കേട്ടപ്പോൾ എന്റെ മനസ്സിൽ നിറഞ്ഞുനിന്നത് വിവേകാനന്ദ സ്വാമികളുടെ വാക്കുകളാണ്. ''ഭാരതത്തിൽ ആ മഹാശക്തിയെ വീണ്ടും ഉണർത്താനാണ് മാതൃദേവി ആവിർഭവിച്ചിരിക്കുന്നത്. അവരെ അവലംബിച്ച് ഗാർഗ്ഗി, മൈത്രേയി മുതലായവർ വീണ്ടും ലോകത്തിൽ ജനിക്കും.'' (വി.സാ.സഃ 5,147) സ്വാമിജിയുടെ പ്രവചനത്തെ സാർത്ഥകമാക്കി കൈരളിക്ക് ലഭിച്ചിരിക്കുന്ന വരദാനമാണ് ഡോ. സുവർണ്ണ നാലപ്പാട്ട്.

ഒരു മനുഷ്യായുസ്സിന്നുള്ളിൽ ഔദ്യോഗിക ജീവിതത്തിന് യാതൊരു കോട്ടവും സംഭവിക്കാതെ ആദ്യാത്മിക തലത്തിൽ ഇത്രയും അഗാധമായ പാണ്ഡിത്യം നേടാനും തന്റെ ഭാവനാശക്തിയുടെ ചിറകു വിരിയിച്ചുകൊണ്ട് ഒട്ടനവധി ഉൾക്കാഴ്ചകളെ കണ്ടെത്താനും, അടുക്കും ചിട്ടയോടും കൂടി അവയെയെല്ലാം സഹൃദയർക്കു മുന്നിൽ തന്റേതായ ആകർഷകഭാഷാശൈലിയിൽ അവതരിപ്പിക്കുവാനും കഴിയുക- അതൊരു അപൂർവ്വ ദൈവാനുഗ്രഹവും നിയോഗവുമാണ്.

ഒരാളുടെ ജീവിതത്തിൽ ഈശ്വരാനുഗ്രഹത്തിന്റെ പ്രഥമപ്രതിഫലനം കാണുന്നത് സംസ്കാര സമ്പന്നരായ മാതാപിതാക്കളുടെ പുത്രനോ, പുത്രിയോ, ആയി ജീവൻ രൂപംകൊള്ളുക എന്നതാണ്. ഏതൊരു ധന്യജീവിതത്തിന്റേയും തുടക്കം ഇത്തരമൊരു ദൈവനിശ്ചിതമായ ആരംഭത്തിലൂടെയാണ്. സുവർണ്ണയ്ക്ക് ഇത്തരമൊരു ജന്മം ലഭിച്ചതിലൂടെ മഹത്തായ ഒരു ജീവിതസരണിയുടെ കവാടങ്ങൾ തുറക്കപ്പെടുകതന്നെ ചെയ്തു.

കൈരളീദേവിയുടെ അനുഗ്രഹത്തിനു പാത്രമായ കുടുംബമാണ് നാലപ്പാട്ട് തറവാട്. സാഹിത്യാഭിരുചിയിലും ആദ്ധ്യാത്മിക ജിജ്ഞാസയിലും മുന്നിട്ടുനിന്നിരുന്ന വ്യക്തികളായിരുന്നല്ലോ നാലപ്പാട്ട് നാരായണമേനോനും നാലപ്പാട്ട് ബാലാമണിയമ്മയും. നന്നേ കുട്ടിക്കാലം മുതൽക്കു തന്നെ അമ്മയും അമ്മാമനും തന്നിൽ ചുമത്തിയ സ്വാധീനത്തെപ്പറ്റി സുവർണ്ണ സദാ സ്മരിക്കാറുണ്ട്.

തന്നിൽ ഉദയം ചെയ്തുകൊണ്ടിരുന്ന ആദ്ധ്യാത്മികവാസനകളെയെല്ലാം ഒതുക്കിനിർത്തിയാണ് സുവർണ്ണ തന്റെ മെഡിക്കൾ വിദ്യാഭ്യാസത്തിന് തയ്യാറെടുത്തത്. ഒരു പത്തോളജിസ്റ്റായി പ്രാവീണ്യം നേടിയതിന്നു ശേഷം അതിന്റെ മുദ്രപതിപ്പിക്കുവാൻ അവസരം ലഭിച്ചത് കോഴിക്കോട് മെഡിക്കൽ കോളേജിലും ഇടപ്പള്ളി അമൃത ഇൻസ്റ്റിട്യൂട്ടിലുമാണ്. തന്റ മുമ്പിൽ വരുന്ന ഓരോ കേസും ചുമ്മാ ഒന്ന് നോക്കി വിധി പറയാതെ, ആധുനിക സംവിധാനങ്ങളുപയോഗിച്ച് വിശാലവും വ്യാപകവുമായ തിരച്ചിലും ചർച്ചകളും നടത്തിയാണ് സുവർണ്ണ തീരുമാനങ്ങളെടുക്കാറുള്ളത്. അങ്ങിനെ തന്റെ ഔദ്യോഗികജീവിതത്തെ നല്ല ഒരു കർമ്മയോഗ മണ്ഡലമാക്കി മാറ്റിയെടുക്കാൻ സുവർണ്ണയ്ക്കു കഴിഞ്ഞു. ഇതിനിടയിൽ കുടുംബജീവിതവും ഒരനുഭൂതിയാക്കി മാറ്റി അപൂർവ്വമായ പക്വത നേടാനും മടിച്ചില്ല. അസുഖം വന്നു കിടപ്പിലായ ഭർത്താവിനെ അസാധാരണമായ സ്നേഹസമർപ്പണഭാവത്തോടുകൂടിയാണ് സുവർണ്ണ സേവിച്ചത്. അദ്ദേഹത്തിന്റെ കാലശേഷം പ്രായപൂർത്തിയായ മകനെ അയാളുടെ സ്വതന്ത്രമായ ജീവിതായോധനത്തിലേയ്ക്ക് തിരിച്ചുവിട്ട് യാതൊരു മനശ്ചാഞ്ചല്യവും കൂടാതെ തനിക്കേറ്റവും പ്രിയപ്പെട്ട ആദ്ധ്യാത്മിക ഗവേഷണങ്ങളിൽ മുഴുകിയിരിക്കുകയാണ് സുവർണ്ണ ഇപ്പോൾ. ഒരു പുഷ്പം വിരിയുമ്പോൾ അതിന്റെ സൗര

ഭൃത്താൽ ആകൃഷ്ടരായി വണ്ടുകൾ വന്നണയുന്നതുപോലെ സുവർണ്ണയുടെ അഗാധമായ പാണ്ഡിത്യവും ശാസ്ത്രീയമായ പ്രയോഗിക ഉപദേശങ്ങളും നേടാൻ ജിജ്ഞാസുക്കളുടെ ഒരു കൂട്ടം എപ്പോഴും വന്നുകൊണ്ടിരിക്കുന്നു.

ഉയർന്ന ആദ്ധ്യാത്മിക നിലവാരം പുലർത്തുന്ന സാധനകളുടേയും നിരന്തരമായ ധ്യാനഗവേഷണങ്ങളുടേയും ഭാഗമായി ഒട്ടുവളരെ വിശിഷ്ടഗ്രന്ഥങ്ങൾ കൈരളിക്കു സമർപ്പിക്കുവാൻ സുവർണ്ണയ്ക്കു കഴിഞ്ഞിട്ടുണ്ട്. രാഗതാളമേളങ്ങളാൽ അദ്വിതീയമായ നമ്മുടെ സംഗീതശാസ്ത്രത്തെ ഒരു രോഗനിവാരണ പദ്ധതിയാക്കി മാറ്റാനും സുവർണ്ണയുടെ ഗവേഷണങ്ങൾക്കു കഴിഞ്ഞു. സാധാരണക്കാർക്ക് വിരസമായി തോന്നുന്ന വാർദ്ധക്യകാലത്തെ ഇത്രയും പ്രേരണാദായകവും ഉപയോഗപ്രദവും സംപുഷ്ടവുമാക്കണമെങ്കിൽ അതിന്റെ പശ്ചാത്തലമായി ഗുരുകൃപയാൽ ഉദ്ദീപ്തമായി പ്രകാശിക്കുന്ന ആദ്ധ്യാത്മിക ഉണർവ്വുതന്നെയാണ് എന്ന് സുവർണ്ണ വിശ്വസിക്കുന്നു. അതുതന്നെയാണ് സുവർണ്ണയുടെ ജീവിതസന്ദേശം.

ഈ ശക്തിതന്നെയാണ് ഗാർഗ്ഗി, മൈത്രേയി തുടങ്ങിയ വിദ്യാശക്തിസ്വരൂപിണികളെ ഭാരതത്തിന്നു നൽകിയതും, ഭാരതീയ സ്ത്രീസങ്കൽപത്തെ ലോകോത്തരമാക്കി തീർത്തതും. ഭോഗാസ്വാദനത്തിന്റെ മിഥ്യാലോകത്തിൽ വിഹരിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ പൂമ്പാറ്റകൾക്കൊന്നിനും ആ ജ്വാലയോടടുക്കാൻ കഴിയില്ല. അതേസമയം സത്യാന്വേഷണ കുതുകികൾക്ക് ചെന്നിരുന്ന് ആനന്ദാമൃതം ആസ്വദിക്കാനുള്ള ഒരു തീർത്ഥസ്ഥാനമാണ് സുവർണ്ണ. ആ അമൃതബിന്ദുക്കൾ അനവരതം പ്രവഹിച്ചുകൊണ്ട് ആ ധന്യജീവിതത്തെ കൂടുതൽ കൂടുതൽ ധന്യതയിലേക്ക് നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സഞ്ചരിക്കുന്ന യൂണിവേഴ്സിറ്റി

അഡ്വ. ത്രിവിക്രമൻ അടികൾ

ഏകദേശം നാൽപത് വർഷങ്ങൾക്ക് മുമ്പ് തന്നെ ഡോ. സുവർണ്ണ നാലപ്പാട്ടിന്റെ മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ വായിക്കാനിടയായിട്ടുണ്ട്. പിന്നീട് കുറച്ചുകാലത്തെ ഇടവേളക്കുശേഷം വീണ്ടും അവരുടെ രചനകൾ വായിക്കാനിടയായപ്പോൾ അവരെ നേരിൽ കാണണമെന്നും പരിചയപ്പെടണമെന്നും തോന്നിയിരുന്നു. ആരുമുഖേന എങ്ങനെ കാണാം പരിചയപ്പെടാം എന്നുള്ള ചിന്തയിൽ കുറച്ചുകാലം കൂടി കടന്നുപോയി. പിന്നീട് അവരുടെ ഉപനിഷത്തിനെക്കുറിച്ചുള്ള വ്യാഖ്യാനം (സുധാസിന്ധു) കണ്ടപ്പോൾ ഉടൻ കാണണമെന്നു തോന്നി. അപ്പോഴാണ് അവർ അമൃത മെഡിക്കൽ കോളേജിൽ പത്തോളജി വിഭാഗം ഹെഡ് ആണെന്നും എറണാകുളത്താണ് താമസമെന്നും അറിഞ്ഞത്. അങ്ങിനെ ഒരു ദിവസം ഫോൺനമ്പർ തേടിപ്പിടിച്ച് അനുവാദം വാങ്ങി അവരുടെ വീട്ടിലെത്തി. എങ്ങിനെ തുടങ്ങണമെന്നും അവരുടെ പ്രതികരണം എന്താവും എന്നുള്ള ശങ്കയോടെ വാതിലിൽ തട്ടി. സ്നേഹം നിറഞ്ഞ പുഞ്ചിരിയോടെ, മാതൃവാത്സല്യത്തോടെയുള്ള സ്വീകരണം.

അവരുടെ രചനകളിൽ, വാക്കുകളുടെ തീഷ്ണത, സ്ഥൈര്യം ഇതെല്ലാം അവർ വളരെ ഗൗരവക്കാരിയാണെന്നുള്ള എന്റെ ധാരണ പാടെ മാറ്റി. സംസാരിച്ചു തുടങ്ങിയപ്പോൾ എത്രയോ മുമ്പേ പരിചയപ്പെടേണ്ടതായിരുന്നു എന്ന നഷ്ടബോധം. നിറയെ പുസ്തകക്കൂമ്പാരങ്ങൾക്കിടയിലിരുന്ന് സംസാരിച്ചപ്പോൾ സമയം പോയതറിഞ്ഞില്ല. വിവിധ വിഷയങ്ങളിലൂടെ കടന്നു പോയപ്പോൾ ഓരോ വിഷയത്തിലുമുള്ള അവരുടെ അറിവ്- ചുരുക്കിപ്പറഞ്ഞാൽ സൂര്യനു താഴെയുള്ള എല്ലാത്തിനെക്കുറിച്ചും എന്നെ അത്ഭുതപ്പെടുത്തി.

വൈദ്യശാസ്ത്രം, സാഹിത്യം, നിരൂപണം, സംഗീതം, അസ്ട്രോണമി, അസ്ട്രോളജി, തന്ത്രശാസ്ത്രം, അദ്വൈതം, വേദങ്ങൾ, ഉപനിഷത്തുകൾ, അദ്ധ്യാത്മിക വിഷയങ്ങൾ എന്നിവയെക്കുറിച്ചുള്ള അവരുടെ ഗവേഷണബുദ്ധ്യായുള്ള സ്വാനുഭവത്തിലൂടെയുള്ള കണ്ടെത്തലുകൾ ലേഖനങ്ങളായും, പുസ്തകങ്ങളായും പുറത്തു വന്നിട്ടുണ്ട്. ഏകദേശം എഴുപതോളം പുസ്തകങ്ങൾ അവരുടേതായിട്ടുണ്ട്. അദ്വൈതത്തിന്റെ ആചാര്യനായ ജഗദ്ഗുരു ആദിശങ്കരാചാര്യർ അവരെ വളരെ അധികം സ്വാധീനിച്ചിട്ടുള്ളതായി കാണാം.

പിന്നീട് അവർ മദ്രാസിലേക്ക് ചേക്കേറിയപ്പോൾ അവിടെവെച്ചും അവരെകാണാറുണ്ടായിരുന്നു. അവിടെ ആദ്യം ചെന്നപ്പോൾ അമ്മ പറഞ്ഞത് മോനേ, ചായയും കാപ്പിയുമൊന്നും തരാൻ നിർവ്വാഹമില്ല എന്നാണ് കാരണം അവർ അവിടെ പാചകമില്ലായിരുന്നു. ആ സമയം കൂടി വായനയ്ക്കും രചനയ്ക്കുമായി ചിലവഴിക്കുകയായിരുന്നു. ചെന്നൈയിലുണ്ടായിരുന്ന അഞ്ച് വർഷം നിരവധി രചനയ്ക്കും, വ്യാഖ്യാനങ്ങൾക്കുമുള്ള കാലമായിരുന്നു. എന്നെ വളരെ അത്ഭുതപ്പെടുത്തിയത് തന്ത്രശാസ്ത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ശാരദാതിലകത്തിന്റെ വ്യാഖ്യാനമാണ്. പിന്നെ സംഗീതചികിത്സയിലെ ഗവേഷണം- എഴുപത്തിരണ്ട് മേളകർത്താരാഗങ്ങളിൽ അവരുടേതായ രചന, ശ്രീവിദ്യാപ്രസ്ഥാനത്രയമെന്ന പേരിൽ ലളിതാസഹസ്രനാമം, ഭാവനോപനിഷത്ത്, വരിവസ്യാരഹസ്യം എന്നിവയുടെ വ്യാഖ്യാനം ഇതെല്ലാം സാമാന്യേന ആരും കടന്നുചെല്ലാത്ത മേഖലകളാണ്.

ശ്രീവിദ്യാപ്രതിഷ്ഠാനത്തിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും കൊടുങ്ങല്ലൂർ വെച്ചു നട

ക്കാറുള്ള ദേശീയ ശ്രീവിദ്യാതാന്ത്രികോപാസകസംഗമത്തിൽ പ്രസ്ഥാനത്രയത്തെക്കുറിച്ചുള്ള അമ്മയുടെ ക്ലാസ്സ് വളരെയധികം പ്രശംസ പിടിച്ചു പറ്റിയിരുന്നു. തന്ത്രശാസ്ത്രങ്ങളിൽ കേമന്മാരാണെന്ന് നടിച്ചിരുന്നവരെയെല്ലാം അത്ഭുതപ്പെടുത്തിയിരുന്നു.

സുവർണ്ണാമ്മ വ്യാഖ്യാനം ചമച്ച ശ്രീലളിതാസഹസ്രനാമം, ഭാവനോപനിഷത്ത്, വരിവസ്യാരഹസ്യം, എന്നിവചേർത്ത് ശ്രീവിദ്യാപ്രസ്ഥാനത്രയം എന്ന പേരിൽ പുസ്തകമായി കൊടുങ്ങല്ലൂർ കേരളാ ബുക്സിനെക്കൊണ്ട് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതും, 2015 ഡിസംബറിൽ കൊടുങ്ങല്ലൂരിൽ വെച്ച് നടന്ന ദേശീയശ്രീവിദ്യാതാന്ത്രികോപാസകസംഗമത്തിൽ വെച്ച് പൂജനീയ ജയേന്ദ്രസ്വാമികളെ കൊണ്ട് ശ്രീവിദ്യാപ്രസ്ഥാനത്രയത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിക്കാൻ കഴിഞ്ഞതും വളരെ ഭാഗ്യമായി കരുതുന്നു.

അമ്മയുമായി സംസാരിക്കുമ്പോൾ ഒരു ശ്രോതാവായി ഇരിക്കാനാണെനിക്കിഷ്ടം. അമ്മയുടെ സാമീപ്യം, അത് നമ്മുടെ ആത്മാവിലേക്ക് അമൃതം പകർന്നു തരും. പലരും അമ്മയെ വിശേഷിപ്പിക്കുന്നത് സഞ്ചരിക്കുന്ന ലൈബ്രറി എന്നൊക്കെയാണ്. എന്നാൽ ഞാനത് തിരുത്തുകയാണ്. ഡോ. സുവർണ്ണ നാലപ്പാട്ട് സഞ്ചരിക്കുന്ന യൂണിവേഴ്സിറ്റിയാണ്. പുരസ്കാരങ്ങളുടെ പുറകെ പോകാത്ത ഡോ. സുവർണ്ണ നാലപ്പാട്ടിനെ 2015 ഡിസംബറിൽ കൊടുങ്ങലൂരിൽ വെച്ച് നടന്ന വിദ്യാ- താന്ത്രികോപാസകസംഗമത്തിൽ വെച്ച് പണ്ഡിതരത്നം പുരസ്കാരം നൽകി ആദരിക്കാൻ കഴിഞ്ഞതും വളരെ ഭാഗ്യമായി കരുതുന്നു.

ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യരചന തുടങ്ങി നിരവധി അപൂർവ്വ നിഗൂഢശാസ്ത്രങ്ങളുടെ രഹസ്യഖനികളിലേയ്ക്ക് ഇറങ്ങിച്ചെന്നാണ് മുത്തും, പവിഴവും, രത്നങ്ങളുമെല്ലാം നമുക്ക് നൽകിയത്. സത്യാന്വേഷണത്തിനുള്ള ത്വര ആത്മാവിലേക്ക് എത്തിയവർക്കും, ആന്തരികശക്തി ഭൗതികവിഷയങ്ങൾക്ക് ആവശ്യമാണെന്ന് കരുതുന്നവർക്കും സുവർണ്ണ നാലപ്പാട്ടിന്റെ കൃതികൾ ഒരു നിധി കുംഭമാണ്.

സപ്തതി ആഘോഷിക്കുന്ന സുവർണ്ണാമ്മയ്ക്ക് ദീർഘായുസ്സും, ആരോഗ്യവും നൽകാൻ ആദിപരാശക്തിയായ കൊടുങ്ങല്ലൂർ ഭഗവതിയുടെ കൃപാകടാക്ഷം എപ്പോഴുമുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അഡ്വ. ത്രിവിക്രമൻ അടികൾ

മേൽശാന്തി

കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം.

ഉയരങ്ങളിലേക്ക്, പടിപടിയായി

അശോകൻ നാലപ്പാട്ട്

ആരംഭകാലത്തെ ഭാഷയും സംഗീതവും

ഞങ്ങൾ അഞ്ചു മക്കളിൽ ഏറ്റവും ഒടുവിലത്തെ ആളാണ് ഞാൻ. മാത്രമല്ല, മറ്റു നാലുപേരുമായും വയസ്സുകൊണ്ട് വളരെ വ്യത്യാസമുണ്ട്. അതുകൊണ്ട്, എന്റെ സഹോദരങ്ങളുടെ വാത്സല്യം ആവോളം ഞാനനുഭവിച്ചിട്ടുണ്ട്. എങ്കിലും ചില സമയങ്ങളിൽ ഞങ്ങളെല്ലാവരും കൂടി കളിക്കുമ്പോൾ, എനിക്ക് ചില അവഗണനകളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. വലിയ കുട്ടികൾ കളിക്കുന്ന ചില കളികൾ, ചെറിയകുട്ടിയായ എനിക്ക് സാധിക്കാതെ വരികയും എനിക്കും അവരോടുകൂടി കളിക്കണമെന്ന് വാശി പിടിക്കുകയും ചെയ്യുമ്പോൾ, അവരെല്ലാവരും കൂടി കശോഅല്ലഇ എന്ന് പറയാറുണ്ട്. അന്ന് അതിന്റെ അർത്ഥം എനിക്കറിയില്ലായിരുന്നു. അശോകൻ ഇല്ല എന്നാണത്രെ. അത് മനസ്സിലാകാതെ ഞാനും ആ കളിയിൽ ഉണ്ടെന്ന് വിചാരിച്ച് അവരുടെകൂടെ സന്തോഷത്തോടെ ഓടുക പതിവായിരുന്നു.

സുവർണ്ണയുടെ കുട്ടിക്കാലം ഞങ്ങളുടേതിൽനിന്ന് അല്പം വ്യത്യാസപ്പെട്ടതായിരുന്നോ എന്ന് ഒരു സംശയം ഇപ്പോളെനിക്ക് തോന്നുന്നു. സുവർണ്ണ പലപ്പോഴും ഏകാകിനിയായി തന്റെ മുറിയിൽ പുസ്തകങ്ങളോടുകൂടി, വിശിഷ്യ ഞങ്ങളുടെ വീട്ടിൽ അന്നുണ്ടായിരുന്ന ഒരു ഫിലിപ്പ് ഹോളണ്ട് സെവൻബട്ടൺറേഡിയോയുമായി ഒറ്റ തിരിഞ്ഞിരിക്കാറുണ്ട്. അന്ന് അതിലൂടെ കേൾക്കുന്ന മലയാളം, തമിഴ് ഗാനങ്ങൾ സുവർണ്ണക്കും ഞങ്ങൾക്കെല്ലാവർക്കും വളരെ ഇഷ്ടമായിരുന്നു. അക്കാലം കഴിഞ്ഞാണ് യുവനവഗായകനായി ശ്രീ യേശുദാസ് പഞ്ചാരപ്പാലുമിഠായി, ദയാപരനായ കർത്താവെ, കണ്ണുനീർമുത്തുമായ്, ചൊട്ടമുതൽ ചുടലവരെ മുതലായ ഗാനങ്ങളും പാടി ജനശ്രദ്ധയാർജ്ജിച്ചുവന്നിരുന്നത്. സുവർണ്ണയും ഞങ്ങളെല്ലാവരും തന്നെ യേശുദാസിന്റെ ആരാധകരായി മാറി.

സഹജീവിസ്നേഹം

ഞങ്ങളുടെ നാട്ടിൽ അന്നേ ഒരു സിനിമ ടാക്കീസ് ഉണ്ടായിരുന്നു. ഞങ്ങളെല്ലാവരും അവിടെ സിനിമയ്ക്ക് പോയിരുന്നു. ഒരു ദിവസം അവിടെ ആരോ ഉപേക്ഷിച്ചുപോയ ഒരു കറുത്ത പൂച്ചക്കുട്ടിയെ ഞങ്ങൾകാണുകയുണ്ടായി. അതിനെ സുവർണ്ണ എടുത്ത് വീട്ടിലേക്കു കൊണ്ടുവന്ന് പാലും ഭക്ഷണവും എല്ലാം കൊടുത്ത് വളർത്തിത്തുടങ്ങി. അച്ഛന്റെ വളരെ വേണ്ടപ്പെട്ട ഒരു സുഹൃത്തും കാര്യസ്ഥനും പൊതുകാര്യപ്രസക്തനുമായ ഒരാൾ ഇടയ്ക്കിടെ ഞങ്ങളുടെ വീട്ടിൽ വരാറുണ്ടായിരുന്നു. അദ്ദേഹത്തിന് ഏതാണ്ട് തൊണ്ണൂറിൽപ്പരം വയസ്സ് അപ്പോൾത്തന്നെ ആയിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ച് ഒരു കഥ നാട്ടിൽ പ്രചരിച്ചിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യത്തിന്റെ രഹസ്യം കറുത്ത പൂച്ചയെ തിന്നിട്ടാണെന്ന് ആളുകൾ പറഞ്ഞിരുന്നു. ഇതുകേട്ട സുവർണ്ണ പേടിച്ചു. അദ്ദേഹം വരുന്ന ദിവസങ്ങളിലെല്ലാം തന്റെ പൂച്ചക്കുട്ടിയെയുമെടുത്ത് മുകളിലെ മുറിയിൽകയറി വാതിലടച്ചിരിക്കും. അദ്ദേഹം പോയെന്ന് ഉറപ്പാക്കിയതിനുശേഷമേ സുവർണ്ണ താഴേക്ക് പൂച്ചക്കുട്ടിയേയുമെടുത്ത് വരാറുള്ളൂ. ഇതെല്ലാം കണ്ടു വളർന്ന ഞങ്ങൾക്ക് സഹജീവിസ്നേഹം കൂടുതലായിരുന്നു. എന്നാൽ ഇപ്പോൾ അത് എത്രകണ്ട് പേര് എത്രകണ്ട് നിലനിർത്തുന്നുണ്ട് എന്ന് സംശയമാണ്. എങ്കിലും കഴിയുന്നത്ര ഇപ്പോഴും ഞാൻ അത് തുടർന്നുവരുന്നുണ്ട്.

കവിതയും വൈദ്യശാസ്ത്രപഠനവും സ്നേഹവും

ചെറുപ്പത്തിൽത്തന്നെ സുവർണ്ണയുടെ കവിതാസമാഹാരം താമരപ്പൂക്കളെന്ന പേരിൽ പുസ്തകരൂപത്തിൽ അച്ഛൻ പ്രിന്റ് ചെയ്യിച്ച് പ്രസിദ്ധീകരിച്ചിരുന്നു. സുവർണ്ണയുടെ കവിതാരചന അന്നേ ആരംഭിച്ചിരുന്നു. മെഡിക്കൽകോളേജിൽ അച്ഛൻ ഒരു റിട്ട് ഫയൽ ചെയ്തശേഷമാണ് സുവർണ്ണ ചേർന്നതെന്ന് കേട്ടിട്ടുണ്ട്. സുവർണ്ണ ചേരുന്നതിനു മുമ്പ് തന്നെ അവിടെ അച്ചു ഏട്ടന്റെ മകൾ അമ്മിണിയേടത്തി (മാലതി മേനോൻ പിന്നീട് മാലതി മാധവനെന്ന സുപ്രസിദ്ധഗൈനോക്കോളജിസ്റ്റ് ആയി കാസർക്കോട് സർക്കാരാശുപത്രിയിൽനിന്ന് വിരമിച്ചു) ലേഡീസ് ഹോസ്റ്റലിലുണ്ടായിരുന്നു. സ്വതവേ ആണുങ്ങൾക്ക് ലേഡീസ് ഹോസ്റ്റലിൽ പ്രവേശനം നിഷേധിച്ചിരുന്നുവെങ്കിലും ഞാൻ ചെറിയ കുട്ടിയായതിനാൽ അമ്മിണിയേടത്തിയുടെ സിങ്കിൾറൂമിലേക്ക് എന്നെ കൊണ്ടുപോകാനനുവദിച്ചിരുന്നു. അവിടെ മേശപ്പുറത്തും അലമാരികളിലും ഒതുക്കിവെച്ച് അലങ്കരിച്ചിരുന്ന ചെറിയ ബൊമ്മകളും ഓട്ടിന്റെ നിലവിളക്കുകളും പറയും മറ്റും എനിക്ക് വളരെ കൗതുകമായി തോന്നി. പിന്നെ സുവർണ്ണയുടെ മുറിയിൽ ഇത്തരം വസ്തുക്കൾ വാങ്ങിച്ചുകൊണ്ടുപോയിക്കൊടുത്ത് അവിടെ അലങ്കരിക്കുന്നത് എന്റെ പതിവായി. അങ്ങനെ അമ്മയുടേയും അച്ഛന്റെയും കൂടെ മധുര, മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ ഒക്കെ യാത്ര ചെയ്യുമ്പോഴും സുവർണ്ണയുടെ മുറി അലങ്കരിക്കുന്നതിനുള്ള ചെറിയ സാധനങ്ങൾ ഞാൻ വാങ്ങിച്ച് വെച്ചിരുന്നു. കോഴിക്കോട് സാമൂതിരി സ്കൂളിൽ വർഷാവർഷം നടന്നുവന്നിരുന്ന എക്സിബിഷനിൽനിന്നും ഇത്തരം സാധനങ്ങൾ വാങ്ങിച്ച് സുവർണ്ണയ്ക്ക് എത്തിക്കുമായിരുന്നു. ഈ എഴുപതാം വയസ്സിലും തനിക്ക് കിട്ടിയ പുരസ്ക്കാരങ്ങളുടെ കൂടെ സുവർണ്ണ അവയെല്ലാം സൂക്ഷിച്ചുവെച്ചിരിക്കുന്നു.

കഥകളുടെ പ്രസിദ്ധീകരണം

പഠിച്ച്കഴിഞ്ഞ് പുറത്തിറങ്ങിയ അവസരത്തിൽ, സുവർണ്ണ മുമ്പ് എഴുതിവെച്ചിരുന്ന കുറേ ചെറുകഥകൾ, കവിതകളെന്നിവ ഞാൻ കാണുവാനിടയായി. അവയെല്ലാം എടുത്ത് അന്നത്തെ കുറേ സുപ്രസിദ്ധവാരികകളിലേക്ക് അയച്ചുകൊടുത്ത് അവ പ്രസിദ്ധീകരിക്കയും ചെയ്തു. കുങ്കുമം, മനോരാജ്യം, മനോരമ, മലയാളനാട്, കലാകൗമുദി എന്നീ വാരികകളിലെല്ലാം അധികവും പ്രസിദ്ധീകരിച്ചുവന്നു. ഇതിനിടയിൽ ഒരു ചെറിയ വികൃതി എന്നോണം അതിലൊരു ചെറിയ കഥയെടുത്ത് എന്റെ പേരിൽ ശ്രീകേരളവർമ്മ കോളേജ് മാഗസീനിൽ, സുവർണ്ണയുടെ അനുവാദത്തോടെ, പ്രസിദ്ധീകരിക്കയുണ്ടായിട്ടുണ്ട്. ഇന്നലെയുടെ പിന്നാലെ എന്ന ഒരു ചെറിയകഥയായിരുന്നു അത്.

ഉയരങ്ങളിലേക്ക് പടിപടിയായി

ഈ സമയങ്ങളിൽ, സുവർണ്ണ തന്റെ ഔദ്യോഗികകൃത്യനിർവ്വഹണങ്ങളിൽ വ്യാപൃതയാകാനും അതിന്റെ ഇടയിൽത്തന്നെ ഭാരതീയപൈതൃകവൈജ്ഞാനികശാഖയിലെ വേദങ്ങൾ, ഉപനിഷത്തുകൾ, ജ്യോതിഷം എന്നുവേണ്ട എല്ലാ മേഖലകളിലും അഗാധപാണ്ഡിത്യം നേടാനും ആദ്ധ്യാത്മികപ്രഭാഷണങ്ങൾ വിവിധസ്ഥലങ്ങളിൽ വിജയകരമായി നടത്തുവാനും ആരംഭിച്ചിരുന്നു. അങ്ങനെ വിവിധങ്ങളായ വൈജ്ഞാനികശാഖകളിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന മ്യൂസിക് തെറാപ്പിയെക്കുറിച്ച് ആധികാരികമായി പറയുവാനും സുവർണ്ണയ്ക്ക് ഇന്ന് സാധിക്കുന്നു. സുവർണ്ണയുടെ മ്യൂസിക് തെറാപ്പിയുടെ ആരംഭം എന്നെ ഉറക്കാനായി ഒരു പാട്ടെഴുതിക്കൊണ്ടാണ്. സ്നേഹസീമയിലെ കണ്ണും പൂട്ടി ഉറങ്ങുക എന്ന പാട്ടിന്റെ ട്യൂണിലെഴുതിയ സുവർണ്ണയുടെ ആ കവിത

താമരപ്പൂക്കളെന്ന കവിതാ സമാഹാരത്തിലുണ്ട്.

അങ്ങനെ ഉയരങ്ങളിൽനിന്ന് ഉയരങ്ങളിലേക്ക് സുവർണ്ണ പടിപടിയായി കയറിപോകുന്നത് ഞാൻ ആനന്ദാശ്രുക്കളോടെ നോക്കികാണുകയാണ്. ഇനിയും ഈ മേഖലയിൽ അല്പം ശാരീരികഅസുഖങ്ങൾ വന്നുപെട്ടിട്ടുണ്ടെങ്കിലും അതൊന്നും വകവെക്കാതെത്തന്നെ സധൈര്യം മുന്നോട്ടുപോകാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ എന്നുകൂടി ഈ കൊച്ചനുജൻ പ്രാർത്ഥിച്ചുകൊണ്ട് നിറുത്തട്ടെ.

സാഗരസംഗമം

വിദ്യാസുന്ദർ

ഒരു വർഷം മുമ്പ് ഒ.എൻ.വി. കുറുപ്പ് സാറിനെ അദ്ദേഹത്തിന്റെ വസതിയായ ഇന്ദീവര ത്തിൽ ചെന്ന് കാണുവാനിടയായത് സുവർണ്ണേടത്തിയെന്ന് ഞാൻ ഏറ്റവും സ്നേഹത്തോടെ വിളിക്കുന്ന സുവർണ്ണ നാലപ്പാട്ട് ഹേതുകമായിട്ടാണെന്ന് പറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല. ഈ രണ്ടു മഹാസാഗരങ്ങളുടെ പരസ്പര ബഹുമാനത്തിലൂന്നിയ ശബ്ദബാഹുല്യമില്ലാത്ത, എന്നാൽ ഗാംഭീര്യമിയലുന്ന ആശയവിനിമയങ്ങൾ നിശബ്ദയാണെങ്കിലും അതിലുൾചേർന്ന് ഒരു പ്രശാന്തമായ തുരുത്തായിത്തീരാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

ഞാൻ വരച്ച ചിത്രങ്ങൾ കാണാനിടയായത് സുവർണ്ണേടത്തിയോടൊപ്പമുള്ള ഒരു കൂടി ക്കാഴ്ചയിൽ, അവയുടെ സമഗ്രമായ ലാവണ്യത്തിന്റെ അമൂർത്തമായ ചിത്രീകരണം അദ്ദേഹ ത്തിന് വശ്യമനോഹരമായ അനുഭവപ്പെട്ടെന്ന് എന്നെഅറിയിച്ചതും സുവർണ്ണേടത്തി വഴി.

പിന്നീട് എന്റെ നിശ്ശബ്ദഗീതങ്ങൾ എന്ന ചിത്ര പരമ്പരയ്ക്ക് സുവർണ്ണേടത്തി എഴുതിയ ആസ്വാദനക്കുറിപ്പുൾക്കൊള്ളുന്ന ബ്രോഷർ അയച്ചുകൊടുത്തപ്പോൾ അദ്ദേഹം എനിക്കൊരു കത്ത് അദ്ദേഹത്തിന്റെ അതിമനോഹരമായ കൈപ്പടയിൽ എഴുതി അയച്ചുതന്നു. എനിക്ക് ഏറ്റവും വില പ്പെട്ട സമ്മാനങ്ങളിലൊന്ന്, രണ്ടാമത്തേത് സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ് പുരസ്കാരം, സ്വീകരിക്കാൻ ഗുരുവായൂർക്ക് പോകുന്ന വഴിയായിരുന്നല്ലോ ആ ഗുരുവന്ദന സന്ദർശനം. കഴിഞ്ഞ വർഷം ഏപ്രിൽ മാസത്തെ ആ കൂടിക്കാഴ്ചയിൽ താനയച്ച കത്തിലെ വരികൾ അദ്ദേഹം എനിക്ക് ഒന്നുകൂടി വിശ ദീകരിച്ചു തന്നു. ആ വിശദീകരണത്തിനിടയ്ക്ക് അതീവ ബഹുമാനത്തോടെയും, സ്നേഹപൂർവ്വവും എടുത്തുപറഞ്ഞ രണ്ടുപേരുകളാണ് നാലപ്പാട്ട് നാരായണമേനോനും, സുവർണ്ണ നാലപ്പാട്ടും.

നാലപ്പാട്ട് നാരായണമേനോൻ കാലത്തെ മുന്നോട്ടും പിന്നോട്ടും കാണാൻ കഴിവുണ്ടായി രുന്ന ഒരു വിഷനറി ആയിരുന്നു. ഏതുകാര്യവും ശാസ്ത്രീയമായ അപഗ്രഥനത്തിലൂടെ വിശദീക രിച്ച ക്രാന്തദർശി. നാലപ്പാട്ട് നാരായണമേനോന്റെ അത്യപൂർവ്വമായ ധിഷണാവൈഭവം സുവർണ്ണയ്ക്ക് അതുപോലെയോ അതിലുപരിയായോ പകർന്നു കിട്ടിയിട്ടുണ്ട് സൗന്ദര്യശാസ്ത്ര ത്തിൽ അതീവ അവഗാഹമുള്ള സുവർണ്ണയുടെ ആസ്വാദനക്കുറിപ്പ് വിദ്യയുടെ ചിത്രങ്ങൾ അർഹി ക്കുന്നവ തന്നെ ശാസ്ത്രവും, തത്വശാസ്ത്രവും, കവിത്വവും അതോടൊപ്പം സൗന്ദര്യശാസ്ത്രവും സുവർണ്ണയ്ക്ക് അതി വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ പറ്റുന്നുണ്ടെങ്കിൽ അത് സുവർണ്ണ നാല പ്പാട്ട് നാരായണമേനോനെ വേണ്ടവിധം അപഗ്രഥിച്ച് മനസ്സിലാക്കിയതു കൊണ്ടാണ്.

ഒ.എൻ.വി. സാർ അതു പറയുമ്പോൾ സുവർണ്ണേടത്തി എപ്പോഴും പറയാറുള്ള വാക്കുകൾ എന്റെ കാതിൽ മുഴങ്ങുകയായിരുന്നു. എന്റെ അമ്മാവനാണ് ഈ ഭൂമിയിലെ എന്റെ ഏറ്റവും അഗ്രഗണ്യ നായ ഗുരു. എന്ന് സുവർണ്ണേടത്തിയുടെ തന്നെ വാക്കുകൾ.

ഒരു സാഗരമൗനത്തിൽ, സാഗരത്തിന്റെ സപ്തതി നിറവിൽ വിനമ്രശീർഷയായ ഒരു ചെറു തുരുത്ത് തനിക്ക് വീണുകിട്ടിയ ചില അമൂല്യങ്ങളായ മൊഴിമുത്തുകൾ സാഗരോന്മുഖർക്കായി പങ്കുവെച്ചെന്നു മാത്രം... .

ആൾക്കൂട്ടത്തിനിടയിൽ ഒരു അപൂർവ്വവ്യക്തിത്വം

എൻ. നാരായണൻകുട്ടി

ഡോക്ടറും പണ്ഡിതയുമായ ഈ സഹോദരിയെക്കുറിച്ച് ഒരു സോവനീറിൽ എഴുതാനുള്ള യോഗ്യത സുവർണ്ണ സഞ്ചരിച്ച മേഖലകളിലൊന്നും അധികം സഞ്ചരിക്കാത്ത എനിക്കില്ല. അതു കൊണ്ട് ലേഖനം തികച്ചും അപൂർണ്ണമാകാൻ സാദ്ധ്യതയുണ്ട്. എന്നാലും എഴുതേണ്ടത് എന്റെ ധർമ്മമായതുകൊണ്ട് ആ സാഹസത്തിന് മുതിരുകയാണ്. ഡോ. സുവർണ്ണ നാലപ്പാട്ടിനെപ്പറ്റി എഴു തുമ്പോൾ വളരെയധികം ഓർമ്മയിൽ വരുന്നത് സുവർണ്ണയുടെ പഠനരീതികളാണ്. പഠിയ്ക്കു മ്പോൾ, അതെത്ര ഗൗരവസ്വഭാവമുള്ളതായാലും ഒരു ട്രാൻസിസ്റ്റർ കയ്യിൽ വച്ചുകൊണ്ടായിരിക്കും പഠനം. സിലോൺ റേഡിയോവിൽ നിന്ന് നിരന്തരമായി അക്കാലത്ത് പ്രക്ഷേപണം ചെയ്യുന്ന ടി.എം. സൗന്ദര രാജന്റേയും, പി. സുശീലയുടെയും പാട്ടുകളായിരുന്നു എപ്പോഴും കേട്ടുകൊണ്ടിരുന്നത്. ആൾക്കൂട്ടത്തിനിടയിൽ (അക്കാലത്ത് ഞങ്ങളുടെ വീട്ടിൽ വളരെ തിരക്കുള്ള അന്തരീക്ഷമായിരു ന്നു) ഇരുന്നുകൊണ്ട് എഴുതുകയും വായിക്കുകയും ചെയ്യുന്ന അപൂർവ്വ വ്യക്തിത്വമായിരുന്നു സുവർണ്ണയുടേത്. പിൽക്കാലത്ത് വേദഗ്രന്ഥങ്ങളും അദ്ധ്യാത്മിക പഠനങ്ങളും ഗഹനങ്ങളായ മറ്റു വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിൽ സുവർണ്ണ കാണിച്ച അനായാസപ്രവർത്തനങ്ങൾ ഒരു പക്ഷെ പ്രാരംഭദശയിൽത്തന്നെയുള്ള സ്വഭാവവിശേഷം കൊണ്ടാവാം രൂപപെട്ടത്. കോഴിക്കോട് മെഡിക്കൽകോളേജിലും അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും പാത്തോളജിസ്റ്റായി സ്തുത്യർഹ മായ സേവനം നടത്തിയിരുന്ന സുവർണ്ണ പിൽക്കാലത്ത് മ്യൂസിക് തെറാപ്പിയെക്കുറിച്ച് ആധികരി കഗ്രന്ഥങ്ങൾ രചിക്കയുണ്ടായി. പ്രമുഖതത്വചിന്തകനും വാഗ്മിയുമായ ഇന്ത്യയുടെ മുൻരാഷ്ട്രപ തി സർവ്വേപ്പള്ളി രാധാകൃഷ്ണനെപ്പോലെ സയൻസിനെ റിലിജിയനുമായി സമന്വയിപ്പിക്കുന്ന വ്യക്തിത്വമാണ് സുവർണ്ണയുടേത്. സപ്തതി ആഘോഷിക്കുന്ന സുവർണ്ണയ്ക്ക് എല്ലാ നന്മകളും നേരുന്നതോടൊപ്പം ആയുരാരോഗ്യങ്ങൾ നൽകവാൻ ശ്രീ ഗുരുവായൂരപ്പനോട് പ്രാർത്ഥിക്കുന്നു.

പശുമൈ നിറൈന്ത നിനവുകളേ

നാലപ്പാട്ട് സുധാ അരവിന്ദ്

സുവർണ്ണ എന്റെ രണ്ടു ജ്യേഷ്ഠത്തിമാരിൽ രണ്ടാമൂഴക്കാരി. സുവർണ്ണയെക്കുറിച്ചുള്ള ചില ഓർമ്മകൾ, ഞാനിവിടെ കുറിക്കുന്നു.

കുട്ടിക്കാലത്ത് ഞങ്ങൾ അഞ്ചുപേർക്കിടയിൽ വാശിക്കാരിയായിരുന്നു സുവർണ്ണ. ബുദ്ധി ജീവിയും ആയിരുന്നു. ചെറുപ്പത്തിൽ നാലപ്പാട്ട് അമ്മമ്മയോടൊപ്പം വളർന്നതുകൊണ്ടാവാം ഞങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു. സുവർണ്ണ. അമ്മയെപ്പോലെ ഞങ്ങളുടെയിടയിലെ തികഞ്ഞ സസ്യഭുക്കും. വാസന്തിയും സുവർണ്ണയും ഇരട്ടകളെപ്പോലെയായിരുന്നു കഴിഞ്ഞിരുന്നത്. വാസന്തിയുടെ കൂടെത്തന്നെയേ പഠിക്കുകയുള്ളൂ. എന്നു വാശി പിടിച്ച സുവർണ്ണയെ അച്ഛൻ, വാസന്തിയുടെ ക്ലാസിൽ ചേർത്ത കഥ എനിക്കറിയാം. കളിക്കുമ്പോഴും നടക്കുമ്പോളും ഉണ്ണുമ്പോളുമെല്ലാം ഏതെങ്കിലുമൊരു പുസ്തകം കയ്യിൽ പിടിച്ചായിരുന്നു നടന്നിരുന്നത്. വല്യമ്മ പറഞ്ഞുകൊടുത്ത ആൻഡേഴ്സന്റെ യക്ഷികഥകൾ നാലപ്പാട്ടുനിന്നു വന്നാൽ ഞങ്ങൾക്കും പറഞ്ഞുതരും. ആ കഥകളിൽ അരയന്നങ്ങളായി മാറിയ രാജകുമാരന്മാരുടെ കഥ എനിക്ക് ഓർമ്മയുണ്ട്.

തമിഴിനോട് സുവർണ്ണയ്ക്കുള്ളപോലെ ഒരു പ്രത്യേക ഇഷ്ടം എനിക്കും ഉണ്ടായിരുന്നു. കുട്ടേട്ടന്റെ സിനിമാ ടാക്കീസിൽ നിന്ന് പരാശക്തി, കണവനേ കൺകണ്ട ദൈവം, മിസ്സിയമ്മ, ഗുണസുന്ദരി, തങ്കമലൈരഹസ്യം എന്നിങ്ങനെയുള്ള തമിഴ് സിനിമകൾ കണ്ടിരുന്ന കാലം തൊട്ടുതന്നെ തമിഴിനോടുള്ള ആ അമിതമായ ഭ്രമം തുടങ്ങിയിട്ടുണ്ടാവാം. ശിവാജി ഗണേശൻ, ജെമിനി ഗണേശൻ, സാവിത്രി, സരോജാദേവി, പി. സുശീല, പി.ബി.ശ്രീനിവാസ്, സൗന്ദരരാജൻ എന്നിവരെക്കുറിച്ചെല്ലാം വാതോരാതെ ഞങ്ങൾ സംസാരിക്കാറുണ്ട്. അന്നും ഇന്നും. രസകരമായ ഒരു സംഭവം ഓർമ്മ വരുന്നു. ദിവസവും സിനിമക്ക് പോകുന്നത് അന്ന് ഞങ്ങളുടെ പതിവായിരുന്നു. കണവനേ കൺകണ്ടദൈവം എന്ന സിനിമയിൽ, സുന്ദരനായ ജെമിനിഗണേശൻ കൂനനും വിരൂപനുമായിത്തീരുന്ന ഒരു ഭാഗമുണ്ട്. ആ ഭാഗമെത്തിയാൽ എല്ലാ ദിവസവും അതുകാണാൻ വയ്യാതെ സുവർണ്ണ വീട്ടിലേക്ക് മടങ്ങും. ഇന്നും ആ സിനിമ മുഴുവനും സുവർണ്ണ കണ്ടിട്ടില്ലെന്നാണ് എന്റെ അറിവ്.

കോളേജിൽ പഠിക്കുമ്പോൾ, തമിഴ് ഭാഷ പഠിച്ച് ആനന്ദവികടൻ, കുമുദം, പേശുംപടം എന്നീ പുസ്തകങ്ങൾ വായിക്കാൻ തുടങ്ങിയ സുവർണ്ണയെ അനുകരിച്ച് ഞാനും തമിഴ് പഠിച്ചു. അച്ചുഏട്ടൻ ബോർണിയോവിൽ നിന്നുകൊണ്ടുവന്ന റേഡിയോയിലൂടെ ഇലങ്കൈവാനൊലിനിലയവും നീങ്കൾകേട്ടവൈയുമൊക്കെ ഞങ്ങൾക്ക് പ്രിയങ്കരങ്ങളായിരുന്നു. പിന്നീട്, അച്ഛൻ വാങ്ങിത്തന്ന ഫിലിപ്സ് ട്രാൻസിസ്റ്റർ, കൈയിൽ നിന്നു വെക്കാതെ സുവർണ്ണ കൊണ്ടുനടക്കാൻ തുടങ്ങി. അന്നത്തെ സിനിമാസ്റ്റൈലിൽ സാരി ഉടുത്ത്, മുടി രണ്ടുവശം പിന്നിയിട്ട് കാതിൽ വലിയ വളയങ്ങളും ഞാത്തുകളും തൂക്കി നടന്നിരുന്ന സുവർണ്ണ ഞങ്ങളുടെ ഇടയിലെ പരിഷ്കാരിയായിരുന്നു.

ചെറുപ്പത്തിൽത്തന്നെ എഴുതിത്തുടങ്ങിയ സുവർണ്ണ ഇന്ന് പേരും പ്രശസ്തിയും ആർജ്ജിച്ച് ഉയരങ്ങളിലെത്തി നില്ക്കുന്നതു കാണുമ്പോൾ ഈ അനിയത്തി അഭിമാനം കൊള്ളുന്നു. സപ്തതിയുടെ നിറവിലെത്തിയ എന്റെ ജ്യേഷ്ഠത്തിയ്ക്ക് എല്ലാവിധ ആശംസകളും ആയുരാരോഗ്യ സൗഖ്യവും നേർന്നുകൊള്ളുന്നു.

ബാല്യകാലസ്മരണകൾ

നാലപ്പാട്ട് വാസന്തി വേണുഗോപാൽ

സുവർണ്ണയെപ്പറ്റി പറയുമ്പോൾ, ഞങ്ങളുടെ ബാല്യകാലമാണ് ഓർമ്മയിൽ വരുന്നത്. ഞാനും സുവർണ്ണയും തമ്മിൽ ഒരു വയസ്സിന്റെ വ്യത്യാസമേയുള്ളുവെങ്കിലും എല്ലാവരും എന്നെ മൂത്തകുട്ടി എന്ന് സംബോധന ചെയ്യുമ്പോൾ, ചേച്ചി എന്ന നിലയിൽ എനിക്ക് ഒരു വലിയ കുട്ടിയാണെന്ന് തോന്നിയിരുന്നു. ഞങ്ങളുടെ കുട്ടിക്കാലം, അതായത് 8 വയസ്സുവരെ, സുവർണ്ണ അമ്മൂമ്മയുടെ ഓമനയായി നാലപ്പാട്ടുതറവാട്ടിലും എന്റെ ബാല്യം അച്ഛനോടും അമ്മയോടും ഒപ്പം അച്ഛന്റെ തറവാട്ടിലുമായിരുന്നു. 5 വയസ്സിനുശേഷമാണ് സുവർണ്ണ ഞങ്ങളോടൊപ്പം തറവാട്ടിലേക്ക് താമസമാക്കിയത്. ആദ്യമൊക്കെ അച്ഛന്റെ വീട്ടിലേക്ക് വരുമ്പോൾ പൂമുഖത്തും പടിഞ്ഞാറേഭാഗത്തും വാതിലിനുമുകളിലുള്ള പാലാഴിമഥനം, അനന്തശയനം എന്നീ കൊത്തുപണികൾ കണ്ട് സുവർണ്ണ പേടിച്ച് കരഞ്ഞ് അമ്മമ്മയുടെ വീട്ടിലേക്ക് തന്നെ മടങ്ങിപ്പോവുക പതിവായിരുന്നു. പിന്നീട് അതിനോട് പൊരുത്തപ്പെട്ടു. സുവർണ്ണ വന്നശേഷം ഞങ്ങളെ അക്ഷരാഭ്യാസം ചെയ്യിക്കാറൻ- പഠിപ്പിക്കാൻ- അച്ഛൻ ഒരു ടീച്ചറെ ഏർപ്പാടാക്കി. മേരിടീച്ചറായിരുന്നു. ഞങ്ങളുടെ ആദ്യത്തെ ഗുരു. ഞങ്ങൾക്ക് ടീച്ചറെ വലിയ ഇഷ്ടമായിരുന്നു. എങ്കിലും ട്യൂഷൻ ക്ലാസ്സിൽ സുവർണ്ണ ചെറിയ ചില കുസൃതികളൊപ്പിക്കാറുണ്ട്. ഒരു ദിവസം കോപ്പി എഴുതാത്തതിനോ മറ്റോ ടീച്ചർ തെച്ചിയുടെ ചെറിയ കമ്പെടുത്ത് എന്നെ ഒന്നടിച്ചു. സുവർണ്ണയ്ക്ക് എന്നെ അടിച്ചത് കണ്ട് സഹിച്ചില്ല. ഉടനെത്തന്നെ ആ കമ്പെടുത്ത് ടീച്ചറെ അടിക്കാൻ തുടങ്ങി. ഒടുവിൽ അമ്മ ഇടപെട്ട് ടീച്ചറെ അടിയിൽനിന്ന് രക്ഷപ്പെടുത്തി. സുവർണ്ണയുടെ ഇത്തരം കുസൃതികൾ ഞങ്ങൾക്കെല്ലാം ഒരു രസമായിരുന്നു. ടീച്ചറും അത് തമാശയായാണ് എടുത്തത്. എന്നോടുള്ള ഇഷ്ടമാണല്ലോ അതിനു കാരണം. പിന്നെ ഞങ്ങളെ രണ്ടുപേരേയും ഏലിയങ്ങാട് രാമരാജാ മെമ്മോറിയൽ സ്കൂളിൽചേർത്തു. സുവർണ്ണ ഒന്നാം ക്ലാസ്സിലും ഞാൻ രണ്ടാം ക്ലാസ്സിലും സ്കൂളിലേക്ക് രണ്ടുപേരും ഒരേപോലെയുള്ള കുപ്പായമാണ് ഇടാറ്. അതുപോലെത്തന്നെയാണ് അച്ഛൻ കൊണ്ടുവരിക. സ്കൂളിൽ ഒന്നും രണ്ടും ക്ലാസ്സുകൾ വളരെ അടുത്തായിരുന്നതിനാൽ, ഇടയ്ക്കിടെ വാസന്തിയുടെ ക്ലാസ്സിലിരിക്കണമെന്ന് പറഞ്ഞ് ശാഠ്യം പിടിച്ച് ഓടിവന്ന് സുവർണ്ണ എന്റെ അടുത്തിരിക്കുക പതിവായി. ടീച്ചർ പഠിച്ച പണിയൊക്കെ പയറ്റിയിട്ടും ഫലമുണ്ടായില്ല. ഒടുവിൽ രണ്ടു ക്ലാസിലേയും അദ്ധ്യാപകന്മാർ, ഗതിമുട്ടി രണ്ടാംക്ലാസ്സിലെ പുസ്തകത്തിൽനിന്ന് ചെറിയ ഒരു പരീക്ഷ നടത്തി. രണ്ടാം ക്ലാസിലിരുത്താമെന്ന് നിഗമനത്തിലെത്തി. ചോദ്യങ്ങൾക്കെല്ലാം ഞങ്ങളേക്കാൾ നന്നായി ഉത്തരം പറഞ്ഞിരുന്നുവെന്നാണ് ടീച്ചർ അഭിപ്രായം പറഞ്ഞത്. അങ്ങിനെ സുവർണ്ണയുടെ ആഗ്രഹം സഫലമായി. പിന്നീട് പത്താം ക്ലാസ്സുവരേയും ഞങ്ങൾ വിട്ടുപിരിയാതെ ഒരു ഞെട്ടിലെ രണ്ടു പൂക്കളെപ്പോലെ കഴിഞ്ഞു.

അഞ്ചാം ക്ലാസ്സിൽ ഞങ്ങൾ പഠിക്കുന്ന കാലത്താണെന്നു തോന്നുന്നു അമ്മമ്മയുടെ വിയോഗം ഉണ്ടായത്. അത് സുവർണ്ണയുടെ കൊച്ചുമനസ്സിൽ വലിയ ഒരാഘാതമാണ് ഉണ്ടാക്കിയത്. അമ്മമ്മയുടെ മരണത്തെപ്പറ്റി അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി ചിന്തക്കതീതമായ വിധത്തിൽ ഒരു വിലാപം എന്ന കവിത സുവർണ്ണ രചിക്കുകയുണ്ടായി. അതിലെ വരികൾ ഞാനോർക്കുന്നു.

നിന്നു ഞാനപരാധിപോലെയാചുടലയിൽ
സുന്ദരരൂപം വെന്തു വെണ്ണീറായൊരിട്ടിക്കിൽ

ബാല്യത്തിലെന്നെസ്നേഹാൽ ലാളിച്ചുവളർത്തിയ

നിർമ്മലഹൃദയവുമോർത്തു ഞാൻപരിതാപാൽ.

ഈ വരികൾ ഒരു കുഞ്ഞുമനസ്സിൽ നിന്ന് ഉരുത്തിരിഞ്ഞതാണോ എന്ന് വായനക്കാർക്ക് തോന്നാം. സുവർണ്ണ എഴുതിയ ചില കവിതകളെല്ലാം ചേർത്ത് താമരപ്പൂക്കൾ എന്ന പേരിൽ അച്ഛൻ ഒരു പുസ്തകം പ്രസിദ്ധീകരിപ്പിച്ചിരുന്നു. അന്നുതൊട്ടുതന്നെ കവിതകളെഴുതാൻ തുടങ്ങിയിരുന്നു. അമ്മമ്മയായിരുന്നു സുവർണ്ണയുടെ എല്ലാമെല്ലാം. ഞങ്ങൾ അവധിക്കാലത്ത് നാലപ്പാട്ടേക്കു പോകുമ്പോൾ ഞാനും മറ്റു സഹോദരങ്ങളും അമ്മമ്മയോട് അടുത്തിടപഴകുന്നത് സുവർണ്ണയിൽ, ചെറിയ കുട്ടികൾക്കുണ്ടാകുന്ന ഒരു ചെറിയ അസൂയ ഉണ്ടാക്കിയിരുന്നു. അതുമാത്രം. ആ പഴയ ബാല്യം ഇനി തിരിച്ചുവരില്ലല്ലോ എന്നോർത്ത് ദുഃഖിക്കുകയാണിപ്പോൾ ഇന്ന് സുവർണ്ണ ഒരു സ്ഥലത്ത് ഞാൻ മറ്റൊരു സ്ഥലത്തും ജീവിക്കുന്നു. എന്നാലും ആ ഓർമ്മകൾക്കൊന്നും മരണമില്ലല്ലോ.

സപ്തതി ആഘോഷിക്കുന്ന പ്രശ്സ്തിയുടെ ഉന്നതിയിലെത്തിനിൽക്കുന്ന എന്റെ അനിയത്തിക്ക് ആയിരമായിരം സ്നേഹപ്പൂക്കൾ അർപ്പിക്കുന്നു. ഇനിയും പ്രശസ്തിയിലേക്കുയരാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

പഞ്ചമവേദത്തിലൂടെ

ഡോ. വിനീത. വി. BAMS, MD (Ayu) PGDYTSM.

2014 ഡിസംബർ അവസാനത്തെ ആഴ്ച ഡോ. സുവർണ്ണ നാലപ്പാട്ട് എന്ന സുവർണ്ണമേധത്തെ നേരിൽകണ്ട ദിവസം ഇന്നും ഓർക്കുന്നു. പരസഹായം കൂടാതെ നടക്കാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. അന്ന്. തുടർന്നുള്ള കാലയളവിൽ സംസാരിക്കുവാനും അടുത്തറിയുവാനും കഴിഞ്ഞപ്പോഴാണ് ദർശനങ്ങളും ഉപനിഷത്തുക്കളും തന്ത്രശാസ്ത്രങ്ങളും ഒരുപോലെ കൈകാര്യം ചെയ്യുന്ന വിജ്ഞാനത്തിന്റെ ഒരു കലവറയാണ് എന്നു മനസ്സിലാക്കാൻ സാധിച്ചത്. സാംഖ്യദർശനത്തിന്റെ ഈശ്വരകൃഷ്ണവ്യാഖ്യാനമായ സാംഖ്യകാരികയുടെ വ്യാഖ്യാനത്തിന്റെ പ്രകാശനം നടത്തപ്പെടുന്ന ഈ അവസരത്തിൽ, മഹാഭാരതം ശാന്തിപർവ്വത്തിലെ മഹത്തായ വാചകം ഓർത്തുപോകുന്നു. നഹിസാംഖ്യസമം ജ്ഞാനം.

ആയുർവ്വേദശാസ്ത്രത്തിലെ ബൃഹദ്ത്രയികളിൽഒന്നായ സുശ്രുത സംഹിതയുടെ വ്യാഖ്യാനം ഇംഗ്ലീഷിൽ ഡോ. സുവർണ്ണ നാലപ്പാട്ട് ഓൺലൈൻപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പുസ്തകം ആയുർവ്വേദത്തിലെ മൗലീകസിദ്ധാന്തങ്ങളെ പറ്റിയുള്ള ഡോ. സുവർണ്ണ നാലപ്പാട്ടിന്റെ പാണ്ഡിത്യം ചൂണ്ടിക്കാട്ടുന്നു. വർഷങ്ങൾക്കുമുമ്പ് ഭർത്താവ് ഡോ. കെ. എ ഉദയഭാനുവിന്റെ ചികിത്സ നടപ്പാക്കിയ വൈദ്യമഠം ചെറിയ നാരായണൻനമ്പൂതിരിപ്പാടിന്റെ ചികിത്സാലാളിത്യവും നൈപുണ്യവും ആയുർവ്വേദചികിത്സയിലേക്കും അതിന്റെ അടിസ്ഥാനതത്വങ്ങളിലേക്കും ആകർഷിച്ചു. ശരീരത്തിന്റെ വിവിധഭാഗങ്ങളെ വേർതിരിച്ചുകാണുന്നതിനുപരി, ശരീരം, മനസ്സ്, ആത്മാവ് എന്നീ ഘടകങ്ങളെ ഒത്തൊരുമിപ്പിച്ചും അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചും ചികിത്സിക്കുന്ന ആയുർവ്വേദസിദ്ധാന്തത്തെ വളരെയധികം ഇഷ്ടപ്പെടുന്നു. ഇവിടെ സ്വസ്ഥനെപ്പറ്റിയുള്ള സുശ്രുതമതം ഓർക്കപ്പെടുന്നു.

സമദോഷ സമഅഗ്നിശ്ച സമധാതുമലക്രിയം

പ്രസന്ന ആത്മേന്ദ്രിയമനാഃ സ്വസ്ഥ ഇത്യഭിധീയതേ. (സു. 15.14)

വൈദ്യമഠം നീലകണ്ഠൻ നമ്പൂതിരിയുടേയും, ആയുർവ്വേദത്തിലെ യുവചികിത്സകനായ ഡോ. അജിത്തിന്റേയും അലോപ്പതി ചികിത്സകനായ ഡോ. നിതിന്റേയും ചികിത്സകൾ ഏകോപിപ്പിച്ച്, തന്റെ ശാരീരികവൈഷമ്യതകളിൽ നിന്നും സ്വാസ്ഥ്യം വീണ്ടെടുത്തിരിക്കുന്ന ഡോ. സുവർണ്ണ തന്റെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി ഉണർവ്വും ഉത്തേജനവും ആർജ്ജിക്കുവാൻ ശ്രീ ഗുരുവായൂരപ്പനോട് പ്രാർത്ഥിക്കുന്നതോടൊപ്പം, ഈ അറിവിന്റെ ഭണ്ഡാരത്തിന് ഇനിയും വളരെക്കാലം വിജ്ഞാനപ്രഭചൊരിയുവാനുള്ള ആയുരാരോഗ്യങ്ങളും ഐശ്വര്യവും ഉണ്ടാകട്ടെ എന്നും ആശംസിക്കുന്നു.

ഉണ്മയെ അന്വേഷിക്കുന്നവരുടെ തീർത്ഥാടനക്ഷേത്രം

ഡോ. ടി. പി. മെഹറൂഫ്‌രാജ്

സ്വന്തം മേഖല സംഗീതരംഗമാകുകയും അതിനുമുപരി ചികിത്സാമേഖലയിൽ അതിന്റെ സ്വാധീനവും പ്രസക്തിയും സമൂഹമദ്ധ്യേ പ്രചരിപ്പിയ്ക്കേണ്ട ബാദ്ധ്യത നിയോഗം പോലെ വന്നു ചേരുകയും ചെയ്തത് കൊണ്ടാകാം, വീണ്ടും സുവർണ്ണാമാഡത്തിന്റെ സവിധത്തിലെത്താനും, ആസാന്നിദ്ധ്യം നൽകുന്ന സമ്പുഷ്ടത അനുഭവിയ്ക്കാനും ഇടവന്നത്. ദൈവാനുഗ്രഹം തന്നെ,

ആദ്യമായി മാഡത്തിനെകാണുന്നത് എഴുപതുകളുടെ മദ്ധ്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ പാത്തോളജി ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപിക എന്ന നിലക്ക് അവരുടെ ശിഷ്യനായിരുന്നപ്പോഴാണ്. അധികമാരോടും സംസാരിയ്ക്കാത്ത പ്രകൃതം. വിശ്വപ്രസിദ്ധമായ ആകുടുംബപശ്ചാത്തലം സുവിദിതമായിരുന്നെങ്കിലും അല്പം ആദരവോടെ അകന്നുനില്ക്കാനായിരുന്നു തോന്നിയിരുന്നത്. ഒരു പക്ഷേ പിൽക്കാലത്ത് എത്തിച്ചേർന്ന ധൈഷണികൌന്നത്യത്തിന്നവരെ പ്രാപ്തയാക്കിയ ഇന്ധനങ്ങൾ ശേഖരിക്കുന്നതിൽ വ്യാപൃതയായിരുന്നിരിയ്ക്കാം അവർ.

റിട്ടയർമെന്റിനു ശേഷം കുറേക്കാലം അമൃതാഇൻസ്റ്റിറ്റ്യൂട്ടിൽ സേവനമനുഷ്ഠിച്ചിരുന്നതായും അന്നവിടെ സംഗീതചികിത്സാസംബന്ധിയായ ചില ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തിയതായും അറിഞ്ഞിരുന്നു. ജീവിതയാത്രയിലെ ഏതുഘട്ടത്തിലാണവർ മ്യൂസിക് തെറാപ്പിയെന്ന മേഖലയാണ് തന്റേതെന്ന് തിരിച്ചറിഞ്ഞതും അവിടെ നിലയുറപ്പിയ്ക്കാൻ തീരുമാനിച്ചതും എന്നറിയില്ല. സംഗീത ചികിത്സാസംബന്ധിയായി ഇന്ന് പ്രചാരത്തിലുള്ള ഏറ്റവും ആധികാരികമായ ഗ്രന്ഥങ്ങൾ ഡോ. സുവർണ്ണ നാലപ്പാട്ടിന്റേതാണ്. അന്നൊരിയ്ക്കൽ തൃശ്ശൂരിലെ ഫ്ളാറ്റിൽ പോയിക്കാണുകയും കോഴിക്കോട്ടെ Music Therapy സംബന്ധമായ ഒരു പ്രൗഢചടങ്ങിലേക്ക് ക്ഷണിക്കുകയും, അതാ സാന്നിദ്ധ്യം കൊണ്ട് അലംകൃതമാക്കുകയും ചെയ്തു അവർ. ശേഷം മാഡത്തിന്റെ പല ഈ ദൃശസംരംഭങ്ങളിലും ക്ഷണിയ്ക്കപ്പെടുകയും പങ്കാളിയാകാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമാ ആസ്ഥാനമായി തുടങ്ങിയ Music Therapy യുടെ ഉപദേശക സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതും മാഡത്തിന്റെ നിഷ്ക്കർഷയുടെ ഭാഗമായിരുന്നു. വളരെ നൂതനവും കാലികപ്രസക്തിയുള്ളതുമായ പ്രസ്തുത കോഴ്സിന്റെ റിസർച്ച് സ്റ്റഡികൾ കോഴിക്കോട് മെഡിക്കൽ കോളേജിലെ കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിൽ വെച്ച് നടത്തുന്നതിൽ നേതൃത്വം നൽകാനും, ആദ്യ ബാച്ചിന്റെ പരീക്ഷയിൽ ഒരു എക്സാമിനർ ആകാനും സാധിച്ചു.

അറിവിന്റേയും അവബോധത്തിന്റേയും ഒരു ശേഖരം, തന്റെ കർമ്മമേഖലയേതെന്ന ദൃഢബോധം, അതിൽ ഋഷിതുല്യമായ സമർപ്പണം- ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ഇതാണ് ഡോ. സുവർണ്ണ നാലപ്പാട്ട് സംസ്കൃതവും, സാഹിത്യവും, സംഗീതവും, ഗണിതശാസ്ത്രവും, ജ്യോതിഷവും ഒക്കെ വഴങ്ങുന്ന സ്വരൂപം.

സംഗീതവും ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട് ഇടയ്ക്കിടെയുണ്ടാകുന്ന ചടങ്ങുകൾ ഒഴിച്ചാൽ പുറം ലോകവുമായി വലിയ ബന്ധങ്ങളില്ലാത്തതാണ് അടുത്തകാലത്തായി ആജീവി

തം. പൊതു ഇടങ്ങളിലും നിത്യജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിലും കൂടുതലും സൃഷ്ടിക്കപ്പെടുന്നത് വിഹ്വലതകളും, വികർഷണങ്ങളും ആണെന്നിരിയ്ക്കെ അവയൊന്നും തന്റെ ആന്തരികശ്രുതിയെ പ്രതികൂലമായി ബാധിയ്ക്കാതിരിയ്ക്കാനും കൂടിയായിരിയ്ക്കാം ഈ താപസ നിലപാട്

അകം പൊരുളിലെ താളലയവും അതേകുന്ന ഹാർമണിയും കൊണ്ടാകാം വദനം എപ്പോഴും പ്രസാദാത്മകവും നയനങ്ങൾ കരുന്നാർദ്രവും, വചനങ്ങൾ മധുരതരവും, പരിസരം വിശുദ്ധവും ആകുന്നത്. ഋഷിപ്രോക്തമായ ജീവിതം കൊണ്ടാകാം ഏകാന്ത വാസത്തിലും ഉള്ളുണർന്നിരിക്കുന്നതും മനം കർമ്മനിരതമായിരിക്കുന്നതും

അത്യുന്നതങ്ങളിലെ ബൗദ്ധിക, വൈജ്ഞാനിക വൈകാരിക വിഹാരങ്ങൾകൊണ്ടാകാം, അവരുമായി ചിന്താതരംഗ ചേർച്ച ക്ഷിപ്രസാദ്ധ്യമല്ല പലർക്കും. അതിഭൗതിക വ്യവഹാരങ്ങളിൽ ഒട്ടൊരു താല്പര്യക്കുറവാണുതാനും

പരസ്പര വിശ്വാസവും സ്നേഹവും കരുണയും വാത്സല്യവുമൊക്കെ വറ്റിക്കൊണ്ടിരിയ്ക്കുന്ന സമൂഹത്തിൽ ഇത്തരം പ്രകാശനാളങ്ങളുടെ കാലിക പ്രസക്തി അപരിമേയമാണ്. ഉണ്മയെ അന്വേഷിക്കുന്ന ഏതു മനസ്സിനും തീർത്ഥാടനം നടത്താവുന്ന ഒരു ക്ഷേത്രം, ഏതു ആത്മാവിനേയും വിമലീകരിയ്ക്കുന്ന ഒരു തെളിനീരരുവി.

സപ്തതിയുടെ വേളയിൽ ആയുരാരോഗ്യസൗഖ്യങ്ങൾ നേർന്നുകൊണ്ട് എളിയ ശിഷ്യന്റെ ആശംസകൾ.